നം.കെ.എസ്.എ.-കെ.ടി.എം.പി.16/1746/2017 തീയതി : 27.11.2017

# കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,*
*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ജില്ലാ പഞ്ചായത്ത് 01.02.2017 മുതൽ 30.09.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 41 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.11.2017-ൽ നടന്ന ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും ലഭ്യമായ മറുപടികൾ പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുരേഷ് രാജു ഡി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.10.2017 മുതൽ 22.11.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| ബാച്ച് ലീഡർ | ശ്രീ.സാബു സി. ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ബാച്ച്-1:ജില്ലാ പഞ്ചായത്തിന്റെ ദൈനംദിന സാമ്പത്തിക ഇടപാടുകളുടെ പരിശോധനയും കണ്ടിജന്റ് ചെലവുകളുടെ പരിശോധനയും (23.10.2017 മുതൽ 04.11.2017 വരെ) | ശ്രീ.എം.എൻ. രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി രേഖ ആർ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സുധ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| | ശ്രീ.ഷാജിമോൻ പി. ബി. | ഓഡിറ്റർ |
| ബാച്ച്-2:ധനകാര്യ പത്രികയുടെ പരിശോധന, ഓഡിറ്റ് റിപ്പോർട്ട് ക്രോഡീകരണം, ജില്ലാ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്റ്റ് ഓഡിറ്റ് (06.11.2017 മുതൽ 08.11.2017 വരെയും 16.11.2017ഉം) | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ശിവരാജ് പി. | ഓഡിറ്റർ |
| ബാച്ച്-3: ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഓഡിറ്റ്-സ്ഥല പരിശോധന ഉൾപ്പെടെ (26.10.2017 മുതൽ 22.11.2017 വരെ) | ശ്രീ.നടരാജൻ പി.ബി. (01.11.17 മുതൽ) | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജി പി.ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.യോഗേഷ് ആർ. (16.11.17 മുതൽ) | ഓഡിറ്റർ |
| ബാച്ച്-4 :അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റും സൈറ്റ് പരിശോധനയും (06.11.2017 മുതൽ 13.11.2017 വരെ) | ശ്രീ.എം.എൻ. രാധാകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.രതീഷ് സി.ആർ. (08.11.17മാത്രം) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി.നായർ (10.11.17 – 13.11.17) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി. | അസിസ്റ്റന്റ് ഓഡിറ്റ് |

| | | |
|---|---|---|
| | | ഓഫീസർ |
| | ശ്രീ.യോഗേഷ് ആർ. (08.11.17മാത്രം) | ഓഡിറ്റർ |
| ബാച്ച്-5:ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റ്(30.10.2017മുതൽ 31.10.2017 വരെ). | ശ്രീ.സാബു സി. ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ശ്രീലത ആർ.ബി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ബാച്ച്-6:ഡെപ്യൂട്ടി ഡയറക്ടർ-മൃഗസംരക്ഷണം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെഓഡിറ്റ്(30.10.2017). | ശ്രീമതി അനിതാകുമാരി കെ.എ. | ഓഡിറ്റ് ഓഫീസർ |
| ബാച്ച്-7:പ്രോജക്ട് ഓഫീസർ-ഐ.റ്റി.ഡി.പി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെഓഡിറ്റ്(02.11.2017). | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ബാച്ച്-8:ഡെപ്യൂട്ടി ഡയറക്ടർ-പൊതുവിദ്യാഭ്യാസം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെഓഡിറ്റ്(03.11.2017-04.11.2017). | ശ്രീ.സാബു സി. ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി അമ്പിളി എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ബാച്ച്-9:പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റ്(27.10.2017). | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ബാച്ച്-10:ജില്ല സാമൂഹ്യക്ഷേമ ഓഫീസർ(ഹ.ഗ്രേ.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റ്(30.10.2017). | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ബാച്ച്-11:പ്രോജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഓഡിറ്റ് (30.10.2017). | ശ്രീ.സാബു സി. ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ബാച്ച്-12: കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ സാമ്പത്തിക ഇടപാടുകളുടെ പരിശോധന. സ്ഥാപന മേധാവികൾ നിർവ്വഹണ ഉദ്യോഗസ്ഥരായ പ്രോജക്ട് ഓഡിറ്റ് (15.11.2017 മുതൽ 17.11.2017 വരെ). | ശ്രീ.സാബു സി. ജോർജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.രതീഷ് സി.ആർ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| ബാച്ച്-13: 01.02.2017 മുതൽ 30.03.2017 വരെ വിവിധ ഇനങ്ങളിലുള്ള പണം പിരിവും, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകളുടെ പരിശോധന (24.10.17 – 02.11.2017) | ശ്രീ.ലൂക്കോസ് കുര്യൻ | ഓഡിറ്റർ (ഹ.ഗ്രേ) |
| | ശ്രീ.ബാബുരാജ് കെ.ബി. (30.10.17 മുതൽ 02.11.2017 വരെ) | ഓഡിറ്റർ (ഹ.ഗ്രേ) |
| ബാച്ച്-14: ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളുടെ പരിശോധന (07.11.17 മുതൽ 09.11.17 വരെ) | ശ്രീമതി ലേഖ വി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുധാ ജേക്കബ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോഷി ഫിലിപ്പ് | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.അശോക് ടി.എസ്., ഫിനാൻസ് ഓഫീസർ (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 01.04.2016 മുതൽ 22.06.2016 FN വരെ |
| | ശ്രീ.സജ്ജുമോൻ ആന്റണി, ഫിനാൻസ് ഓഫീസർ (സെക്രട്ടറിഇൻ-ചാർജ്ജ്) | 22.06.2016AN മുതൽ 02.11.2016 വരെ |
| | ശ്രീ.ടി.ജെ.വർക്കി | 02.11.2016 മുതൽ 31.03.2017 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര്, വകുപ്പ് | പേര് | കാലയളവ് |
|---|---|---|
| പ്രോജക്ട് ഓഫീസർ-ഇന്റഗ്രേറ്റഡ് ട്രൈബൽ ഡവലപ്മെന്റ് പ്രോജക്ട്(ITDP) | ശ്രീ.സി.യു.ജോൺ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണം | ഡോ.മഞ്ജു സെബാസ്റ്റ്യൻ | 01.04.2016 മുതൽ 23.09.2016 വരെ |
| | ഡോ.ദിലീപ് കെ. എം. | 24.09.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൃഷി | ശ്രീ.അബ്ദുൾ വഹാബ് | 01.04.2016 മുതൽ 05.03.2017 വരെ |
| | ശ്രീ.പി.എൽ. ലാൽ | 06.03.2017 മുതൽ 13.03.2017 വരെ |
| | ശ്രീ.മുഹമ്മദ് ഷെരീഫ് | 14.03.2017 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ,<br>പൊതുവിദ്യാഭ്യാസം | ശ്രീ.സി.എ.സന്തോഷ് | 01.04.2016 മുതൽ<br>04.10.2016 വരെ |
| | ശ്രീമതി കെ.സുധ | 05.10.2016 മുതൽ<br>31.03.2017 വരെ |
| ജില്ല പട്ടികജാതി വികസന ഓഫീസർ | ശ്രീ.കെ.ബി.ലാലാജി | 01.04.2016 മുതൽ 31.03.2017 വരെ |
| ഡെപ്യൂട്ടി ഡയറക്ടർ,ക്ഷീരവികസനം | ശ്രീ.ടോം സി.ആന്റണി | 01.04.2016 മുതൽ 05.07.2016 വരെ |
| | ശ്രീമതി അനികുമാരി | 05.07.2016 മുതൽ 31.03.2017 വരെ |
| ജില്ല സാമൂഹ്യനീതി ഓഫീസർ | ശ്രീമതി ശിവന്യ എസ്.<br>എൻ. | 01.04.2016 മുതൽ 31.03.2017 വരെ |
| ജില്ല മെഡിക്കൽ ഓഫീസർ<br>ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ(ISM) | ഡോ.രതി ബി. ഉണ്ണിത്താൻ | 01.04.2016 മുതൽ 31.03.2017 വരെ |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ-LSGD | ശ്രീമതി സി.കെ.ജിജി | 01.04.2016 മുതൽ 31.03.2017 വരെ |
| പ്രോജക്റ്റ് ഡയറക്ടർ – ജില്ലാ ദാരിദ്ര്യ<br>ലഘൂകരണ വിഭാഗം(DPAU) | ശ്രീ.ജെ.ബെന്നി | 01.04.2016 മുതൽ 31.03.2017 വരെ |
| ഫാം സൂപ്രണ്ട്, ജില്ല കൃഷിത്തോട്ടം-കോഴ | ശ്രീമതി സാലി ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ,<br>സ്റ്റേറ്റ് സീഡ് ഫാം-വാലാച്ചിറ | ശ്രീമതി സിസി കുര്യൻ | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ,<br>സ്റ്റേറ്റ് സീഡ് ഫാം-കോഴ | ശ്രീമതി ആഷാ വർഗ്ഗീസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി-അലോപ്പതി | ഡോ.ബിന്ദുകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി-ആയുർവേദം | ഡോ.ഷീബ എ.എം. | 01.04.2016 മുതൽ 31.03.2017 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി-ഹോമിയോ | ഡോ.ജോഷി തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ,<br>റീജിയണൽ പോൾട്രി ഫാം-മണർകാട് | ഡോ.മായാ ജെയിംസ് | 01.04.2016 മുതൽ 31.03.2017 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
| --- | --- |
| ഭാഗം **1** -- പൊതു അവലോകനം | |
| 1-1 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| 1-2 | ബജറ്റ് – വിശകലനം |
| 1-3 | വാർഷിക ധനകാര്യപത്രിക |
| 1-4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-5 | സാമ്പത്തിക വിശകലനം |
| 1-6 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-7 | തനത് വരുമാനം |
| 1-8 | വാർഷികപദ്ധതി അവലോകനം |
| 1-9 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം **2** -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2 | ദൈനംദിന വിറ്റ് വരവ് - അടവാക്കുന്നതിൽ കാലതാമസം |
| 2-3 | റദ്ദു ചെയ്യാത്ത രസീത് - തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ് |
| 2-4 | പദ്ധതിപ്പണം വാണിജ്യ ബാങ്കിൽ – ക്രമവിരുദ്ധം |
| 2-5-1 | ഇ-ടെൻഡർ- ടെൻഡർ ഫീ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തനത് ഫണ്ടിലേക്ക് മാറ്റി നൽകുന്നില്ല |
| 2-5-2 | ടെണ്ടർ ഫോറത്തിന്റെ വില ജില്ലാ പഞ്ചായത്തിൽ അടവാക്കിയില്ല |
| ഭാഗം **3** -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുൾപ്പെടാത്ത ചെലവുകൾ |
| 3-2 | 'അംഗപരിമിതർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ' --നടത്തിപ്പിലെ അപാകത |
| 3-3 | തെരുവുനായ നിയന്ത്രണം - വ്യക്തമായ കർമ്മപരിപാടി തയ്യാറാക്കിയിട്ടില്ല |
| 3-4 | പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്ട് നടപ്പിലാക്കി |
| 3-5-1 | ഏബിൾ കോട്ടയം പദ്ധതി-വ്യത്യസ്ത പ്രോജക്ടുകൾ സമഗ്രപദ്ധതിയായി നടപ്പിലാക്കിയത്- വേണ്ടത്ര ഏകോപനം സാധ്യമായില്ല-ഹയർസെക്കണ്ടറി തലം അവഗണിക്കപ്പെട്ടു |

| | |
|---|---|
| 3-5-2 | കോട്ടയം ജില്ലയിലെ വിവിധ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂളുകളിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിക്കൽ - പ്രോജക്ട് നാളിതു വരെ ആരംഭിച്ചിട്ടില്ല |
| 3-5-3 | തോട്ടയ്ക്കാട് ഗവ.ഹൈസ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ - നിർവഹണത്തിലെ അപാകത |
| 3-6 | ഔഷധിയിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല 30,20,318/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല—ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8-1 | കുറിച്ചി പറയനടി പാടശേഖരം-അടിസ്ഥാന സൗകര്യങ്ങളില്ല |
| 3-8-2 | വിവിധ പാടശേഖരസമിതികൾക്ക് പെട്ടി, പറ, മോട്ടോർ-കരാറിലേർപ്പെട്ടില്ല |
| 3-8-3 | മൂലേക്കരി പാടശേഖരത്തിന് ലൈൻവലിക്കലും ട്രാൻസ്ഫോമർ സ്ഥാപിക്കലും-പ്രോജക്ട് ആരംഭിച്ചിട്ടില്ല |
| 3-8-4 | കരാറുകാരന് എസ്റ്റിമേറ്റ് തുകയിലും അധികമായി തുക നൽകിയത് |
| 3-9-1 | ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഹയർ സെക്കന്ററി സ്കൂളുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ |
| 3-9-2 | പുതുപ്പള്ളി വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ അറ്റകുറ്റപ്പണികൾ- അപാകതകൾ |
| 3-9-3 | വെച്ചൂർ ദേവീ വിലാസം ഗവ.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ-പ്രവൃത്തി ഗുണനിലവാരം പുലർത്തിയില്ല, ജില്ലാ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം |
| 3-9-4 | തൃക്കൊടിത്താനം ഗവ.ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം-അപാകതകൾ |
| 3-9-5 | കപ്പാട് ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ |
| 3-9-6 | വിഴിക്കത്തോട് ആർ.വി. ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ |
| 3-10-1 | ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത കുടിവെള്ള പദ്ധതികളുടെ അവലോകനം |
| 3-10-2 | കിടങ്ങൂർ പഞ്ചായത്തിലെ പെരിങ്ങോട്ടി കുടിവെള്ള പദ്ധതി |
| 3-10-3 | കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ എറികാട് കുടിവെള്ളപദ്ധതി |
| 3-10-4 | പൂർത്തിയാക്കാത്ത കുടിവെള്ളപദ്ധതിക്ക് ഒന്നിലേറെ ടാങ്കുകൾ നിർമ്മിച്ചിരിക്കുന്നു |
| 3-10-5 | കാവുംകണ്ടം–കാട്ടാമല കുടിവെള്ള പദ്ധതി – അപാകതകൾ |
| 3-10-6 | പൈങ്ങണ-മുണ്ടമറ്റം കുടിവെള്ള പദ്ധതി - അപാകതകൾ |
| 3-10-7 | മുണ്ടക്കയം വേങ്ങക്കുന്ന് കുടിവെള്ള പദ്ധതി – അപാകത |
| 3-10-8 | എരുമേലി പഞ്ചായത്തിലെ പാക്കാനം കുടിവെള്ള പദ്ധതി |
| 3-11-1 | കൺവീനർക്ക് അധിക തുക നൽകി |
| 3-11-2 | ഗുണഭോക്തൃസമിതി പ്രവർത്തികൾ- അധിക നികുതി |
| 3-11-3 | പായിപ്പാട് ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണി-67131/- രൂപ കൺവീനർക്ക് അധികം നല്കി |

| | |
|---|---|
| 3-11-4 | വാഴൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ കളിസ്ഥലം നിർമ്മാണം |
| 3-12-1 | റോഡ് റീ ടാറിങ്ങ് -ടാക്ക് കോട്ടിന് അധിക നിരക്ക് നൽകി |
| 3-12-2 | എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി-അധിക നിരക്ക് നൽകി |
| 3-12-3 | റോഡ് ടാറിംഗ് പ്രവൃത്തികൾ--ബാരൽ വില ഈടാക്കിയില്ല |
| 3-13 | സേവനനികുതി കേന്ദ്രസർക്കാരിലേക്ക് അടവാക്കിയിട്ടില്ല |
| 3-14 | മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-15 | കടുത്തുരുത്തി- മാന്നാർ മാന്താംകുന്ന് പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്ര നിർമ്മാണം- അപാകതകൾ |
| 3-16 | പദ്ധതി ആസൂത്രണത്തിലെ അപാകത |
| 3-17 | പാമ്പാടി ഡിവിഷനിൽ കാർഷിക വിപണനകേന്ദ്ര നിർമ്മാണം- അപാകതകൾ |
| 3-18 | കുമാരിക്ഷേമകേന്ദ്രം നിർമ്മാണം - നിലവിലുണ്ടായിരുന്ന അങ്കണവാടി കെട്ടിടം പൊളിച്ചു മാറ്റിയതിന്റെ വിവരങ്ങളില്ല |
| 3-19 | മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നീന്തൽ കുളം പൂർത്തീകരണം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 3-20 | മിനിപാർക്ക് നിർമ്മാണം -പൊതുപണത്തിന്റെ പാഴ്ചെലവ് |
| 3-21 | സ്വകാര്യ ഭൂമിക്ക് പൊതുപണമുപയോഗിച്ച് സംരക്ഷണഭിത്തി |
| 3-22 | കെട്ടിടം നവീകരണം-പൊളിച്ചെടുത്ത സാമഗ്രികൾ ലേലം ചെയ്തില്ല |
| 3-23 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-24 | മാതൃകാപദ്ധതി-കീമോതെറാപ്പി യൂണിറ്റ് - പാലിയേറ്റീവ് പരിചരണമേഖലയിലെ മാതൃകാപദ്ധതി |
| 3-25 | വാറ്റ് കോമ്പൗണ്ടിംഗ് - സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 3-26 | കരാർ ചമയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല |
| ഭാഗം **4 --** പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

| | |
|---|---|
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ജില്ലാ പഞ്ചായത്ത് അതിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്വങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ലഭ്യമായോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ലഭിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

ജില്ലാ പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽപ്പറഞ്ഞ ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുകയെന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം. ഓഡിറ്റ് ലക്ഷ്യങ്ങളുടെ പരിശോധനാഫലങ്ങൾ വരവുചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങളായി ചുവടെ ചേർത്ത് അപാകതകളുടെ കാരണം, പരിഹാരനിർദേശം, സ്ഥിതിമെച്ചപ്പെടുത്താനുള്ള ശുപാർശ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-2 ബജറ്റ് - വിശകലനം

ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 25.02.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുചെലവു വിവരങ്ങളും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 258,069,858/- | 100,558,709/- | - | 157,511,149/- | (-)61.03 |
| വരവ് | 4,681,579,875/- | 421,325,758/- | - | 4,260,254,117/- | (-)91.00 |
| ആകെ | 4,939,649,733/- | 521,884,467/- | - | 4,417,765,266/- | (-)89.43 |
| ചെലവ് | 4,722,098,740/- | 402,919,024/- | - | 4,319,179,716/- | (-)91.47 |
| നീക്കിയിരിപ്പ് | 217,550,993/- | 118,965,443/- | - | 98,585,550/- | (-)45.30 |

ബജറ്റിൽ പ്രതീക്ഷിത വരവും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം ഏകദേശം 90 ശതമാനത്തോളമെന്ന് മേൽ പട്ടികയിലെ വിശകലനത്തിൽ ബോധ്യമാകുന്നു. പ്രതീക്ഷിത വരവുചെലവു തുകകൾ യഥാർത്ഥത്തിലുള്ള തുകയുടെ 15 ഇരട്ടിയിലധികം കൂടുതലായി കണക്കാക്കിയതിൽ നിന്നും മുൻവർഷ

കണക്കുകളെ ആധാരമാക്കിയല്ല ബജറ്റ് തയ്യാക്കുന്നതെന്നത് വ്യക്തമാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്214 പ്രകാരം നിർദ്ദേശിക്കപ്പെട്ട എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ കൂടി ആധാരമാക്കേണ്ടതുമാണ്.

## 1-3 വാർഷിക ധനകാര്യ പത്രിക

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1) വകുപ്പ് പ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2017 ആയിരുന്നു. 2016-17 ധനകാര്യ പത്രിക സമയപരിധിക്കുള്ളിൽ തന്നെ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.07.2017 ലെ എ1-2434/16 നം. കത്ത് പ്രകാരം 17.07.2017 തീയതിയിൽ തപാലിലും ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

2016-17 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും ഖണ്ഡിക 2-1 ൽ നൽകിയിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം ഒന്നായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 സാമ്പത്തിക വിശകലനം

2016-17 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 100,558,709/- |
| വരവ് | 421,325,758/- |
| ആകെ | 521,884,467/- |
| ചെലവ് | 402,919,024/- |
| നീക്കിയിരിപ്പ് | 118,965,443/- |

## 1-6 ഫണ്ട് വിനിയോഗം - വിശകലനം

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തിലെ വിവിധയിനം ഫണ്ടുകളുടെ സംസ്ഥാന ബജറ്റിലെ അലോട്ട്മെന്റ്, കൺസോളിഡേറ്റഡ് ഫണ്ടിൽ ലഭ്യമായ അലോട്ട്മെന്റ്, വിവിധ ഫണ്ടുകളുടെ പഞ്ചായത്ത് അക്കൗണ്ടിലൂടെയുള്ള വിനിയോഗം, വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെപ്പോയ തുക (അലോട്ട്മെന്റ് നീക്കിയിരിപ്പ്) എന്നിവയുടെ വിശദാംശം താഴെ ചേർക്കുന്നു. കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്. ധനകാര്യ പത്രിക പ്രകാരമുള്ള ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | 2016-17 ൽ അലോട്ട് ചെയ്ത തുക | ചെലവ് തുക | ചെലവ് ശതമാനം(%) | അലോട്ട്മെന്റ് നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 226,397,703/- | 214,354,625/- | 94.68 | 12,043,078/- |
| വികസനഫണ്ട് – എസ്.സി.പി. | 0 | 90,233,292/- | 75,077,785/- | 83.20 | 15,155,507/- |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 17,190,501/- | 7,035,886/- | 40.93 | 10,154,615/- |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 75,436,821/- | 31,223,562/- | 41.39 | 44,213,259/- |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 63,147,594/- | 29,422,910/- | 46.59 | 33,724,684/- |

വികസനഫണ്ട്-പൊതുവിഭാഗം, സംരക്ഷണഗ്രാന്റ് – നോൺറോഡ് എന്നീ ഗ്രാന്റുകളുടെ ചെലവ് തുക ധനകാര്യ പത്രിക(AFS) പ്രകാരമുള്ള കണക്കുകളും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) പ്രകാരമുള്ള കണക്കുകളും തമ്മിൽ വ്യത്യാസം ഉള്ളതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | AFS പ്രകാരം ചെലവ് | ACR പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 214,354,625/- | 214,832,920/- | 478,295/- |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 29,422,910/- | 30,922,551/- | 1,499,641/- |

മേൽപറഞ്ഞ പ്രകാരം ഫണ്ട് വിനിയോഗ കണക്കുകളിലെ വ്യത്യാസം ക്രമീകരിച്ച് ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിലെ കണക്കുകളുടെ പൊരുത്തക്കേട് പരിഹരിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

2016-17 വാർഷിക കണക്കുകൾ പ്രകാരം തൻവർഷ വരുമാനവും മുൻവർഷ വരുമാനവും തമ്മിലുള്ള വ്യത്യാസത്തിന്റെ വിശകലനം താഴെ ചേർക്കുന്നു.

| ഇനം | മുൻവർഷം(2015-16) | തൻവർഷം(2016-17) | വ്യത്യാസം(+)/(-) | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 17,325,061/- | 17,295,862/- | (-)29,199/- | (-)0.17 |
| മറ്റുവരവുകൾ | 348,392/- | 168,800/- | (-)179,592/- | (-)51.55 |
| ആകെ | 17,673,453/- | 17,464,662/- | (-)208,791/- | (-)1.18 |

മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷം തനത് വരുമാനത്തിൽ 1.18% കുറവുണ്ടായതായി കാണുന്നു. 2016-17 റിസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള ഷെഡ്യൂൾ RP-3,RP-4,RP-5,RP-6 എന്നീ വരവിനങ്ങളാണ് നികുതിയേതര വരവുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. RP-9,RP-10 ഷെഡ്യൂളുകളിലെ തുകയാണ് മറ്റുവരവുകളായി കണക്കാക്കിയിരിക്കുന്നത്.

## 1-8 വർഷികപദ്ധതി അവലോകനം

2016-17 വർഷം വിവിധ നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്റ്റുകളുടെ വിവരം, ലഭ്യമായ ഫണ്ടുകളുടെ വിനിയോഗവിവരം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി-ജില്ലാ പഞ്ചായത്ത് | 36 | 27 | 85,964,258/- | 61,875,315/- | 71.98 |
| പ്രോജക്ട് ഓഫീസർ- ITDP | 6 | 5 | 1,812,500/- | 717,500/- | 39.59 |
| ഡെപ്യൂട്ടി ഡയറക്ടർ,മൃഗസംരക്ഷണം | 4 | 2 | 13,195,000/- | 952,180/- | 7.22 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി | 47 | 25 | 33,636,122/- | 11,335,812/- | 33.70 |
| ഡെപ്യൂട്ടി ഡയറക്ടർ,പൊതുവിദ്യാഭ്യാസം | 11 | 6 | 29,069,350/- | 20,962,807/- | 72.11 |
| ജില്ല പട്ടികജാതി വികസന ഓഫീസർ | 2 | 2 | 1,300,000/- | 1,008,611/- | 77.59 |
| ഡെപ്യൂട്ടി ഡയറക്ടർ ക്ഷീരവികസനം | 2 | 2 | 34,150,000/- | 34,150,000/- | 100 |
| ജില്ല സാമൂഹ്യസുരക്ഷ ഓഫീസർ | 3 | 2 | 14,772,500/- | 9,766,988/- | 66.12 |
| ജില്ല മെഡിക്കൽ ഓഫീസർ-ISM | 3 | 3 | 15,171,081/- | 12,380,444/- | 81.61 |

| | | | | | |
|---|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ-LSGD | 517 | 240 | 470,056,931/- | 147,710,258/- | 31.42 |
| പ്രോജക്റ്റ് ഡയറക്ടർ –DPAU | 8 | 8 | 68,444,500/- | 66,644,500/- | 97.37 |
| ഫാം സൂപ്രണ്ട്, ജില്ല കൃഷിത്തോട്ടം | 1 | 1 | 750,000/- | 720,861/- | 96.11 |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 5 | 1 | 375,000/- | 146,397/- | 39.04 |
| ചീഫ് മെഡിക്കൽ ഓഫീസർ-അലോപ്പതി | 2 | 2 | 1,833,475/- | 1,833,475/- | 100 |
| ചീഫ് മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 3,400,000/- | 3,400,000/- | 100 |
| ചീഫ് മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 800,000/- | 800,000/- | 100 |
| അസിസ്റ്റന്റ് ഡയറക്ടർ-പോൾട്രി ഫാം | 3 | 3 | 7,140,000/- | 4,034,976/- | 56.51 |
| ആകെ | 653 | 332 | 781,870,717/- | 378,440,124/- | 48.40 |

വാർഷികപദ്ധതി

2016-17 പദ്ധതിരൂപീകരണത്തിൽ ജി.ഒ.(എം.എസ്) 4/2016 ത.സ്വ.ഭ.വ./11.1.16 പ്രകാരം പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രഥമയോഗം 12-2-16-ൽ കൂടുകയും 16-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ പ്രത്യേകമായി ചർച്ച നടത്തുകയും അതേദിവസം കൂടിയ വർക്കിംഗ് ഗ്രൂപ്പുകളുടെ പൊതുയോഗത്തിൽ പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുകയും ചെയ്തു. 2-3-16-ൽ സംയുക്തപ്രോജക്ടുകൾ സംബന്ധിച്ച യോഗം ചേരുകയും 9-3-16 -ലെ യോഗത്തിൽ ഇതുമായി ബന്ധപ്പെട്ട് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുമായുള്ള രണ്ടാംഘട്ട ചർച്ച നടത്തുകയും ചെയ്തു. 23-6-16-ൽ നടത്തിയ വികസനസെമിനാറിൽ തൻവർഷത്തെ കരട് പദ്ധതിരേഖ അവതരിപ്പിച്ചു. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നടത്തപ്പെട്ട യോഗങ്ങളിൽ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചാവിഷയങ്ങൾ, തീരുമാനങ്ങൾ, കരട് പദ്ധതിനിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി ബന്ധപ്പെട്ട മിനിറ്റ്സ് രേഖകൾ സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. .

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 9.9.16-ലെ 1 (1) നമ്പർ തീരുമാനപ്രകാരം സാമ്പത്തികാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ 23.9.16-ലെ നടപടി ഉത്തരവുപ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നതാണ്. എന്നാൽ പ്രോജക്ടുകൾ നടപ്പാക്കുന്ന വേളയിൽ വിവിധ കാരണങ്ങളാൽ പ്രോജക്ടുകൾക്കായി നിശ്ചയിച്ചിരുന്ന ഫണ്ട് , വകയിരുത്തിയിരുന്ന തുക എന്നിവയിൽ മാറ്റം വരുത്തുകയുണ്ടായി. ഇപ്രകാരം നിർവ്വഹണഘട്ടത്തിൽ വരുത്തിയ മാറ്റങ്ങൾക്കനുസൃതമായി പുതുക്കി തയ്യാറാക്കിയ വാർഷികപദ്ധതി 28-4-17-ൽ കൂടിയ ജില്ലാപഞ്ചായത്ത്കമ്മിറ്റി (തീരുമാനം നമ്പർ- I(5)) അംഗീകരിക്കുകയും ഡി.പി.സി-യുടെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 78,18,70,717/- രൂപ വകയിരുത്തിയിരുന്ന വാർഷികപദ്ധതി 15.6.17-ലെ 490/16/ഡി.പി.സി/ഡി.പി.ഒ/കോട്ടയം ഉത്തരവുപ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു. വാർഷികപദ്ധതിപ്രകാരം ആകെ 653 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.ഭാഗീകമായി പൂർത്തീകരിച്ചതുൾപ്പെടെ വിവിധ വികസനമേഖലകളിലായി തൻവർഷം നടപ്പാക്കിയ 332 പ്രോജക്ടുകൾക്കായി ആകെ 37,84,40,124/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ യഥാർത്ഥ അലോട്ട്മെന്റിനേക്കാൾ അധികമായി തുക വാർഷിക പദ്ധതിക്കായി വകയിരുത്തിയതിനാൽ വാർഷിക പദ്ധതി പ്രകാരമുള്ള ചെലവ് ശതമാനം വളരെ കുറവാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് തരം | വകയിരുത്തിയ തുക | ചെലവഴിച്ചത് | ചെലവ് ശതമാനം | യഥാർത്ഥ അലോട്ട്മെന്റിൽ അധികരിച്ച് വകയിരുത്തിയ തുക (രൂ.) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 32,29,34,246/- | 21,43,54,625/- | 66% | 9.65 കോടി |
| എസ്.സി.പി | 11,65,51963/- | 7,50,77,785/- | 64% | 2.63 കോടി |
| റ്റി.എസ്.പി | 1,93,05,481/- | 70,35,886/- | 36% | 21.14 ലക്ഷം |
| കേന്ദ്രാവിഷ്കൃതഫണ്ട് | 2,72,00000/- | - | - | - |
| തനതുഫണ്ട് | 10,22,10,773/- | 1,79,18,356 | 17.53% | - |
| ഗ്രാമപഞ്ചായത്തുവിഹിതം | 28,10000/- | - | - | - |
| ബ്ലോക്ക് വിഹിതം | 23,65000/- | - | - | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | 9,50,16,484/- | 3,12,23,562/- | 32.86% | 1.95 കോടി |
| സംരക്ഷണഗ്രാന്റ്( റോഡിതരം) | 7,65,12,677/- | 2,94,22,910/- | 38.45% | 1.33 കോടി |
| മറ്റുള്ളവ | 1,69,64,093/- | 34,07,000/- | 20% | - |
| ആകെ | 78,18,70,717/- | 37,84,40,124/- | 48.40% | - |

പദ്ധതിച്ചെലവ് കേവലം 48%

പദ്ധതി അടങ്കൽ പെരുപ്പിച്ച് കാണിക്കുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ തനതുഫണ്ട് , തൻവർഷം ലഭ്യമാകുന്ന വിവിധ സർക്കാർ ഗ്രാന്റുകൾ എന്നിവ സംബന്ധിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള വിലയിരുത്തൽ നടത്താതെ പ്രോജക്ടുകൾക്ക് അധികതുക വകയിരുത്തുകയാണുണ്ടായത്. കൂടാതെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വാർഷികപദ്ധതിക്കായി ലഭ്യമായ വിഹിതം ഒട്ടുംതന്നെ ചെലവഴിക്കാതിരുന്നതും റോഡ്/റോഡിതര സംരക്ഷണഗ്രാന്റിന്റെ 50 % പോലും വിനിയോഗിച്ചിട്ടില്ലാത്തതും അംഗീകാരം കിട്ടിയ 50% പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും പദ്ധതിച്ചെലവ് 48.4% മാത്രമായി കുറയുന്നതിനിടയായി. പദ്ധതിച്ചെലവിൽ കൂടിയ വിഹിതവും അനിവാര്യചെലവുകൾക്ക് വേണ്ടിയുള്ള ഫണ്ട് കൈമാറ്റത്തിനായും നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ച ഇനത്തിലുള്ളതുമാണ്. എന്നാൽ ഇവയിൽ പല പ്രോജക്ടുകളും നാളിതുവരെ ആരംഭിച്ചിട്ട് പോലുമില്ലയെന്നതിനാൽ കൈവരിക്കാൻ കഴിഞ്ഞ ഭൗതീക ലക്ഷ്യം തീർത്തും കുറവാണ് എന്ന് വ്യക്തമാണ്. സാമ്പത്തിക ലക്ഷ്യത്തിനുപരി കൈവരിക്കാൻ കഴിഞ്ഞ ഭൗതിക നേട്ടം ജില്ലാ പഞ്ചായത്ത് തലത്തിൽ ശതമാനക്കണക്കിലും യൂണിറ്റടിസ്ഥാനത്തിലും കണക്കാക്കപ്പെടാത്തതും വിശകലനം ചെയ്യപ്പെടാത്തതും ന്യൂനതയായി അവശേഷിക്കുന്നു.ചില നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതിപ്പണം വാണിജ്യ ബാങ്കുകളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് സാമ്പത്തിക വർഷത്തിന് ശേഷമാണ് തുകയുടെ വിനിയോഗം യഥാർത്ഥത്തിൽ പൂർത്തീകരിക്കുന്നത് എന്നതും പരിഗണിക്കേണ്ടതുണ്ട്. (ഉദാ-വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നടപ്പിലാക്കുന്ന പദ്ധതികളുടെ ധനവിനിയോഗ രീതി). ജില്ലാ പഞ്ചായത്ത് ജനറൽക്കമ്മറ്റിയുടെ പൊതുവായ ശ്രദ്ധയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധയും ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു. തുടർവർഷത്തേയ്ക്കുള്ള പദ്ധതി രൂപീകരണത്തിന് മുന്നോടിയായി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ഈ വിഷയം പ്രത്യേകം പരിഗണിക്കേണ്ടതുമാണ്.

മേഖലാവിഭജനത്തിൽ അപാകതകൾ

തെരുവുനായ് നിയന്ത്രണം ലക്ഷ്യമാക്കി ആവിഷ്കരിച്ച എ.ബി.സി- എ.ആർ എന്ന പ്രോജക്ട് സേവനമേഖലയിൽപ്പെടുത്തേണ്ടതിനു പകരം ഉത്പാദനമേഖലയിൽ ഉൾപ്പെടുത്തിയാണ് വാർഷികപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ ഭൗതീകസാഹചര്യ വികസനത്തിനായി ആവിഷ്കരിച്ച കെട്ടിട അറ്റകുറ്റപ്പണികൾ ഉൾപ്പെടെ പശ്ചാത്തല മേഖലാവികസനത്തിനുവേണ്ടിയുള്ള പ്രോജക്ടുകൾ സേവനമേഖലയിൽ ഉൾപ്പെടുത്തി. ആയതിനാൽ വിവിധ വികസനമേഖലകൾക്ക് സർക്കാർ ഉത്തരവുപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിശ്ചിത ശതമാനം തുക വകയിരുത്തിയിട്ടുണ്ടോയെന്ന് കൃത്യമായി തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല.

ബഹുവർഷ പ്രോജക്ടുകളുടെ മതിപ്പുചെലവ് വാർഷികപദ്ധതിയിൽ പ്രതിഫലിക്കുന്നില്ല.

തൻവർഷം പുതിയതായി ആവിഷ്കരിച്ച പല ബഹുവർഷ പ്രോജക്ടുകൾക്കും പ്രോജക്ട് പൂർത്തിയാക്കാനാവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ടിന്റെ മതിപ്പുചെലവ് കണക്കാക്കിയിട്ടില്ല. ഓരോ വർഷവും ലഭ്യമായ ഫണ്ടനുസരിച്ച് ഭാഗീകമായി മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. വാർഷിക പദ്ധതിക്ക് ഡി.പി.സി.അംഗീകാരം ലഭിച്ചതിനു ശേഷം നിർവ്വഹണഘട്ടത്തിൽ ചെലവു തുകയിൽ മാറ്റം വരുന്നതനുസരിച്ച് പ്രോജക്ടുകളുടെ അടങ്കൽ തുകയിൽ ഭേദഗതി വരുത്തി വീണ്ടും അംഗീകാരം വാങ്ങുന്നു. ഇക്കാരണത്താൽ പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഒരേ പ്രോജക്ടിനായി ഒന്നിലധികം എസ്റ്റിമേറ്റുകൾ തയ്യാറാക്കപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നു. മാത്രമല്ല ബഹുവർഷ പ്രോജക്ടുകളുടെ മതിപ്പുചെലവ് എസ്റ്റിമേറ്റിലോ അംഗീകരിച്ച വാർഷികപദ്ധതിയിലോ പ്രതിഫലിക്കുന്നുമില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | തൻവർഷ അടങ്കൽ | തൻവർഷത്തെ ചെലവുതുക |
|---|---|---|
| കുറിച്ചി പഞ്ചായത്ത് 10-ാം വാർഡ് കല്ലുകടവുഭാഗത്ത് പാലം നിർമ്മാണം ( 253/17) (ബഹുവർഷം) | 8,65,689 | 8,64,689 |
| ചിറക്കടവ് പഞ്ചായത്ത് വാർഡ്-8 പകൽവീട് പൂർത്തീകരണം (ബഹുവർഷം) (266/17) | 3,00694 | 3,00694 |
| കുമരകം പഞ്ചായത്ത് വാർഡ്-1 ആശാരിമറ്റം കോളനി അടിസ്ഥാനസൗകര്യവികസനം (ബഹുവർഷം)(213/17) | 5,5000/- | 5,2336/- |
| ഏറ്റുമാനൂർ പഞ്ചായത്ത് -ചിറക്കുളം മിനിപാർക്ക് (ബഹുവർഷം) | 6,79,539/- | 6,79,539/- |
| വാഴൂർ പഞ്ചായത്തിലെ തവളപ്പാറ-കുട്ടിക്കൽഭാഗത്ത് കുടിവെള്ള പദ്ധതി (ബഹുവർഷം) (273/17) | 296567 | 296567 |

വാർഷികപദ്ധതി-വിശകലനം

*കാർഷികമേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യവികസനത്തിനും നെൽക്യഷിവികസനത്തിനും പര്യാപ്തമായ പ്രോജക്ടുകൾ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ആനുപാതികമായ ചെലവ് നടത്തിയിട്ടില്ല.

*ശുചിത്വം,മാലിന്യസംസ്കരണം എന്നീ മേഖലകളിൽ സ്ഥായിയായ പ്രോജക്ടുകളൊന്നും

16-17-ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല.

* ക്ഷീരോത്പാദനമേഖലയിൽ 3.41കോടിരൂപ വകയിരുത്തി ആവിഷ്കരികരിച്ച് നടപ്പാക്കിയ "ക്ഷീരവർദ്ധിനി " പ്രോജക്ട് സർക്കാർ ഉത്തരവുപ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടുന്നില്ല.

* സാമൂഹ്യക്ഷേമം ലക്ഷ്യമിട്ടുകൊണ്ട് സേവനമേഖലയിൽ നടപ്പാക്കിയ വികലാംഗർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ എന്ന പ്രോജക്ടിന്റെ ഭാഗമായി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്ന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ കെൽട്രോണിനെ ഒഴിവാക്കി സ്വകാര്യസ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുക മാത്രമല്ല സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരമുള്ള തുകയിലധികമായ ചെലവ് നടത്തിയതായും കാണുന്നു. കൂടാതെ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി നിയമാനുസരണം സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുമില്ല.

12-ാം പഞ്ചവൽസരപദ്ധതി

ഗ്രാമങ്ങളെ സമ്പൂർണ്ണ ശുചിത്വ മേഖലകളാക്കി മാറ്റുവാൻ ഉതകുന്ന പ്രവർത്തനങ്ങളിൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ ധാരാളം പ്രോജക്ടുകൾ 12-ാം പദ്ധതിക്കാലത്ത്

നടപ്പാക്കിയിട്ടുണ്ടെങ്കിലും ഈ മേഖലയിൽ പൂർണ്ണമായും തൃപ്തികരമായും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സേവനമേഖലയിൽ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി അടിസ്ഥാനസൗകര്യങ്ങളും ഭൗതീകസാഹചര്യങ്ങളും ഒരുക്കുന്നതിൽ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും വരുമാനവർദ്ധനവിലൂടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിനനുയോജ്യമായ തരത്തിൽ ചെറുകിടവ്യവസായങ്ങളോ സുസ്ഥിരമായ സ്വയംതൊഴിൽ സംരംഭങ്ങളോ ആരംഭിക്കുന്നതിനും കഴിഞ്ഞിട്ടില്ല. വർഷങ്ങളായി ശോച്യാവസ്ഥയിലായിരുന്ന ജില്ലാ ഹോമിയോ ആശുപത്രിക്ക് സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞ പദ്ധതിക്കാലയളവിൽ കെട്ടിടം പണി ആരംഭിച്ചുവെങ്കിലും നാളിതുവരെ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കി പൂർത്തീകരിക്കാനായിട്ടില്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ

ഓഡിറ്റ് വർഷം 470056931 രൂപ അടങ്കലിൽ 517 പദ്ധതികൾ വിഭാവനം ചെയ്ത് നിർവ്വഹണാംഗീകാരം ലഭിച്ചതിൽ 147710258 രൂപ ചെലവിട്ട് 240 പദ്ധതികൾ മാത്രമാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ളത്. നിർവ്വഹണം നടത്തിയ പദ്ധതികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം | ചെലവ് |
|---|---|---|---|
| 1. | കുടിവെള്ള പദ്ധതികൾ | 21 | 14494868 |
| 2. | മെയിന്റനൻസ് | 27 | 18949721 |
| 3. | കോളനി സംരക്ഷണം | 24 | 15636544 |
| 4. | കെട്ടിട നിർമ്മാണം | 38 | 24042982 |
| 5. | റോഡ് പ്രവൃത്തികൾ | 88 | 48787521 |
| 6. | മറ്റുള്ളവ | 42 | 25798622 |
| | ആകെ | 240 | 147710258 |

നിർവ്വഹണം നടത്തിയ പദ്ധതികളിൽ 112 എണ്ണം സ്പിൽ ഓവറും 128എണ്ണം പുതിയതുമാണ്.

പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ -

1) കുടിവെള്ള ജലസംരക്ഷണ പദ്ധതികൾ കുടിവെള്ള വിതരണം എന്ന ലക്ഷ്യമോ ജലസംരക്ഷണം എന്ന ലക്ഷ്യമോ സാധിക്കാൻ പര്യാപ്തമല്ല. മിക്ക കുടിവെള്ള പദ്ധതികളും പൂർണ്ണമല്ല. ജലസ്രോതസ് നിർമ്മിച്ചിട്ടുള്ളവയിൽ സംഭരണ-വിതരണ സംവിധാനങ്ങളില്ല. വിതരണ സംവിധാനമുള്ളവയിൽ സ്രോതസ്സോ സംഭരണ സംവിധാനമോയില്ല. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഒരു കുടിവെള്ള പദ്ധതി മാത്രമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. (എരുമേലി പഞ്ചായത്തിന്റെ 8-ാം വാർഡിലെ മുണ്ടാനം-പാക്കാനം കുടിവെള്ള പദ്ധതി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ചെലവിട്ടിട്ടുള്ള തുക തീർത്തും പാഴ്ചെലവായി മാറിയിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടു . (മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് രണ്ടിലെ നീന്തൽക്കുളം പൂർത്തീകരണം). 9,00,000/- രൂപ മുടക്കി കുളത്തിന് സംരക്ഷണഭിത്തി നിർമ്മിച്ചിട്ടും പായൽ നിറഞ്ഞ് ഉപയോഗശൂന്യമായ കുളം തദ്ദേശ വാസികൾക്ക് ഭീഷണിയാകുന്നു. കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ മലിനമാകാതെ സംരക്ഷിക്കപ്പെട്ടിട്ടില്ല. ഉദാഹരണം മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ വേങ്ങക്കുന്ന് കുടിവെള്ള പദ്ധതി). ജലവിതരണ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് മാത്രമായി ആവിഷ്കരിച്ച പ്രോജക്ടിന് നടപ്പിലാക്കിയ പൈപ്പുകൾ കൂട്ടി ചേർക്കാതിരുന്നിട്ടും അവസാനബിൽ നൽകിയ ക്രമവിരുദ്ധ സാഹചര്യം ഖണ്ഡിക 3-10(3)ൽ പ്രതിപാദിച്ചിട്ടുണ്ട്.

2) അറ്റകുറ്റപ്പണികളിൽ കൂടുതലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളാണ്. തികച്ചും നിലവാരം കുറഞ്ഞ നിർമ്മാണ രീതി പ്രവൃത്തിയുടെ അസ്തിത്വത്തെ തന്നെ പ്രതികൂലമായി ബാധിക്കുന്ന സ്ഥിതിയിലാണ്. ദേവീ വിലാസം (വെച്ചൂർ) ഗവ.ഹയർ സെക്കണ്ടറി സ്കൂളിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി ചതുരാകൃതിയിലുള്ള ഇരുമ്പു കുഴലുകൾക്ക് എസ്റ്റിമേറ്റില്ല. എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ തീർത്തും നിലവാരം കുറഞ്ഞവയാണ് ഉപയോഗിച്ചതെന്ന് ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു.

നിർമ്മാണ പ്രവൃത്തികളിൽ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവ് എടുത്തു പറയേണ്ടിയിരിക്കുന്നു. തൃക്കൊടിത്താനം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ അടിത്തറയ്ക്കായി മണ്ണ് കുഴിച്ചെടുത്തെങ്കിലും അത് കുറവ് ചെയ്യാതെ നികത്തലിനായി കരാറുകാരന്റെ മണ്ണ് ഉപയോഗിച്ചതിന് പ്രത്യേകം തുക എഴുതി വാങ്ങിയത് സാങ്കേതികവിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. അതുപോലെ തന്നെ പുതുപ്പള്ളി സെന്റ് ജോർജ്ജ് ഗവ.ഹൈസ്കൂളിന്റെ അറ്റകുറ്റപ്പണികളുടെ ഭൗതീക പരിശോധന നടത്തിയതിൽ ചുമരുകൾക്ക് എമൽഷൻ പെയിന്റിനു പകരം ജനതാസം ഉപയോഗിച്ചതായി വ്യക്തമായി. ടി വിഷയം കരാറുകാരൻ അംഗീകരിച്ചിട്ടും പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ ശ്രദ്ധിച്ചിരുന്നില്ല.

(3) കെട്ടിട നിർമ്മാണങ്ങളിൽ ഭൂരിഭാഗവും കുമാരി ക്ഷേമകേന്ദ്രവും സ്കൂളുകളും വായനാശാലയും, തൊഴിൽ പരിശീലന കേന്ദ്രങ്ങളുമാണ്. തൊഴിൽ പരിശീലനകേന്ദ്രം കെട്ടിടനിർമ്മാണം മാത്രമായി അവശേഷിക്കുന്നു. കുമാരിക്ഷേമകേന്ദ്രം എല്ലാംതന്നെ അങ്കണവാടി കെട്ടിടങ്ങളാണ്. കെട്ടിടനിർമ്മാണം പൊതുവെ തൃപ്തികരമാണ്.

(4) കോളനി സംരക്ഷണം കൂടുതലും മണ്ണ് സംരക്ഷണ പ്രവൃത്തികളാണ്. കോളനി നിവാസികളുടെ ആവശ്യം വിലയിരുത്തി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നില്ല.

(5) റോഡ് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗും, ടാറിംഗും, റീടാറിംഗും സംരക്ഷണ ഭിത്തിയും ഉൾപ്പെടുന്നു. റോഡുകൾ ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുന്നതാണെന്ന് വ്യക്തമാക്കേണ്ട പ്രോജക്ട് പ്രൊഫോർമയിലെ 36-ാം ശീർഷകം യഥോചിതം പൂർത്തിയാക്കാതെയാണ് അംഗീകാരം നേടിയിട്ടുള്ളത്.

(6) പ്രോജക്ടിന്റെ നിർവ്വഹണ രീതി അവസാനഘട്ടത്തിൽ മാറ്റിയിട്ടുള്ള നിരവധി സാഹചര്യം ശ്രദ്ധയിൽപ്പെട്ടു. ഗുണഭോക്തൃസമിതി മുഖാന്തിരം നിർവ്വഹണം നടത്താൻ തീരുമാനമെടുത്ത് ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനുശേഷം ടെണ്ടർ സമ്പ്രദായത്തിൽ പ്രവൃത്തി നിർവ്വഹണം നടത്താൻ കമ്മറ്റി തീരുമാനിച്ച സാഹചര്യത്തിൽ എസ്റ്റിമേറ്റ് പുതുക്കുകയുണ്ടായി. പുതുക്കിയ എസ്റ്റിമേറ്റ് തീയതി 8/15ലേക്ക് നീങ്ങവേ കോസ്റ്റ് ഇൻഡക്സ് 40.95 ൽ നിന്നും 46.67 ശതമാനമായി മാറുകയും അതുമൂലം ഭീമമായ നഷ്ടം പഞ്ചായത്തു ഫണ്ടിനു സംഭവിക്കുകയും ചെയ്തു. (ഖണ്ഡിക 3-16 കാണുക)

(7) ഗുണഭോക്തൃസമിതി പദ്ധതികളുടെ അവസാനബിൽ പണമായി നൽകുന്ന വേളയിൽ 1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടിട്ടുണ്ട്. കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ അളവുപുസ്തകത്തിലെ ആകെ പ്രവൃത്തി മൂല്യമോ കുറവ് ആയത് നൽകണമെന്നിരിക്കെ അളവുപുസ്തകത്തിലെ പ്രവൃത്തിമൂല്യം മാത്രം അടിസ്ഥാനപ്പെടുത്തി അവസാന ബിൽ തുക നല്കുകയുണ്ടായി. ഇതു മൂലം കൺവീനർക്ക് അധിക തുക നൽകാനിടയായി.

(8) 240 പദ്ധതികൾ നിർവ്വഹണം നടത്തിയതിൽ 238 പദ്ധതികളുടെ ഫയലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. താഴെ പ്രതിപാദിക്കുന്ന ഫയലുകൾ അവയുടെ നേരെ കാണിച്ചിരിക്കുന്ന കാരണത്താൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം. | പദ്ധതിയുടെ പേര് | ചെലവു തുക | ഹാജരാക്കാത്തതിന്റെ കാരണം |
|---|---|---|---|
| 421/17 | കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ കാഞ്ഞിരംകുളം കുടിവെള്ള പദ്ധതിക്കുവേണ്ടി മോട്ടോർപുര നിർമ്മാണവും മോട്ടോർ വാങ്ങലും | 79354 | പാർട്ട് ബിൽ, ഫയൽ അടുത്ത ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് പഞ്ചായത്ത് അറിയിച്ചു |
| 937/17 | കടുത്തുരുത്തി പഞ്ചായത്തിലെ കടുത്തുരുത്തി കിടങ്ങിൽ പാലം നിർമ്മാണം | 790356 | ഫയൽ ഹാജരാക്കാത്തതിന്റ കാരണം വ്യക്തമാക്കിയിട്ടില്ല.അടുത്ത ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് പഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | അറിയിച്ചു |

(9) അവസാന ബിൽ തയ്യാറാക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്താത്ത നിരവധി സാഹചര്യം ശ്രദ്ധയിൽപ്പെട്ടു. ഗുണഭോക്തൃസമിതി കൺവീനർക്ക് അവസാന തുക നൽകുമ്പോൾ കിഴിവുകൾക്കായി (ഓവർ ഹെഡ് ചാർജ്ജ് നൽകുന്ന) തുക പ്രത്യേകം നൽകാൻ പാടില്ലെന്നിരിക്കെ വീണ്ടും തുക നൽകി പഞ്ചായത്തിന് നഷ്ടമുണ്ടായി. അതുപോലെ തന്നെ കാലി ബാരലുകളുടെ വിലയോടോപ്പം വാറ്റ് രേഖപ്പെടുത്തിയെങ്കിലും കൺവീനറുടെ അവസാന ബില്ലിൽ നിന്നും കുറവു ചെയ്യുകയുണ്ടായില്ല. കരാർ ചമയ്ക്കാൻ കാലതാമസം സംഭവിച്ചിട്ടുള്ളതിനും വേല പൂർത്തീകരിയ്ക്കാൻ കാലതാമസം സംഭവിച്ചിട്ടുള്ളതിനും പി.ഡബ്ല്യൂ.ഡി. മാനുവൽ അനുശാസിയ്ക്കും പ്രകാരം പിഴ വസൂലാക്കാത്ത നിരവധി സാഹചര്യം ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു.

പദ്ധതി ആസൂത്രണ വേളയിൽ പദ്ധതിയുടെ പൂർത്തീകരണത്തിന്റെ ആവശ്യകതയനുസരിച്ച് തുക അനുവദിക്കുന്നതിനും ഇതര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം സമന്വയിപ്പിക്കാതിരിക്കുന്നതും പദ്ധതി ഫലപ്രാപ്തിയിൽ എത്തുന്നതിന് തടസ്സമായി നിൽക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പദ്ധതി നിർവ്വഹണം മേൽനോട്ടം നടത്തേണ്ട സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ നിസ്സംഗത പദ്ധതി നിർവ്വഹണത്തിന്റെ ഗുണനിലവാരത്തകർച്ചയ്ക്കും പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിനും ഇട വരുത്തുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

ജില്ലാ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പാളിച്ചകളും അപാകതകൾ പരിഹരിക്കുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങളും വിഷയം തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു.

വാർഷിക ധനകാര്യ പത്രിക: ജില്ലാ പഞ്ചായത്ത് ധനകാര്യ ഇടപാടുകൾ അക്കൗണ്ട് ചെയ്യുമ്പോൾ ഇടപാടിന്റെ വിവരണം(Narration) കൃത്യമായി രേഖപ്പെടുത്തുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും നബാർഡ് തുടങ്ങിയ ഏജൻസികളിൽ നിന്നും വിവിധയിനം ഗ്രാന്റുകൾ ജില്ലാ പഞ്ചായത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ ഇത്തരം ഗ്രാന്റുകൾ ജില്ലാ പഞ്ചായത്ത് ഫണ്ടിലേക്ക് അക്കൗണ്ട് ചെയ്യുമ്പോൾ കൃത്യമായ വിവരണം ചേർക്കാത്തതിനാൽ ലഡ്ജറിൽ നിന്നും പ്രസ്തുത ഇടപാടിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാകാതെ വരുന്നു. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം നീക്കിയിരിപ്പുള്ള ഗ്രാന്റുകൾ അക്കൗണ്ട് ചെയ്തതിൽ മേൽപറഞ്ഞ അപാകത നിലനിൽക്കുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായ ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് വിശദാംശങ്ങൾ രേഖപ്പെടുത്തി ക്രമീകരിക്കാത്തതിനാൽ ടി തുകകളുടെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്: ജില്ലാ പഞ്ചായത്ത് ഫണ്ടിലുള്ള ഗ്രാന്റ് തുകകൾ, ജില്ലാ പഞ്ചായത്തിലേക്ക് ലഭിച്ച ഡെപ്പോസിറ്റ് തുകകൾ, കേന്ദ്ര-സംസംസ്ഥാന സർക്കാരിലേക്ക് അടവാക്കാനുള്ള തുകകൾ, ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്, വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ എന്നിവ നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽപ്പറഞ്ഞ എല്ലാ ഫണ്ടുകളുടെയും വിനിമയം നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.05.2017-09.05.2017 | 2016-17 ഒന്നാം ഘട്ടം | 18/2017 RPA 4 Klm Dated-17.05.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.05.2017-09.06.2017 | 2015-16 മുതൽ 2016-17 വരെ | എൽ.ബി.എ.(എച്ച്.ക്യൂ.) II/8A-2634/1 17-18/121 തീയതി-14.07.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന മിച്ചം 80,466,632/- രൂപയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ മുൻകാല വരുമാനം(Prior Period Income)കിഴിച്ചുള്ള പ്രവർത്തനമിച്ചം 80,457,826/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 395,250,134/- രൂപയും ചെലവ് 314,787,905/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 521,884,467/- രൂപയും ആകെ ചെലവ് (നീക്കിയിരിപ്പ് ഒഴികെ) 402,919,024/- രൂപയുമാണ്. 31.03.2017-ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 118,965,443/- രൂപയാണ്. 31.03.2016 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 666,565,666/- രൂപയും ആകെ ബാദ്ധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 454,695,485/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ജില്ലാ പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 211,870,181/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 26.07.2011 ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി.യിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ബി- 7 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.
3. 410710102-Movable Assets-Vehicles എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂല്യം തൻവർഷം വാങ്ങിയ വാഹനങ്ങളുടെ യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. കോഴയിലെ ജില്ലാ കൃഷിത്തോട്ടത്തിലേക്ക് പിക്-അപ് വാൻ വാങ്ങിയതും വാലാച്ചിറ സീഡ് ഫാമിലേക്ക് പവർ ടില്ലർ വാങ്ങിയതും നിശ്ചിത ശീർഷകത്തിൽ ആസ്തിയായി അക്കൗണ്ട് ചെയ്തില്ല.
4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള ക്രമീകരിച്ചിട്ടില്ലാത്ത എല്ലാ തുകകളുടെയും വിവരം ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ബി 9 ഷെഡ്യൂളിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.
6. ബി 4 ഷെഡ്യൂളിൽ നബാർഡ് സഹായമായി ലഭിച്ചതിൽ ബാക്കി 11,42,571/- രൂപ ബാധ്യതയായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുക ഡി.പി.എഫ്.എ II (എ) ൽ നിക്ഷേപിച്ചിരുന്നതാണ്. ഡി.പി.എഫ്.എ II (എ)ൽ ഉണ്ടായിരുന്ന തുക മുഴുവൻ 20.02.2016ൽ വിനിയോഗിച്ചിട്ടുള്ളതിനാൽ ടി തുക കൃത്യമല്ല.
7. ബി 4 ഷെഡ്യൂളിൽ ബാധ്യതയായി നിലനിൽക്കുന്ന വിവിധ ഗ്രാന്റുകളുടെ വിനിമയത്തിന്റെ വിശദാംശം ലഭ്യമല്ല. ഉണഭോക്തൃ വിഹിതമായി അവശേഷിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.
8. കോട്ടയം ജില്ലാ പഞ്ചായത്ത്, ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ പൊതുമാരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ സമ്പ്രദായത്തിലൂടെ ഈടാക്കിയ ടെൻഡർ ഫീ ഇനത്തിലുള്ള തുക(ഫോറം വില+വാറ്റ്), ഇ.എം.ഡി ഫീ ഇനത്തിലുള്ള തുകയും, ടിയിനത്തിൽ ജില്ലാ പഞ്ചായത്തിനുള്ള വരുമാനം ബന്ധപ്പെട്ട വരുമാന ഹെഡിലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾക്കും, സംസ്ഥാന സർക്കാരിനുള്ള വിഹിതം ബാധ്യത ഹെഡിലും അക്കൗണ്ട് ചെയ്യുന്നില്ല. ആയതിനാൽ ഇപ്രകാരം വരവ് വെക്കപ്പെടുന്ന ടെൻഡർ ഫീ, ഇ എം ഡി ഫീ വരവ് /റീഫണ്ട് എന്നിവയുടെ വിനിമയം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.
9. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11(a) ലെ 412010101-Capital Work in Progress തുക ഏതെല്ലാം പ്രോജക്ടുകളുടെയാണെന്ന് വ്യക്തമാക്കുന്ന രജിസ്റ്റർ ലഭ്യമല്ല.
10. 450450101-Treasury-STSB NABARD അക്കൗണ്ടിന്റെ 31.03.2017 ലെ റീക്കൺസിലേഷൻ ലഭ്യമല്ല.
11. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ചിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

12. കോട്ടയം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലെ മൂന്നാം നമ്പർ കെട്ടിടവും ഇതേ കേന്ദ്രത്തിലെ 1,2,4 നമ്പർ കെട്ടിടങ്ങളും പൊളിച്ചുമാറ്റി ലേലം ചെയ്ത ഇനത്തിലുള്ള ആകെ തുകയായ 5,47,501 രൂപയും ജില്ലാ പഞ്ചായത്തിന്റെ വരവായി 1511100102 -Receipt from transferred institutions-Animal Husbandary Department എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരുന്നത്. (റസീപ്റ്റ് നം.11401100012 തീ.27.11.14, 4,47,500 രൂപ- റസീപ്റ്റ് നം.11401100019 തീ.18.12.14 , 1,00,001 രൂപ).പ്രസ്തുത കെട്ടിടങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാകയാലും ഇവയുടെ പരിപാലന ചുമതല മാത്രമാണ് ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതെന്നതിനാലും തുക ജില്ലാപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ സാഹചര്യം വ്യക്തമല്ല.പ്രസ്തുത തുക സർക്കാരിലേക്ക് അടവാക്കുന്നതിനുള്ള ബാധ്യതയായി 31.03.2017 പ്രകാരമുള്ള ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ പ്രത്യേക വിശദീകരണം ആവശ്യമാണ്.
13. വികസന ഫണ്ട്(പൊതുവിഭാഗം), സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ ഗ്രാന്റുകളുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലെ(സാംഖ്യ പ്രാകാരമുള്ളത്) കണക്കുമായി പൊരുത്തപ്പെടുന്നില്ല.
14. സാമൂഹ്യ നീതി വകുപ്പ് വഴി ലഭ്യമായ ഓർഫനേജ് ഗ്രാന്റ്- 1,53,26,449 രൂപ, വൃദ്ധസദനം ഗ്രാന്റ്- 65,03,399 രൂപ, എന്നിവ സാമൂഹ്യനീതി വകുപ്പ് ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള ഓർഫനേജുകൾക്കും, വൃദ്ധസദനങ്ങൾക്കും അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി തുകകൾ വാർഷിക കണക്കുകളിൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.
15. വാട്ടർ അതോറിറ്റിയിൽ തൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുക ഡെപ്പോസിറ്റ് രജിസ്റ്ററിലെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല(RP-47).
16. പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല

## 2-2 ദൈനംദിന വിറ്റുവരവ് - അടവാക്കുന്നതിൽ കാലതാമസം

ജില്ലാ പഞ്ചായത്തിന്റെ കീഴിലെ വിറ്റ് വരവുകളുള്ള സ്ഥാപനങ്ങൾ അവരുടെ ദൈനംദിന വരവ് തുകകൾ അടവാക്കുന്നതിൽ കുറ്റകരമായ കാലതാമസം വരുത്തുന്നു. തദ്ദേശസ്വയംഭരണ(ആർ.ഡി.) വകുപ്പിന്റെ 28.03.2011 – ലെ വിജ്ഞാപനം നം. ജി.ഒ.(എം.എസ്.) നമ്പർ : 83/11/എൽ. എസ്. ജി. ഡി. ഖണ്ഡിക 23 പ്രകാരം ദൈനം ദിന വരവുകളായി ലഭിക്കുന്ന കാഷ്, മണിയോഡർ, ചെക്ക്, ഡ്രാഫ്റ്റ്, അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികമാകുകയാണെങ്കിൽ അതേദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും വിദൂര പ്രദേശങ്ങളായി നോട്ടിഫൈ ചെയ്യുന്ന സ്ഥലങ്ങളിൽ തുക അടയ്ക്കുന്നതിനുള്ള പരമാവധി സമയം ഒരാഴ്ചയായിരിക്കുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ കൃഷിത്തോട്ടം കോഴ, സംസ്ഥാന സീഡ് ഫാം കോഴ എന്നീ സ്ഥാപനങ്ങൾ അവരുടെ ദൈനംദിന വരവുകൾ ജില്ലാപഞ്ചായത്തിൽ അടയ്ക്കുന്നതിൽ പ്രസ്തുത വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

കോഴയിലെ ജില്ലാ കൃഷിത്തോട്ടം വരവുവന്ന തുകകൾ ജില്ലാ പഞ്ചായത്തിൽ അടച്ചതിന്റെ വിവരങ്ങൾ

| വരവ് കാലയളവ് | അടച്ച തിയതി | തുക |
|---|---|---|
| 10.2.17 – 22.2.17 | 23.2.17 | 43717/- |
| 13.3.17 – 24.3.17 | 25.3.17 | 65252/- |
| 25.4.17 – 8.5.17 | 9.5.17 | 54671/- |
| 23.6.17 – 9.7.17 | 10.7.17 | 130933/- |
| 10.8.17 – 21.8.17 | 22.8.17 | 43117/- |
| 30.8.17 – 14.9.17 | 15.9.17 | 69164/- |

സംസ്ഥാന സീഡ് ഫാം കോഴയിലെ ദിവസ വരവുകൾ ജില്ലാ പഞ്ചായത്തിൽ അടച്ചതിന്റെ വിവരങ്ങൾ

| വരവ് കാലയളവ് | അടച്ച തിയതി | തുക |
|---|---|---|
| 10.3.17- 29.4.17 | 30.4.17 | 36172/- |
| 2.5.17 – 3.6.17 | 4.6.17 | 40627/- |
| 5.6.17- 6.7.17 | 7.7.17 | 12,149/- |
| 27.7.17 – 20.9.17 | 21.9.17 | 9,698/- |
| 23.9.17 – 11.10.17 | 12.10.17 | 15,063/- |

അതോടൊപ്പം കോഴയിലെ ജില്ലാ കൃഷിത്തോട്ടം വിറ്റുവരവിനത്തിൽ ലഭിക്കുന്ന ഡി.ഡി - കൾ ഇതേ സ്ഥാപനത്തിന്റെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും അഞ്ചും ആറും മാസങ്ങൾക്ക് ശേഷം തുക പിൻവലിച്ച് ഡി.ഡി ആക്കി ജില്ലാ പഞ്ചായത്തിൽ അടവാക്കുന്ന രീതിയുമാണ് അവലംബിക്കുന്നത്. ഉദാഹരണമായി സ്ഥാപനത്തിൽ വിറ്റു വരവായി 24.11.16 മുതൽ 30.3.17 വരെ ലഭിച്ച ഡിമാന്റ് ഡ്രാഫ്റ്റുകൾ (ആകെ മൂല്യം 7,03,821/- രൂപ) അടവാക്കിയത് 31.3.17 ലും 31.3.17 മുതൽ 30.10.17 വരെ ലഭിച്ച ഡി.ഡി. കൾ (ആകെ മൂല്യം 15,42,092/-/- രൂപ) അടവാക്കിയിരിക്കുന്നത് 31.10.17 ലും ആണ്. ഇപ്രകാരം കാലതാമസം നേരിടുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഫാം സൂപ്രണ്ട്, ജില്ലാ കൃഷിത്തോട്ടം കോഴക്ക് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നം.1) 25 കി.മി. ദൂരെ സ്ഥിതി ചെയ്യുന്നതും വളരെ തിരക്കുള്ളതുമായ ഫാം ഓഫീസിൽ ഒരു ഓഫീസ് അറ്റന്റ് മാത്രമാണുള്ളതെന്നും ആയതിനാലാണ് പണമടയ്ക്കുന്നതിന് താമസം നേരിടുന്നതെന്നും ഫാമിൽ നിന്നും നൽകുന്ന സാധനങ്ങളുടെ വില വിവിധ ഓഫീസുകളിലെ ഡ്രോയിംഗ് ഓഫീസർമാർ ട്രഷറിയിൽ നിന്നും ബിംസ് വഴി മാറി നെഫ്റ്റ് സംവിധാനം വഴി ഫാം ഓഫീസിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അയയ്ക്കുകയും, ഈ തുകകൾ ഏത് പദ്ധതി, ഇൻവോയ്സ് പ്രകാരമാണെന്നുള്ള വിവരം ലഭിക്കുവാൻ കാലതാമസം നേരിടുന്നതുമൂലമാണ് ഡി.ഡി അടയ്ക്കുന്നതിന് കാലതാമസം നേരിടുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. മുകളിൽ പ്രതിപാദിച്ച സർക്കാർ വിജ്ഞാപനം പാലിക്കാതിരിക്കുന്നതിന് ഇതൊരു കാരണമായി കാണാനാകില്ല. ഈ സാഹചര്യത്തിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## 2-3 റദ്ദു ചെയ്യാത്ത രസീത് - തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്

കോഴയിലെ ജില്ലാ കൃഷിത്തോട്ടം 11.5.17- ൽ ഉപയോഗിച്ച രസീത് ബുക്ക് നം. 40069 രസീത് നം. 13 സംബന്ധിച്ച് കളക്ഷൻ രജിസ്റ്റർ പ്രകാരം രസീത് റദ്ദ് ചെയ്തതായി കാണിച്ചിരിക്കുകയും രസീത് ബുക്കിൽ പ്രസ്തുത രസീത് റദ്ദ് ചെയ്യാതെ 200/- രൂപ വരവ് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (ഡ്യൂപ്ലിക്കേറ്റ് ഉൾപ്പെടുത്തിയിട്ടില്ല) . ഇതുസംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.ഒന്നിന് രസീത് റദ്ദ് ചെയ്തിട്ടുള്ളതും ഡ്യൂപ്ലിക്കേറ്റ് നഷ്ടപ്പെട്ടുപോയതാണെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഈ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ജില്ലാ പഞ്ചയത്ത് ഫണ്ടിൽ അടവാക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 2-4 പദ്ധതിപ്പണം വാണിജ്യബാങ്കിൽ - ക്രമവിരുദ്ധം

ജില്ലാ പഞ്ചായത്തിലെ ചുവടെ ചേർക്കുന്ന നിർവ്വഹണോദ്യോഗസ്ഥർക്ക് വാണിജ്യ ബാങ്കുകളിൽ അക്കൗണ്ടുകൾ നിലനിൽക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നം. | ബാങ്ക് | 31.03.2017-ലെ നീക്കിയിരിപ്പ് | കൈകാര്യം ചെയ്യുന്ന ഫണ്ട് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1. | എക്സിക്യൂട്ടീവ് എൻജിനീയർ | 67255971951 (ഇ-ടെണ്ടർ) | എസ്.ബി.ഐ. | 8,611,150/- | ഇ-ടെൻഡർ |
| | | 67135362290 | എസ്.ബി.ഐ. | 5,190,837/- | തനത് ഫണ്ട് |
| 2. | അസിസ്റ്റന്റ്ഡയറക്ടർ, ജില്ലകൃഷിത്തോട്ടം,കൃഷി | 67201373976 | എസ്.ബി.ഐ.-കോഴ | 1,160,029/- | പ്ലാൻ ഫണ്ട് |
| 3. | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 57051893693 | എസ്.ബി.ഐ.-കോട്ടയം | 4,213,319 | ജനറൽ പർപ്പസ് ഫണ്ട് |

മേൽപ്പറഞ്ഞതിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് (എസ്.ബി.ഐ. 67135362290) ക്രമവിരുദ്ധമായി ആരംഭിച്ചതാണെന്നും ആയതിൽ പദ്ധതിപ്പണം നിക്ഷേപിക്കുവാൻ പാടുള്ളതല്ലായെന്നും മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണ്. (2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-3). വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽ പരാമർശിത അക്കൗണ്ടിൽ പദ്ധതിപ്പണം നിക്ഷേപിച്ച് സാമ്പത്തിക വർഷത്തിന് ശേഷം തുക വിനിയോഗിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. 20.03.2017 ലെ സർക്കുലർ നമ്പർ 15/2017/ഫിൻ പ്രകാരം തുകകൾ ട്രഷറിയിൽ നിന്ന് നേരിട്ട് ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നും, വലിയ തുകകൾ പിൻവലിച്ച് ബാങ്ക് അക്കൗണ്ടിലും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലും നിക്ഷേപിക്കുവാൻ പാടില്ലായെന്നും നിഷ്കർഷിച്ചിരുന്നതാണ്. പ്രസ്തുത ബാങ്ക് അക്കൗണ്ടുകളിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടും, ജില്ലാ പഞ്ചായത്തിൽ നിന്നും യാദൃശ്ചിക ചെലവുകൾക്ക് ലഭിക്കുന്ന തുകകളും നിക്ഷേപിക്കുന്നതിനാൽ പദ്ധതിനിർവ്വഹണത്തിനായി നൽകുന്ന സർക്കാർ ഗ്രാന്റ് പ്രസ്തുത അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടോയെന്ന് തിട്ടപ്പെടുത്താൻ സാധിക്കുന്നില്ല. പദ്ധതി പണം ഇപ്രകാരം മുൻകൂർ പിൻവലിച്ച് മറ്റ് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 2-5-1 ഇ-ടെൻഡർ– ടെൻഡർ ഫീ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ തനത് ഫണ്ടിലേക്ക് മാറ്റി നൽകുന്നില്ല

കോട്ടയം ജില്ലാ പഞ്ചായത്ത്, ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെൻഡർ നടപടികളുടെ ഭാഗമായി ഓൺലൈൻ സമ്പ്രദായത്തിലൂടെ ഈടാക്കിയ ടെൻഡർ ഫീ ഇനത്തിലുള്ള തുകയും (ഫോറം വില+വാറ്റ്), ഇ.എം.ഡി ഫീ ഇനത്തിലുള്ള തുകയും എൽ എസ് ജി ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള എസ്.ബി.ടി, കളക്ടറേറ്റ് ശാഖയിലുള്ള ബാങ്ക് അക്കൗണ്ടിലാണ്(നം.67255971951) വരവുവെക്കുന്നത്. മാത്രമല്ല ടി തുകകളുടെ വിനിമയം വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നുമില്ല. പ്രസ്തുത അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയുടെ കൃത്യത സംബന്ധിച്ച് വ്യക്തതയില്ലാത്തത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നതാണ്. (2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4).

2016-17 വർഷം ചുവടെ ചേർക്കുന്ന പ്രകാരം ടി അക്കൗണ്ടിൽ നിന്നും വിവിധ കരാറുകാർക്ക് പ്രവൃത്തി പൂർത്തീകരണത്തിനുശേഷം ഇ.എം.ഡി. റീഫണ്ട് ചെയ്തു നൽകിയിട്ടുണ്ട്.

| ക്രമ നം. | കരാറുകാരുടെ പേര് | റീഫണ്ട് ചെയ്ത തുക | ഇ-ടെൻഡർ ഐ.ഡി.നം. |
|---|---|---|---|
| 1. | ഷാജൻ ജേക്കബ് | 10,000 | 35965 |
| 2. | റ്റി.സി.ചെറിയാൻ | 87,200 | 61106/1 |
| 3. | ഷാജി ജോസഫ് | 90,000 | 29387/1<br>28005/2 |

| | | | |
|---|---|---|---|
| 4. | ലിബിൻ ബേബി | 50,000 | 29366/1 |
| 5. | ജോമോൻ എബ്രഹാം | 16,500 | 43126/1 |
| 6. | ബെനഡിക്ട് വി.ജെ. | 17,900 | 44494/1 |
| 7. | ഷാജി ജോസഫ് | 36,825 | 42497/1<br>43065/1 |
| 8. | ജെയ്സൺ<br>പി.ഫ്രാൻസീസ് | 74,200 | 28004/2<br>27995/2<br>27859/2 |
| 9. | സുരേഷ് കുമാർ കെ.പി. | 22,500 | 44953/1 |
| | ആകെ | 3,55,125 | |

ഇ.എം.ഡി.ലഭ്യമായത് സംബന്ധിച്ച് വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഒരിക്കൽ ഇ.എം.ഡി. റീഫണ്ട് ചെയ്ത് വാങ്ങിയ കരാറുകാർ വീണ്ടും അതേ ഇ.എം.ഡി. റീഫണ്ട് ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചാൽ കൃത്യത പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

31.03.2017ൽ ടി അക്കൗണ്ടിൽ 86,11,150 രൂപ നീക്കിയിരിപ്പുണ്ട്. ഓഡിറ്റ് തീയതിയിൽ (22.11.17-ൽ) 91,31,425/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത വരവ് സംബന്ധിച്ച രജിസ്റ്ററുകളോ മറ്റ് അനുബന്ധ രേഖകളോ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. ഗണ്യമായ തുകയുടെ സാമ്പത്തിക വിനിമയം സംബന്ധിച്ച് സബ്സിഡിയറി രജിസ്റ്ററുകൾ സൂക്ഷിക്കാത്ത നടപടി ക്രമപ്രകാരമല്ല. മുൻ റിപ്പോർട്ടിലെ പരാമർശത്തിന്റെയടിസ്ഥാനത്തിൽ പരിഹാരനടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിലേക്ക് കൈമാറ്റം ചെയ്യേണ്ട ടെൻഡർ ഫീ ഇനത്തിലുള്ള തുക എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നത് ശരിയായ നടപടിയല്ല. പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5-2 ടെണ്ടർ ഫോറത്തിന്റെ വില ജില്ലാപഞ്ചായത്തിൽ അടവാക്കിയില്ല

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി) നിർവ്വഹിച്ച വിവിധ പ്രോജക്ടുകളിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ, പേര് | ടെണ്ടറിൽ പങ്കെടുത്തവരുടെ എണ്ണം | ഫോറവില |
|---|---|---|
| 649/7,ഒടേറ്റി പാടശേഖരത്തിന്റെ പുറംബണ്ട് ബലപ്പെടുത്തൽ | 2 | 4200 |
| 651/17,മാന്നാർ മിച്ചഭൂമി അടിസ്ഥാനസൗകര്യവികസനം | 2 | 3300 |
| 652/17 എസ്.എസ്.എഫ് വാലാച്ചിറ സ്റ്റോർ റൂം നിർമ്മാണം | 2 | 3600 |
| 771/17 മുണ്ടാർ പുലയക്കോളനി ബണ്ട് റോഡ് നിർമ്മാണം | 1 | 1963 |
| വനം വടക്ക് പാടശേഖരത്തിന് ബണ്ട് നിർമ്മാണം | 1 | 1200 |
| ആകെ | | 14263 |

ടി തുക നിലവിൽ നിർവ്വഹണോദ്യോഗസ്ഥന്റെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ് (അക്കൗണ്ട് നമ്പർ 67340526437 എസ്.ബി.ഐ). 2733.09 രൂപ കൈകാര്യച്ചെലവിനത്തിൽ എസ്.ബി.ഐ ഈടാക്കിയതുമൂലമാണ് ടെണ്ടർഫോറവില അടവാക്കാത്തതെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി പറഞ്ഞത്. തുക എത്രയും വേഗം ജില്ലാ പഞ്ചായത്തിൽ അടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജില്ലാ പഞ്ചായത്തിന്റെ ചുമതലയിലുൾപ്പെടാത്ത ചെലവുകൾ

ജില്ലാപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ടൈപ്പിസ്റ്റുമാരായ ശ്രീലത എം.പി., മഞ്ജുമോൾ എം.ജി. എന്നിവർക്കും സ്വീപ്പർ ഗീതാ പൊന്നപ്പൻ എന്നയാൾക്കും തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്.എൽ.എസ്.ജി.ഡി എൻജിനീയറിങ് വിഭാഗത്തിലുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുകയെന്നത് ജില്ലാപഞ്ചായത്തിന്റെ മേഖലാ ചുമതലകളിലോ, പൊതുചുമതലകളിലോ ഉൾപ്പെടുന്ന കാര്യമല്ല. എഞ്ചിനീയറിംഗ് വിഭാഗത്തിലുണ്ടാകുന്ന ഒഴിവ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായിരുന്നു. എന്നാൽ ടൈപ്പിസ്റ്റ്, സ്വീപ്പർ തസ്തികകളിൽ ജില്ലാ പഞ്ചായത്ത് നിയമനം നടത്തി 331038 /- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിരിക്കുന്നു. ടിയാളുകൾക്ക് നൽകിയ വേതനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നം/തീയതി | നൽകിയ തുക | ചെക്ക് നം/തീയതി | റിമാർക്സ് |
|---|---|---|---|---|
| 3/16 | 21600033/8.4.16 | 12696 | 0553400/4.4.16 | ശ്രീലത -400x24 =9600<br>ഗീതാപൊന്നപ്പൻ -129x24 =3096 |
| 4/16 | 21600145/5.5.16 | 21000 | 0901554/5.5.16 | ശ്രീലത-24x675 =16200<br>ഗീതാപൊന്നപ്പൻ -24x200=4800 |
| 5/16 | 21600272/10.6.16 | 39275 | 1235322/10.6.16 | ശ്രീലത -675x25 =16875<br>ഗീതാപൊന്നപ്പൻ -194x25 =4850<br>മഞ്ജുമോൾ എം.ജി-675x21=14175<br>മഞ്ജുവിന്റെ ഏപ്രിലിലെ വേതനം -675x5=3375 |
| 6/16 | 21600364/12.7.16 | 37400 | 1235364/12.7.16 | ശ്രീലത-25x675=16875<br>മഞ്ജുമോൾ -23x675=15525<br>ഗീതാപൊന്നപ്പൻ -25x200 =5000 |
| 7/16 | 21600459/8.8.16 | 34500 | 0089515/8.8.16 | ശ്രീലത-22x675=14850<br>മഞ്ജുമോൾ -22x675=14850<br>ഗീതാപൊന്നപ്പൻ-24x200=4800 |
| 8/16 | 21600520/8.9.16<br>216005/8.9.16 | 34837<br>3330 | 0089542/8.9.16 | ശ്രീലത -23x675 = 15525<br>മഞ്ജുമോൾ -22x675 = 14850<br>ഗീത-23x194 = 4462<br>(1100രൂപ വീതം ബോണസ്) |
| 9/16 | 21600595/7.10.16 | 27900 | 0089565/7.10.16 | ശ്രീലത -19x675 = 12825<br>മഞ്ജുമോൾ-17x675 = 11475<br>ഗീത-18x200 = 3600 |

| | | | | |
|---|---|---|---|---|
| 10/16 | 21600701/5.11.16 | 30205 | 2046407/5.11.2016 | ശ്രീലത -20x675 = 13500<br>ഗീത-20x194 = 3880<br>മഞ്ജുമോൾ-19x675 = 12825 |
| 11/16 | 48<br>12/16dt.16.12.16 | 37400 | 2046461/16.12.16 | ശ്രീലത -25x675 = 16875<br>ഗീത -25x200 = 5000<br>മഞ്ജുമോൾ -23x675 = 15525 |
| 12/16 | 37 1/17dt.13.1.17 | 21725 | 2046493/13.1.17 | ശ്രീലത -25x675 = 16875<br>ഗീത -25x194 = 4850 |
| 1/17 | 73/2-17 | 13912 | 0798660/ 22.2.17 | ശ്രീലത- 11x 675 = 7425<br>മഞ്ജുമോൾ- 3x675 = 2025<br>ഗീതാപൊന്നപ്പൻ- 23x194 = 4462 |
| 2/17 | 43 3/17 dt.14.3.17 | 16858 | 0798682/ | മഞ്ജുമോൾ – 18x675 = 12150<br>ഗീതാ പൊന്നപ്പൻ – 22x124 = 4708 |
| ആകെ | | | 331038 | |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ്, 5-ാം പട്ടികയിൽ ജില്ലാപഞ്ചായത്തുകളുടെ പൊതുവായ ചുമതലകളും, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ചുമതലകളിൽ ഉൾപ്പെടാത്ത കാര്യമാണ് എൽ.എസ്.ജി.ഡി.വിഭാഗത്തിലേയ്ക്കുള്ള നിയമനങ്ങൾ. ഇപ്രകാരം തൻവർഷം 3,31,038/- രൂപ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (19) നൽകിയതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 3,31,038 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 അംഗപരിമിതർക്ക് സ്കൂട്ടർ വിത്ത് സൈഡ് വീൽ -- നടത്തിപ്പിലെ അപാകത

പ്രോജക്ടിന്റെ വിശകലനം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യ നീതി ഓഫീസർ |
| പ്രോജക്ട് നം. | എസ്.ഒ /854/ 17 |
| അടങ്കൽ തുക | 7772500 /- |
| ചെലവ് | 7766988 /- |
| ബിൽ നം, തീയതി | ഡി, പി.02/ 16-17 -5324145/ 18.2.17<br>ഡി.പി.4/16-17- 2442843/ 23.3.17<br>ആകെ- 7766988/ |

ഈ പ്രോജക്ട് പ്രകാരം അംഗപരിമിതരായ 124 ഗുണഭോക്താക്കൾക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകുന്നതിനായി 77,66,988/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 30.08.2016 ലെ ജില്ലാ പഞ്ചായത്ത് കമ്മറ്റിയുടെ ഒന്നാം നമ്പർ തീരുമാന പ്രകാരം എൽ-2 ബിഡർ ആയ പുളിമൂട്ടിൽ ഓട്ടോ മൊബൈൽസ് എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡർ അംഗീകരിക്കുന്നതിനും, എൽ-1 ബിഡർ ആയ കെൽട്രോണിനെ ഒഴിവാക്കുന്നതിനും തീരുമാനിച്ചു. എൽ-2 ബിഡർ ആയ പുളിമൂട്ടിൽ ഓട്ടോ മൊബൈൽസ് എന്ന സ്ഥാപനം സമർപ്പിച്ച ടെൻഡർ പ്രകാരം ഒരു വാഹനത്തിന്റെ വില റോഡ് ടാക്സ്,

ഇൻഷ്വറൻസ്, രജിസ്ട്രേഷൻ ഉൾപ്പടെ 54705/- രൂപയാണ്. (14.5% വാറ്റ് ഉൾപ്പെടാതെ). എന്നാൽ ഇതേ നിബന്ധനകളോടെ കെൽട്രോൺ സമർപ്പിച്ച ടെൻഡർ 54,148/- രൂപയുടേതാണ്. രണ്ട് സ്ഥാപനങ്ങളും ഒരേ കമ്പനിയുടെ ഒരേ സ്പെസിഫിക്കേഷനിൽ ഉള്ള വാഹനത്തിനാണ് റേറ്റ് ക്വോട്ട് ചെയ്തത്. ഇത് പ്രകാരം എൽ-1 ബിഡർ ക്വോട്ട് ചെയ്തതിനേക്കാൾ 557/- രൂപ ഒരു വാഹനത്തിന് എൽ-2 ബിഡർ കൂടുതലായി ക്വോട്ട് ചെയ്തെങ്കിലും അവരെ സെലക്ട് ചെയ്തു. തൻമൂലം 69,068/രൂപ എൽ-1 ബിഡർ ക്വോട്ട് ചെയ്തതിനേക്കാൾ കൂടുതൽ ചെലവഴിച്ചു. എൽ-2 ബിഡർക്ക് അംഗീകൃത സർവ്വീസ് സെന്റർ ഉള്ളതിനാലാണ് കൂടുതൽ തുക ക്വോട്ട് ചെയ്തിട്ടും അവരെ സെലക്ട് ചെയ്തത്. എന്നാൽ ഏതു കമ്പനിയുടെ വാഹനം ഏതു ഡീലറിൽ നിന്നും വാങ്ങിയാലും കമ്പനിയുടെ ഏത് അംഗീകൃത സർവ്വീസ് സെന്ററിലും സർവ്വീസ് ചെയ്യുന്നതിനുള്ള അവസരം വാഹനകമ്പനികൾ ഉപഭോക്താവിന് നൽകുന്നുണ്ട്. മാത്രമല്ല L1 ബിഡറായ കെൽട്രോൺ L2 ബിഡറുമായി റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിരുന്നു. അതിനാൽതന്നെ പുളിമൂട്ടിൽ ഓട്ടോമൊബൈൽസിന്റെ സർവ്വീസ് സെന്ററിൽ കെൽട്രോൺ അവിടെനിന്നും വാങ്ങി വിതരണം ചെയ്യുന്ന വാഹനങ്ങൾ സർവ്വീസ് ചെയ്ത് നൽകണമായിരുന്നില്ല. തെറോസിയേഷൻ നടത്തിയിട്ടുമില്ല. എന്നിരിക്കെ സർവ്വീസ് സെന്റർ ഉണ്ട് എന്ന കാരണത്താൽ കൂടുതൽ തുക ക്വോട്ട് ചെയ്ത പുളിമൂട്ടിൽ ഓട്ടോ മൊബൈൽസ് എന്ന സ്ഥാപനത്തെ സെലക്ട് ചെയ്ത നടപടി അംഗീകരിക്കത്തക്കതല്ല. തൻമൂലം അധികമായി നൽകിയ 69,068/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) 124 വാഹനങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും 123 വാഹനങ്ങളുടെ വിതരണ വിവരങ്ങൾ മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ലാത്ത വാഹനത്തിന്റെ വിലയായ 62,637/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) കരാർ പ്രകാരം പുളിമൂട്ടിൽ ഓട്ടോ മൊബൈൽസിന്റെ ഒരു വാഹനത്തിന്റെ വില, (വാഹനത്തിന്റെ വില, സൈഡ് വീൽ ഘടിപ്പിക്കൽ, ഇൻഷ്വറൻസ്, രജിസ്ട്രേഷൻ എന്നിവയുൾപ്പടെ) 54705/രൂപയാണ് (14.5% വാറ്റ് ഉൾപ്പെടാതെ). ഇൻവോയിസ് പ്രകാരം ഒരു വാഹനത്തിന്റെ വില 44,704.80 രൂപയും, 14.5% വാറ്റ് 6,482.20 രൂപയും ഉൾപ്പടെ 51,187 രൂപയാണ്. ഇത് പ്രകാരം ഒരു വാഹനത്തിന് നൽകാവുന്ന വില 61187(54705+6482) രൂപയാണ്. എന്നാൽ വാഹനം ഒന്നിന് 62637/ (7766988/ 124) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് പ്രകാരം വാഹനം ഒന്നിന് 1,450 രൂപ വീതം അധികചെലവ് വന്നിട്ടുണ്ട്. തൻമൂലം 1,79,800 (124x1450) രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികചെലവ് ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

4) സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷനിൽ ഒരു വാഹനത്തിന്റെ വില എത്ര രൂപയെന്ന് രേഖപ്പെടുത്തിയിട്ടില്ല.

5) 3/17 ൽ വാഹന വിതരണം നടത്തിയിട്ടും നാളിതുവരെയായി ഇൻവാലീഡ് ക്യാരിയേജ് എന്ന നിലയിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6) ഗുണഭോക്താക്കളിൽ ഭൂരിഭാഗം ആളുകളും ലേണേഴ്സ് ലൈസൻസ് മാത്രം ഉള്ളവരാണ്. അവർ വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് കരസ്ഥമാക്കി നിർവ്വഹണ ഉദ്യോഗസ്ഥന് ഹാജരാക്കിയിട്ടില്ല.

7) ട്രാൻസ്പോർട്ട് കമ്മീഷണറുടെ 30.3.2016ലെ സി-1/ 7121/റ്റി.സി/2016 നം സർക്കുലർ പ്രകാരം സ്കൂട്ടറിനൊപ്പം ഐ.എസ്.ഐ. മുദ്രയുള്ള ഹെൽമെറ്റ് നിർബന്ധമായും നൽകിയിരിക്കണമെന്നും, നമ്പർ പ്ലേറ്റ്, റിവർ വ്യൂ മിറർ, പിൻസീറ്റ് യാത്രക്കാർക്കുള്ള കൈപ്പിടി എന്നിവ സൗജന്യമായി നൽകിയിരിക്കണം എന്നുമാണ്. എന്നാൽ 07.02.17 ന് വിതരണം ചെയ്ത 85 സ്കൂട്ടറുകൾക്കൊപ്പം മേൽ പ്രസ്താവിച്ച സാധനങ്ങൾ വിതരണം ചെയ്തിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ 10.02.17ന് സ്ഥാപനത്തിന് അയച്ച ബി-2994/16 നം കത്ത് വ്യക്തമാക്കുന്നു. ടി സാധനങ്ങൾ പിന്നീട് വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

8) 60 വയസ്സിന് മുകളിലുള്ളവർക്കും വാഹനം വിതരണം ചെയ്തതായി കാണുന്നു.

9) സബ്സിഡി മാർഗരേഖ 4/2016 -ത.സ്വ.ഭ.വ. തീയതി 11.01.16 പ്രകാരം 50,000/-രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്കാണ് ആനുകൂല്യത്തിന് അർഹത ഉള്ളത്. എന്നാൽ ഇത് പാലിക്കാതെ ആനുകൂല്യം അനുവദിച്ചിട്ടുള്ളതായി കാണുന്നു.

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.2/5.11.17 ന് മറുപടി ലഭ്യമാക്കിയില്ല. അധികമായി ചെലവഴിച്ച 2,48,868/- രൂപ (69068+179800)ഈടാക്കി അറിയിക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 3-3 തെരുവുനായ നിയന്ത്രണം - വ്യക്തമായ കർമ്മപരിപാടി തയ്യാറാക്കിയിട്ടില്ല

കോട്ടയം ജില്ലാപഞ്ചായത്തിന്റെ 2015-16 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന തെരുവുനായ നിയന്ത്രണം (803/16)എന്ന സംയുക്തപ്രോജക്ടിനു വേണ്ടി ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും നഗരസഭകളിൽ നിന്നും ആകെ 1,65,66,818 രൂപ സമാഹരിച്ചിരുന്നു. 15000 തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടതെങ്കിലും 883 നായ്ക്കളെ മാത്രമാണ് വന്ധ്യംകരണത്തിന് വിധേയമാക്കിയത്. ആകെ 64,45,749 രൂപ ചെലവഴിച്ചിട്ടുണ്ട്. (പദ്ധതി നടത്തിപ്പിലെ അപാകതകൾ ജില്ലാപഞ്ചായത്തിന്റെ 2015-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക ൽ വിശദീകരിച്ചിട്ടുണ്ട്.)2016 മാർച്ച് മാസം ടി പദ്ധതി താല്ക്കാലികമായി നിർത്തിവെയ്ക്കാനും അടുത്ത സാമ്പത്തികവർഷം ഭേദഗതി ചെയ്ത് നടപ്പാക്കാനും 21.3.16ൽ ചേർന്ന ജനറൽകമ്മിറ്റി 1(1)-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിരുന്നു. അതിൻപ്രകാരം 2016-17 വർഷം 1,11,20,000 രൂപ വകയിരുത്തി പ്രോജക്ട് നം.623/17 രൂപീകരിച്ചെങ്കിലും പദ്ധതി എങ്ങനെ നടപ്പാക്കണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ രൂപരേഖയോ, കാഴ്ചപ്പാടോ ഉണ്ടായിരുന്നില്ല. തെരുവുനായപ്രശ്നം പരിഹരിക്കുന്നതിനുള്ള എബിസി-ഏആർ പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീ രൂപീകരിക്കുന്ന മൈക്രോസംരംഭയൂണിറ്റുകളെ അംഗീകരിച്ചുകൊണ്ട് സ.ഉ(സാധാ നം.) 1450/17 /തസ്വഭവ തീയതി 5.5.17 പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. ഈ ഉത്തരവ് ആധാരമാക്കി സമഗ്ര എബിസി ഏആർ പരിപാടിയുടെ നിർവ്വഹണ ഏജൻസിയായി കുടുംബശ്രീ മിഷനെ തെരഞ്ഞെടുക്കുകയും 7.9.17 തീയതിയിൽ 10 ലക്ഷം രൂപ കൈമാറുകയും ചെയ്തു. തുടർന്ന് 2017-18 വർഷം 1,00,00,000 രൂപ അടങ്കലിൽ പ്രോജക്ട് നം. 851/18 രൂപീകരിച്ച് അംഗീകാരം വാങ്ങുകയും കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് ധനവിനിയോഗാനുമതി നൽകുകയും ചെയ്തു.

പദ്ധതിയുടെ നിലവിലെ നടത്തിപ്പുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

വ്യക്തമായ കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടില്ല

ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും പദ്ധതിവിഹിതത്തിൽ നിന്ന് സമാഹരിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക ലക്ഷ്യപ്രാപ്തിയുക്തകംവിധം ഫലപ്രദമായി വിനിയോഗിക്കുന്നതിന് വ്യക്തമായ കർമ്മപരിപാടികളൊന്നും നിലവിലും ആവിഷ്കരിച്ചിട്ടില്ല. ത്രിതലപഞ്ചായത്ത് സംവിധാനത്തിന്റെ മേൽത്തട്ടിൽ നിൽക്കുന്ന ജില്ലാപഞ്ചായത്ത് ആവശ്യമായ മുന്നൊരുക്കം നടത്താതെയും വ്യക്തമായ ഒരു കർമ്മപരിപാടി തയ്യാറാക്കാതെയും ഒരു ബൃഹത് പ്രോജക്ട് നടപ്പാക്കാൻ ശ്രമിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

ആവശ്യമായ മുന്നൊരുക്കം നടത്തിയിട്ടില്ല

ഫീൽഡ് സർവ്വേ, മൃഗസംരക്ഷണവകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ, പഞ്ചായത്ത് ഡയറക്ടർ /നഗരകാര്യഡയറക്ടർ തയ്യാറാക്കേണ്ട മാതൃകാപ്രോജക്ടുകൾ ഇവയൊന്നും കൂടാതെ 2015-16വർഷം ആരംഭിച്ച പദ്ധതി പരാജയപ്പെടുകയാണുണ്ടായത്. എങ്കിലും അപാകതകൾ പരിഹരിക്കാതെയും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താതെയുമാണ് വീണ്ടും പദ്ധതി നടപ്പാക്കുന്നത്. താലൂക്ക് തലത്തിൽ വെറ്ററിനറി പോളിക്ലിനിക്കുകളുടെ അപ്ഗ്രഡേഷൻ പൂർത്തീകരിക്കുകയും പഞ്ചായത്തുതല വെറ്ററിനറി ക്ലിനിക്കുകളിൽ തെരുവുനായ വന്ധ്യംകരണത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സജ്ജീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

പ്രോജക്ടിന്റെ ആസൂത്രണത്തിലെ അപാകതകൾ

ജില്ലാപഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിയിൽ ഒരു കോടി രൂപ അടങ്കലിൽ പ്രോജക്ട് നം.851/18 തയ്യാറാക്കി അംഗീകാരം വാങ്ങുകയും കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് ധനവിനിയോഗാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തെരുവുനായനിയന്ത്രണപദ്ധതിയിൽ ഒരു നിർവ്വഹണഏജൻസിയെന്ന നിലയിൽ കുടുംബശ്രീമിഷനെ അംഗീകരിച്ചിട്ടുണ്ടെന്നല്ലാതെ ബൃഹത്തായ ഒരു

പ്രോജക്ടിന്റെ പൂർണ്ണച്ചുമതല മിഷന് നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടില്ല. GO(Rt)No.2840/15 /LSGD/17.9.15 ഉത്തരവിൽ തെരുവുനായനിയന്ത്രണവുമായി ബന്ധപ്പെട്ട SAFE KERALA PROJECT ന്റെ സാങ്കേതികമായ നിർവ്വഹണം മൃഗസംരക്ഷണവകുപ്പും സേവനങ്ങളും ഉപകരണങ്ങളും പ്രദാനം ചെയ്യേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേല്പറഞ്ഞ അപാകതകൾ പരിഹരിച്ച് ആവശ്യമെങ്കിൽ പുനപരിശോധന നടത്തി ചിട്ടയായ ആസൂത്രണത്തോടെയും ദീർഘവീക്ഷണത്തോടെയും പ്രോജക്ട് ആവിഷ്കരിച്ച നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്ട് നടപ്പിലാക്കി

ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 200,000 രൂപ നൽകി ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന 5 ഗുണഭോക്താക്കൾക്ക് 40,000 രൂപ വീതം പലിശരഹിത വായ്പ അനുവദിയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിയതാണ് ക്ഷീരവർദ്ധിനി പ്രോജക്ട്. ടി പ്രോജക്ടിന്റെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO770/17<br>S1002/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടിഡയറക്ടർ, ക്ഷീരവികസനം |
| ചെലവ് | 1)ബിൽ നം.2/16-17 17,750,000 തീ.8.3.17(88 സംഘങ്ങൾക്ക് 2 ലക്ഷം+150,000 രൂപ ട്രെയിനിംഗ്<br>2)ബിൽ നം.3/16-17 -1,64,00,000 തീ21.3.17(82 സംഘങ്ങൾക്ക് 2 ലക്ഷം രൂപ വീതം) |

ജി.ഒ.(എം.എസ്)നം.4/16/ത.സ്വ.ഭ.വ തീ.11.1.2016 പ്രകാരമുള്ള പുതുക്കിയ മാർഗ്ഗരേഖയിൽ ടിയിനത്തിൽ തുക ചെലവഴിക്കുന്നതിന് വ്യവസ്ഥയില്ല. ടി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിന് ആനുകൂല്യം നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഇപ്രകാരം സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറി(18)ന് മറുപടി ഹാജരാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്ട് നടപ്പിലാക്കിയതിനാൽ 3,41,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ പരാമർശിച്ച പ്രോജക്ടിലെ ഗുണഭോക്താക്കളുമായി നേരിൽ ഫോണിൽ ബന്ധപ്പെട്ടപ്പോൾ മിൽക്ക് സൊസൈറ്റിയിലെ അംഗങ്ങൾക്ക് പശുവിനെ വാങ്ങാതെ തന്നെ അവരുടെ അക്കൗണ്ടുകളിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്ത് നൽകുകയാണ് ചെയ്തിട്ടുള്ളതെന്ന് മനസ്സിലാക്കുന്നു.

ഓരോ മിൽക്ക് സൊസൈററിക്ക് നൽകുന്ന 200,000 രൂപ ഉപയോഗിച്ച് 5 ഗുണഭോക്താക്കൾക്ക് 40,000 രൂപ വിലയുള്ള പശുവിനെ വാങ്ങി നൽകുന്നു. പശുവിനെ ലഭ്യമായ ഗുണഭോക്താക്കൾ ആഴ്ച പാലളവിൽ നിന്നും 500 രൂപ വീതം തിരികെ അടയ്ക്കുന്നു. ഈ 5 ഗുണഭോക്താക്കൾ തിരികെ അടവാക്കുന്ന തുക ഉപയോഗിച്ച് സൊസൈറ്റിയിൽ പാലളക്കുന്ന മറ്റ് ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങാൻ 40,000 രൂപ ധനസഹായം നൽകുകയും, തുടർന്ന് 5വർഷവും തുക റിവോൾവ് ചെയ്യുന്ന സംഘങ്ങൾക്ക് 2 ലക്ഷം രൂപ പ്രവർത്തന മൂലധനമായി ലഭിക്കുന്നു എന്നാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഇപ്രകാരം 5 വർഷവും തുക റിവോൾവ് ചെയ്തിട്ടുണ്ടോയെന്നും ഗുണഭോക്താക്കളുടെ തിരിച്ചടവ് വരുന്നുണ്ടോയെന്നും നിർവ്വഹണോദ്യോഗസ്ഥൻ തുടർ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

## 3-5-1 ഏബിൾ കോട്ടയം പദ്ധതി-വ്യത്യസ്ത പ്രോജക്ടുകൾ സമഗ്രപദ്ധതിയായി നടപ്പിലാക്കിയത്-വേണ്ടത്ര ഏകോപനം സാധ്യമായില്ല-ഹയർസെക്കണ്ടറി തലം അവഗണിക്കപ്പെട്ടു

നിർവ്വഹണ ഉദ്യോഗസ്ഥ-ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം

പ്രോജക്ട് നം-592/16-17

അടങ്കൽ-2,63,60,000/-രൂപ

ചെലവ്-1,40,08,007/-രൂപ (ആകെ 1.7 കോടി രൂപ പിൻവലിച്ചതിൽ ചെലവഴിക്കാൻ കഴിയാതിരുന്ന 29,91,993/-രൂപ ROP ചലാൻ പ്രകാരം 31.3.17ൽ സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഒടുക്കി)

2016-17 വർഷം കോട്ടയം ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത ഏറ്റവും പ്രധാനപ്പെട്ടതും വിപുലവുമായ ഒരു പദ്ധതിയായിരുന്ന ഏബിൾ കോട്ടയം (Abdul kalam Better Level Education Programme 2016-17). പൊതുവിദ്യാഭ്യാസ സംരക്ഷണപദ്ധതി എന്ന നിലയിൽ ഏറ്റെടുത്ത മേൽ പ്രോജക്ടിൽ താഴെപ്പറയുന്ന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്.

1-അധിക പഠന സമയത്തിലൂടെ വിജയശതമാനം ഉയർത്തുക

2-റിസൾട്ട് കുറവുള്ള സ്കൂളുകളിലെ അധ്യാപകർക്ക് പരിശീലനവും പഠനോപകരണ സഹായവും.

3-IKM സ്കൂൾ മാനേജ്മെന്റ് സിസ്റ്റം(സഹായ സ്കൂൾ മാനേജ്മെന്റ്)

4-കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം

5-SSLC, +2 കുട്ടികൾക്ക് കരിയർ ഗൈഡൻസ്

6-സ്കോളർഷിപ്പ് ക്ലാസുകളും കൈപ്പുസ്തകവും

7-കൗൺസലിംഗ്

8-ലഹരി വിരുദ്ധ കാമ്പയിൻ

9-SSLC പരീക്ഷാ മുന്നൊരുക്കം

10-നിയമ സാക്ഷരത

11-സ്കൂൾ പരിസരങ്ങളിൽ നിരീക്ഷണ ക്യാമറകൾ

12-ഗേൾസ് ഫ്രണ്ട്ലി ടോയ്ലററ്

13-കമ്പ്യൂട്ടർ ഹാർഡ്‌വെയർ ക്ലിനിക്ക്

14-SSLC, +2 കുട്ടികളിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ കുട്ടികൾക്ക് അവാർഡ്

15-വിദ്യാർത്ഥി ദിനാചരണം

16-യോഗാ പരിശീലനങ്ങൾ

17-ചൈൽഡ് ലൈൻ പരിപാടികൾ

18-സ്കൂളുകൾക്ക് പത്രങ്ങൾ

19-മികച്ച അദ്ധ്യാപകർക്ക് അവാർഡ്

മേൽ വിവരിച്ച പ്രകാരമുള്ള ഉപപ്രോജക്ടുകളിൽ ചുരുങ്ങിയ എണ്ണം മാത്രമാണ് പ്രോജക്ട് ആവിഷ്കരിച്ച സമയത്ത് ലക്ഷ്യമിട്ട വിധം നടപ്പിലാക്കിയത്. നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 23.11.2016 ലെ കത്ത് പ്രകാരം മേൽ ഉപപ്രോജക്ടുകളിൽ ചിലത് (അദ്ധ്യാപക പരിശീലനം, കൗൺസിലിങ്ങ്, ലഹരിവിരുദ്ധ കാമ്പയിൻ, മികച്ച വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവാർഡ്, സെമിനാറുകൾ മുതലായവ) വകുപ്പ് തലത്തിൽ നടത്തുന്നവയാകയാൽ സർക്കാരിന്റെ അനുമതി തേടണമെന്ന് ആവശ്യപ്പെട്ടു. ജില്ലാപഞ്ചായത്ത് കമ്മറ്റിയുടെ 23.11.2016 ലെ X1-ാം തീരുമാനത്തിൽ ഇവയെല്ലാം ഉപ പ്രോജക്ടുകളായതിനാൽ പ്രത്യേക സർക്കാർ അനുമതി ആവശ്യമില്ലെന്നും എങ്കിലും നിർവ്വഹണ

ഉദ്യോഗസ്ഥയുടെ അഭ്യർത്ഥന മാനിച്ച് സാധൂകരണത്തിനായി സർക്കാരിലേയ്ക്ക് കത്ത് അയക്കാവുന്നതാണെന്നും തീരുമാനിച്ചു. പ്രസ്തുത പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചതാകയാലും നിർവ്വഹണം ആരംഭിച്ചതിനാലും സാധൂകരണം ആവശ്യമില്ലെയെന്ന 15.3.17 ലെ 1074626/ഡി.എ1/2016/തസ്വഭവ നമ്പർ കത്ത് 21.3.17 ൽ ലഭിച്ചെങ്കിലും പല ഉപപ്രോജക്ടുകളുടേയും ലക്ഷ്യമിട്ട വിധമുള്ള നിർവ്വഹണം സാധ്യമായില്ല. നിർവ്വഹണം നടത്തിയ ഉപപ്രോജക്ടുകളുടെ ഫയൽ, അനുബന്ധ രേഖകൾ, തുകയുടെ സൂക്ഷിക്കലും വിനിയോഗവും, സ്കൂൾതല നടത്തിപ്പ് (തെരഞ്ഞെടുത്ത സ്കൂളുകളിൽ നേരിട്ട് സന്ദർശിച്ച് വിലയിരുത്തിയത്) എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

<u>1-തുക വാണിജ്യ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവഴിക്കുന്നു</u>

വികസന ഫണ്ടിൽ നിന്നും പിൻവലിക്കുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള SBI കോട്ടയം ടൗൺ ശാഖയിലെ 57051893693-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രസ്തുത അക്കൗണ്ടിൽ നിന്ന് ചെക്ക് പ്രകാരം തുക ചെലവഴിച്ച് വരുന്നതായി കാണുന്നു. സഞ്ചിത നിധിയിൽ നിന്നും പിൻവലിക്കുന്ന തുക ഇപ്രകാരം വാണിജ്യ ബാങ്കുകളുടെ അക്കൗണ്ടിലൂടെ ചെലവഴിക്കുന്ന നടപടി ഇത് സംബന്ധമായ ധനവിനിയോഗ മാർഗ്ഗരേഖയുടെ ലംഘനമാണ്.വികസന ഫണ്ടിൽ നിന്നും പിൻവലിക്കുമ്പോൾ തന്നെ ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന തുക യഥാർത്ഥത്തിൽ സാമ്പത്തിക വർഷം പൂർത്തീകരിച്ച് വളരെ നാളുകൾക്ക് ശേഷമാണ് പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നത്. മേൽ സൂചിപ്പിച്ച അക്കൗണ്ടിൽ കൂടി വകുപ്പുതലത്തിൽ അനുവദിക്കുന്ന ഫണ്ട് ഉൾപ്പടെയുള്ളവയുടെ വിനിമയം നടക്കുന്നതിനാൽ കണക്കുകളുടെ സൂക്ഷിപ്പിലും സങ്കീർണ്ണ സ്ഥിതിയാണ് കാണപ്പെടുന്നത്. പ്രസ്തുത അക്കൗണ്ടിൽ കൂടിയുള്ള സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്ന കാഷ് ബുക്ക് പ്രകാരം ആകെ 27,51,661/-രൂപ മാത്രമാണ് ബാലൻസായി അവശേഷിക്കുന്നതെങ്കിലും പാസ് ബുക്ക് പ്രകാരം 42,13,319/- രൂപ അവശേഷിക്കുന്നു. ഇപ്രകാരമുള്ള വ്യതിയാനത്തിന്റെ കാരണം വിശദീകരിക്കുന്ന അനുരഞ്ജനപത്രിക തയ്യാറാക്കുകയോ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ ഇന വിവരങ്ങൾ (ഘടകങ്ങൾ) നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ടിയിരുന്ന തുകയും അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല. സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക യഥാവിധി വിനിയോഗിക്കാതെ വാണിജ്യ ബാങ്കുകളുടെ അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല.അപാകത പരിഹരിക്കേണ്ടതാണ്.

<u>2-അധിക പഠനത്തിലൂടെ വിജയശതമാനം ഉയർത്തൽ-ചെലവ് രേഖകൾ ആധികാരികമല്ല.</u>

ജില്ലയിലെ സർക്കാർ/എയ്ഡഡ് മേഖലയിലുള്ള സ്കൂളുകളിലെ 10-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് അധിക ക്ലാസുകൾ നൽകി വിജയശതമാനം ഉയർത്തുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഏകദേശം 20000 വിദ്യാർത്ഥികൾക്ക് 25 ദിവസം അധിക പഠനം നൽകുന്ന ദിവസങ്ങളിൽ ലഘുഭക്ഷണത്തിന് 20/-രൂ നിരക്കിൽ നൽകുന്നതിനുള്ള ചെലവിനായി ഒരു കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പ്രസ്തുത ഉപപ്രോജക്ടിന് വേണ്ടി 97,08,532/-രൂപ ചെലവഴിച്ചിട്ടുണ്ട്. (ഇതിൽ 97,00,887/-രൂപയും 19/-രൂപ നിരക്കിൽ വിവിധ സ്കൂളുകളിൽ ലഘുഭക്ഷണം നൽകിയ ഇനത്തിലുള്ള ചെലവും ബാക്കി മറ്റിനങ്ങളിലുള്ള ചെലവുമാണ്.)പ്രസ്തുത പ്രോജക്ട് ഏകദേശം ലക്ഷ്യമിട്ട വിധം നിർവ്വഹിച്ചിട്ടുണ്ടെങ്കിലും വിവിധ സ്കൂളുകളിൽ നിന്നും ലഭിച്ചിട്ടുള്ള ഉപ വൗച്ചറുകളുടെ എണ്ണം വളരെ കൂടുതലാകയാൽ ഇവയുടെ ആധികാരികത പരിശോധിച്ചുറപ്പ് വരുത്താതെ തന്നെ തുക നൽകേണ്ടി വരുന്ന സാഹചര്യം ന്യൂനതയായി കാണുന്നു. സ്കൂളുകളിൽ നിന്നും തുക പണമായി ചെലവഴിച്ചതായുള്ള രേഖകളാണ് ലഭ്യമാക്കിയിട്ടുള്ളത്. എല്ലാ സ്കൂളുകളിലും പി.റ്റി.എ ഫണ്ട് രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ പ്രോജക്ട് പ്രകാരം അനുവദിച്ച തുക പ്രസ്തുത ഫണ്ടിലേയ്ക്ക് തിരികെ മുതൽ കൂട്ടിയതിന്റ വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പി.റ്റി.എ ഫണ്ടിൽ കൂടിയ തുക അവശേഷിക്കുന്ന സ്കൂളുകളിൽ സ്വന്തം നിലയിൽ ഫണ്ട് കണ്ടെത്താൻ സാധിക്കുന്നതിനാൽ സ്കൂളുകൾക്കുള്ള വിഹിതം അനുവദിക്കുന്നതിനുള്ള അർഹതാ മാനദണ്ഡം ഇത് കൂടി പരിഗണിച്ച് പുതുക്കി നിശ്ചയിക്കുന്നതിനുള്ള സാഹചര്യം മേലിൽ പരിഗണിക്കാവുന്നതുമാണ്.

<u>3-സഹായ സ്കൂൾ മാനേജ്മെന്റ് പ്രോജക്ട്-സ്കൂൾതല പ്രവർത്തനം പൂർണ്ണതോതിൽ നടപ്പിലായില്ല-</u>

എസ്.എം.എസ് ചാർജിനത്തിൽ ഐ.കെ.എം ലേയ്ക്ക് കൂടുതൽ തുക ഒടുക്കി.

ഈ ഉപ പ്രോജക്ടിന് വേണ്ടി തൻവർഷം വകയിരുത്തിയിരുന്ന 12,00,000/-രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്.(1176000/-രൂപ ഡി.ഡി.നം.962800 തീ 23.5.17 പ്രകാരം ഐ.കെ.എം ന് നൽകി, 24,000/-രൂപ ആദായനികുതിയിനത്തിൽ കിഴിവ് ചെയ്തിട്ടുണ്ട്). സ.ഉ(സാധാ) നം.2486/2015/തസ്വഭവ തീ 12.8.15 ലെ വ്യവസ്ഥകൾ പ്രകാരം ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള സഹായ സ്കൂൾ മാനേജ്മെന്റ് എന്ന സോഫ്റ്റ്‌വെയർ എല്ലാ സ്കൂളുകളിലും വിന്യസിക്കുന്നതിനും വിദ്യാർത്ഥികളുടെ അറ്റൻഡൻസ് ട്രാക്കിങ്ങിന് ഉൾപ്പടെ പ്രയോജനപ്പെടുത്തുന്നതിനുമാണ് ലക്ഷ്യമിട്ടിരുന്നത്. ഐ കെ എം ന്റെ 17.3.17 ലെIKM/Imple(sms)/3574/2016 നമ്പർ ഇൻവോയ്സ് പ്രകാരം ആകെ 93074 വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള SMS ചാർജിനത്തിൽ ഒരു വിദ്യാർത്ഥിക്ക് 10/-രൂപ നിരക്കിൽ 9,30,740/-രൂപയും (നികുതി ഉൾപ്പടെ 10,70,351/-രൂപ) മറ്റിനങ്ങളിൽ (Administration charge, Software Maintenance.Technical Support, Training മുതലായവ) 250 വിദ്യാർത്ഥികൾ ഒരു യൂണിറ്റ് എന്ന് കണക്കാക്കി 493 യൂണിറ്റിന് 1,000/-രൂപ നിരക്കിൽ 4,93,000/-രൂപയും (നികുതി ഉൾപ്പെടെ 5,66,950/-രൂപ)ആണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഇൻവോയ്സ് പ്രകാരമുള്ള ആകെ തുക 16,37,301/-രൂപയാണെങ്കിലും തൻവർഷം അടങ്കൽ തുകയിൽ പരിമിതപ്പെടുത്തിയാണ് തുക നൽകിയിട്ടുള്ളത്. ബാക്കി തുക നൽകുന്നതിന് തൻവർഷം സ്പിൽഓവർ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഐ കെ എമ്മുമായി 24.3.17 ൽ ഏർപ്പെട്ട കരാർ പ്രകാരം ഒരു വർഷത്തിനുള്ളിൽ സ്കൂൾ തലത്തിൽ പ്രോജക്ട് പൂർണ്ണമായി നടപ്പിലാക്കേണ്ടതുണ്ട്. എന്നാൽ ഐ കെ എമ്മിൽ നിന്നും ലഭ്യമാക്കിയ 2.8.17 ലെ പുരോഗതി റിപ്പോർട്ട് പ്രകാരം ആകെ 229 സ്കൂളുകളിൽ 52 എണ്ണത്തിൽ മാത്രമാണ് സഹായ സോഫ്റ്റ്‌വെയർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതെന്നും 19.8.17 ലെ റിപ്പോർട്ട് പ്രകാരം 190 സ്കൂളുകളിൽ പ്രവർത്തനം നടന്നു വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ സ്കൂൾ തലത്തിലുള്ള നടത്തിപ്പ് വിലയിരുത്തുന്നതിനായി 9.11.17 ൽ ഏതാനും സ്കൂളുകൾ സന്ദർശിച്ചതിൽ ഹാജരാകാത്ത കുട്ടികളുടെ വിവരം യഥാസമയം സോഫ്റ്റ്‌വെയറിലൂടെ അപ്‌ലോഡ് ചെയ്യുന്നതിൽ ചില സ്കൂളുകളിൽ വീഴ്ച്ച വന്നിട്ടുള്ളതായി കാണപ്പെട്ടു.(ഉദാ-പള്ളം സി എം എസ് ഹൈസ്കൂൾ). എല്ലാ സ്കൂളുകളിൽ നിന്നും യഥാസമയം വിവരം അപ്‌ലോഡ് ചെയ്താൽ മാത്രമെ പദ്ധതിയുടെ പ്രയോജനം ലഭിക്കൂ. ആയതിനാൽ എല്ലാ സ്കൂളുകളിൽ നിന്നും കൃത്യമായ വിവരം യഥാസമയം അപ്‌ലോഡ് ചെയ്യുന്നുണ്ടെന്ന് കൃത്യമായി നിരീക്ഷിക്കേണ്ടതാണ്. മാത്രമല്ല എല്ലാ സ്കൂളുകളിൽ നിന്നും ഹാജരാകാത്ത കുട്ടികളുടെ വിവരം മാത്രമാണ് അപ്‌ലോഡ് ചെയ്യുന്നതെന്നതിനാലും നടപ്പ് സാമ്പത്തിക വർഷം ആദ്യ പകുതിക്ക് ശേഷമാണ് ചുരുക്കം ചില സ്കൂളുകളിൽ നിന്നെങ്കിലും പ്രസ്തുത പ്രവർത്തനം ആരംഭിച്ചതെന്നതിനാലും യഥാർത്ഥത്തിൽ ഐ കെ എം ൽ നിന്ന് 93074 വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള തുക SMS ചാർജായി അതാത് ടെലികോം കമ്പനിയിലേയ്ക്ക് ഒടുക്കേണ്ടി വരില്ലയെന്ന് വ്യക്തമാണ്. ആയതിനാൽ ഈയിനത്തിൽ ഐ കെ എം ലേയ്ക്ക് ഒടുക്കിയ തുകയിൽ അധികമായി അവശേഷിക്കുന്ന തുക കണക്കാക്കി അടുത്ത സാമ്പത്തിക വർഷത്തെ ചാർജിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല ഇപ്രകാരമുള്ള അറ്റൻഡൻസ് ട്രാക്കിങ്ങ് കൂടുതൽ പ്രാധാന്യത്തോടെ ഏർപ്പെടുത്തേണ്ട ഹയർ സെക്കണ്ടറി തലത്തിൽ ഇത് വേണ്ടവിധം പ്രയോജനപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

4-യോഗാപരിശീലനം -പ്രോജക്ട് ലക്ഷ്യമിട്ടവിധം നടപ്പിലാക്കിയില്ല.-നേട്ടം വിലയിരുത്തിയിട്ടില്ല.

കോട്ടയം ജില്ലയിലെ എല്ലാ ഗവ/എയ്ഡഡ് സ്കൂളുകളിലെയും അദ്ധ്യാപകർക്ക് പരിശീലനം നൽകി അവർ കുട്ടികൾക്ക് 5 ദിവസം പരിശീലനം നൽകുന്നതിനായിരുന്നു 15 ലക്ഷം രൂപ വകയിരുത്തി യോഗാപരിശീലനം എന്ന പ്രോജക്ട് ആവിഷ്കരിച്ചത്. അദ്ധ്യാപകർക്ക് 6 സ്കൂളുകളിൽവച്ച് യോഗാപരിശീലനം നൽകിയതിനായി ആകെ 1,53,475 രൂപ ചെലവഴിച്ചു. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ വിവിധ ഡി.ഇ.ഒ മാർക്കയച്ച 25.02.2017 ലെ എച്ച് 1/13256/16(12)-ാം നം കത്തിൽ എല്ലാ സ്കൂളുകളിലെയും 8, 9 ക്ലാസുകളിലെ കുട്ടികൾക്ക് യോഗപരിശീലനം നൽകിയതിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 3 സ്കൂളുകളിൽ നിന്നു മാത്രമാണ് കുട്ടികൾക്ക് നൽകിയതായി റിപ്പോർട്ട് നൽകിയിരിക്കുന്നത്. 5 സ്കൂളുകൾ സന്ദർശിച്ചതിൽ 2017-18 വർഷം യോഗപരിശീലനം നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

5-ഹാർഡ് വെയർ ക്ലീനിക്ക്

പ്രസ്തുത ഉപപ്രോജക്ടിനായി വകയിരുത്തിയിരുന്ന 20 ലക്ഷം രൂപയിൽ 9,38,679/-രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. കെൽട്രോൺ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പ്രോജക്ട് ലക്ഷ്യമിട്ട പ്രകാരം സ്കൂളുകളിലെ ഹാർഡ് വെയറുകളുടെ വിവരം ശേഖരിച്ച് ഇതിൽ നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതും എന്നാൽ നന്നാക്കാൻ കഴിയുന്നതുമായ ഡെസ്ക് ടോപ്പ്, ലാപ്പ്ടോപ്പ്, യു പി എസ്, എൽ സി ഡി പ്രൊജക്ടറുകൾ മുതലായവ വിവിധ വിദ്യാഭ്യാസ ജില്ലാ കേന്ദ്രങ്ങളിൽ നടത്തിയ ക്യാമ്പിലൂടെ നന്നാക്കി നൽകി. ഇത്രയും ഹാർഡ് വെയറുകൾ പുതിയതായി വാങ്ങേണ്ടി വരുകയായിരുന്നെങ്കിൽ ചെലവഴിക്കേണ്ടി വരുമായിരുന്ന തുകയുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 22 ലക്ഷം രൂപയുടെ ലാഭമുണ്ടായതായാണ് കെൽട്രോൺ അറിയിച്ചിട്ടുള്ളത്. നന്നാക്കപ്പെട്ട ഹാർഡ്വെയറുകളുടെ ഇപ്പോഴത്തെ പ്രവർത്തനക്ഷമത വ്യക്തമല്ലാത്തതും ഇത് സംബന്ധമായ ഹാർഡ് വെയർ രജിസ്റ്റർ ലഭ്യമല്ലാത്തതിനാലും പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ലെങ്കിലും പൊതുവായ വിലയിരുത്തലിൽ ഇത് ഒരു മാതൃകാപരമായ പ്രോജക്ട് ആണെന്ന് കാണുന്നു. നന്നാക്കുന്നതിനായി ഹാജരാക്കിയ ഹാർഡ് വെയറുകളിൽ നന്നാക്കാൻ കഴിയാതിരുന്നവ ഇ വെയ്സ്റ്റ് ആയി കണക്കാക്കി നീക്കം ചെയ്യാനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

6-ലക്ഷ്യമിട്ട വിധം നിർവ്വഹിക്കാത്ത പ്രോജക്ടുകൾ

മേൽ പ്രോജക്ടിൽ ഉൾപ്പെട്ടിരുന്ന ലക്ഷ്യമിട്ടവിധമല്ല നിർവ്വഹണം നടത്തിയത്. യോഗാ പരിശീലനം, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനം (20 ലക്ഷം വകയിരുത്തിയതിൽ 34,425/-രൂപ മാത്രം ചെലവഴിച്ച് മോഡ്യൂൾ തയ്യാറാക്കി ഇ മെയിൽ മുഖാന്തിരം സ്കൂളുകൾക്ക് നൽകി.),തന്മൂലം പ്രസ്തുത പ്രോജക്ടിന് വേണ്ടി വകയിരുത്തിയിരുന്ന തുക മറ്റ് പ്രോജക്ടുകൾക്കായി വകമാറ്റുന്നതിനോ വിനിയോഗിക്കുന്നതിനോ സാധിച്ചില്ല.

ഏബിൾ പ്രോജക്ട് നടത്തിപ്പിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യമായ വിഷയങ്ങളിൽ കൂടുതൽ വിശദീകരണം നൽകേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുമാണ്.

## 3-5-2 കോട്ടയം ജില്ലയിലെ വിവിധ ഹൈസ്കൂൾ , ഹയർസെക്കന്ററി സ്കൂളുകളിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിക്കൽ - പ്രോജക്ട് നാളിതു വരെ ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം - 792/17

ചെലവ് - 50 ലക്ഷം രൂപ (മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

(ബിൽ നം - 5/17/28.03.17)

കോട്ടയം ജില്ലയിലെ 35 സർക്കാർ സ്കൂളുകളിൽ സി.സി.ടി.വി.ക്യാമറ സ്ഥാപിക്കാനായി 50 ലക്ഷം രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി.ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം ഓഫീസിൽ നിക്ഷേപിച്ചു.(ചലാൻ നം. - 9605/29/03/17). പ്രോജക്ട് രൂപീകരണഫോമിൽ സി.സി.ടി.വി.ക്യാമറയുടെ യൂണിറ്റ് കോസ്റ്റായി 25,000 രൂപ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പി.ഡബ്ല്യൂ.ഡി.ഇലക്ട്രോണിക്സ് ഡിവിഷന്റെ എസ്റ്റിമേറ്റിൽ ഒരു യൂണിറ്റിന് ശരാശരി 1.25 ലക്ഷം രൂപയാണ് കണക്കാക്കിയിരിക്കുന്നത്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. 09.11.17 ൽ വിവിധ സ്കൂളുകളിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ സി.സി.ടി.വി.കൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ലാത്തതായി കണ്ടു. പ്രോജക്ട് പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി ആരംഭിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി.ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരവുമായി കരാറിലേർപ്പെടേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിയ്ക്കാത്തതിനാൽ പി.ഡബ്ല്യൂ.ഡി.ഇലക്ട്രോണിക്സ് ഡിവിഷനിൽ നിക്ഷേപിച്ച അമ്പത് ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5-3 തോട്ടയ്ക്കാട് ഗവ.ഹൈസ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ - നിർവഹണത്തിലെ അപാകത

പ്രോജക്ട് നം - 1003/17

അടങ്കൽ - 5 ലക്ഷം (മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്))

ചെലവ് - ഇല്ല.

സ്കൂളിൽ നിന്നുള്ള ആവശ്യകതാ നിർണ്ണയത്തിന് ശേഷം ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിനായി 23.3.17 ൽ ആർട്ട്കോ എന്ന ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടു. ഫർണിച്ചർ വിതരണത്തിനായി 4,99,641 രൂപയുടെ ഇൻവോയ്സ് 28.03.17 ൽ ആർട്ട്കോ സമർപ്പിച്ചെങ്കിലും 31.03.17 ൽ 4,28,577 രൂപയുടെ ഫർണ്ണിച്ചർ മാത്രമേ വിതരണം ചെയ്തിരുന്നുള്ളൂ. എന്നാൽ ഉപവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 17.03.17 ന് തന്നെ 4,99,641 രൂപയുടെ അലോട്ട്മെന്റ് ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെടുകയും, സെക്രട്ടറി 29.03.17 ന് അലോട്ട്മെന്റ് അനുവദിക്കുകയും ചെയ്തു. എന്നാൽ ഫർണ്ണിച്ചർ പൂർണ്ണമായും വിതരണം ചെയ്തില്ലെന്നു കണ്ടതിനെ തുടർന്ന് 31.03.17 ൽ 4,28,577 രൂപയുടെ പുതിയ അലോട്ട്മെന്റ് ചേർത്ത് ബിൽ സമർപ്പിച്ചപ്പോൾ, തുക പൊരുത്തപ്പെടാത്തതിനാൽ ട്രഷറി ബിൽ നിരാകരിച്ചു. ആകയാൽ 2016-17 ൽ തുക ചെലവഴിക്കുന്നതിനോ വിതരണ ഏജൻസിക്ക് തുക നൽകുന്നതിനോ കഴിഞ്ഞില്ല. യഥാർത്ഥത്തിൽ വിതരണം ചെയ്ത ഫർണിച്ചറുകളുടെ വില പരിഗണിക്കാതെ അലോട്ട്മെന്റ് ആവശ്യപ്പെട്ടതിന്റേയും ട്രഷറിയിൽ ബിൽ സമർപ്പിച്ചതിന്റേയും കാരണം വ്യക്തമല്ല. മാത്രമല്ല വിതരണ ഏജൻസിക്ക് തുക നൽകുന്നതിന് വേണ്ടി മാത്രം സ്പിൽഓവർ പ്രോജക്ട് തയ്യാറാക്കേണ്ടതായും വന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ജില്ലാ പഞ്ചായത്തിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചത് 21.03.2017 ൽ മാത്രമാണെന്നും, സാമ്പത്തികവർഷം അവസാനിക്കാറായ സാഹചര്യത്തിൽ പ്രോഫോർമ ഇൻവോയ്സ് അടിസ്ഥാനമാക്കി അലോട്ട്മെന്റ് റിക്വസ്റ്റ് ചെയ്യേണ്ടിവന്നതായും അറിയിച്ചു. പ്രോജക്ട് യഥാസമയം ആവിഷ്കരിച്ച് നടപ്പാക്കാൻ ജില്ലാപഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഗുണനിലവാരം മുൻകൂർ പരിശോധിക്കാൻ കഴിയാതെ വന്നതും ഈ സമയക്കുറവ് മൂലം തന്നെയാണ്. ഫർണ്ണിച്ചർ പൂർണ്ണമായും വിതരണം ചെയ്തതിന് ശേഷം 06.05.17 ൽ മാത്രമാണ് പരിശോധനയ്ക്കായി വനംവകുപ്പ് ഉദ്യോഗസ്ഥന്റെ സേവനം ആവശ്യപ്പെട്ടിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് പ്രൊക്യൂർമെന്റ് മാനേജ്മെന്റ് കമ്മിറ്റി ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷം മാത്രം കരാറിൽ ഏർപ്പെടുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഔഷധിയിൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല 30,20,318/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| 1 | പ്രോജക്ട് നം. | : | 14/17-സമഗ്ര വയോ ആരോഗ്യസുരക്ഷാ പദ്ധതി (പട്ടികജാതി വിഭാഗം) |
| 2 | പ്രോജക്ട് നം. | : | 752/17- കോട്ടയം ജില്ലാ പഞ്ചായത്ത് പകർച്ചവ്യാധി പ്രതിരോധ മരുന്ന് വാങ്ങൽ |
| 3 | പ്രോജക്ട് നം. | : | 801/17-സമഗ്ര വയോ ആരോഗ്യസുരക്ഷാ പദ്ധതി ജനറൽ വിഭാഗം |
| | നിർവ്വഹണ ഉദ്യോഗസ്ഥ | : | ജില്ലാ മെഡിക്കൽ ഓഫീസർ (ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ) |

മേൽ പ്രോജക്ടുകൾ പ്രകാരം ജില്ലയിലെ വിവിധ ആയുർവ്വേദ ആശുപത്രികൾ, ആയുർവ്വേദ ഡിസ്പെൻസറികൾ എന്നിവയ്ക്കായി മരുന്നുകൾ ലഭ്യമാക്കുന്നതിന് ഔഷധി -യ്ക്ക് മുൻകൂർ തുക നൽകിയിരുന്നു. എന്നാൽ ഓഡിറ്റ് തീയതി വരെ മുഴുവൻ മരുന്നുകളും സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | ഔഷധിയ്ക്ക് നല്കിയ തുക | ബിൽ നം./തീയതി | ലഭ്യമാക്കിയ മരുന്നുകളുടെ തുക | ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 14/17 | 10,00,000 | 162/16-17 /09.03.17 | 3,73,002 | 6,26,998 |
| 2 | 752/17 | 15,00,000 | 141/16-17 /28.02.17 | 13,50,016 | 1,49,984 |
| 3 | 801/17 | 71,69,089 | 161/16-17 /09.03.17 | 76,37,108 | 22,43,336 |
| | | 2711355 | 189/16-17 /31.03.17 | | |
| | ആകെ | | | | 30,20,318 |

മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 30,20,318/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും, മരുന്നുകൾ മുഴുവൻ ലഭ്യമാക്കിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

കൂടാതെ ജില്ലയിലെ ആയുർവ്വേദ ആശുപത്രികൾക്ക് ജില്ലാപഞ്ചായത്തിന്റെ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനു പുറമെ എല്ലാ ഗ്രാമപഞ്ചായത്തുകളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവ്വേദ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ മരുന്നുകളുടെ യഥാർത്ഥ ആവശ്യകത, ലഭ്യത എന്നിവ കൃത്യമായി കണക്കാക്കുകയും, വയോജന ആരോഗ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടുന്ന അർഹരായവരുടെ കൃത്യമായ എണ്ണം എന്നിവ കണക്കാക്കി വേണം പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. ഇപ്രകാരം യഥാർത്ഥ ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കാൻ സാധിക്കാത്തതിനാൽ പ്രോജക്ട് നം.14/17 പ്രകാരം അനുവദിച്ച അലോട്ട്മെന്റിൽ 6,60,000/- രൂപ തിരിച്ചടയ്ക്കേണ്ടിവന്ന സാഹചര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല—ചെലവ് തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നം. | : | 773/2017-മണർകാട് പൗൾട്രി ഫാമിൽ വൈദ്യുതീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.ഡയറക്ടർ, റീജിയണൽ പൗൾട്രി ഫാം മണർകാട് |
| ചെലവ് | : | 2,97,000/- |
| അടങ്കൽ | | 3,00,000 |
| ബിൽ നം. | : | 1/P/101256 തീയ31.03.2017 |

മണർകാട് പൗൾട്രി ഫാമിലെ ഓഫീസ് കെട്ടിടം, തൊഴിലാളികളുടെ വിശ്രമമുറി എന്നിവയുടെ റീവയറിംഗ് നടത്തുന്നതിനായി 2.97 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ കോട്ടയം-ന്റെ പേരിൽ (ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന്) 31.03.2017 ൽ മാറി നൽകിയിട്ടുണ്ട്. ടി വയറിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും, പി.ഡബ്ല്യു.ഡി.യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആയതിനാൽ 2.97 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8-1 കുറിച്ചി പറയനടി പാടശേഖരം-അടിസ്ഥാന സൗകര്യങ്ങളില്ല

പ്രോജക്ട് നമ്പർ-648/17

പ്രോജക്ടിന്റെ പേര്-കുറിച്ചി പറയനടി പാടശേഖരത്തിന് പെട്ടി, പറ, അടിസ്ഥാന സൗകര്യവികസനം

ചെലവ്-309500(വികസന ഫണ്ട്)

ബിൽ നമ്പർ-8/16-17 31.3.17

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,കൃഷി നിർവ്വഹിച്ച ടി പ്രോജക്ടിൽ കുറിച്ചി പറയനടി

പാടശേഖരത്തിന് 10 HP മോട്ടോർ , പെട്ടി,പറ എന്നിവ വാങ്ങിനൽകിയിട്ടുണ്ട്. പാടശേഖരത്തിന്റെ പുറം ബണ്ട് മണ്ണിട്ടുയർത്തൽ (500 മീറ്റർ നീളം,30 മീറ്റർ വീതി) പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. 13.11.17 ന് ടി സ്ഥലത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തി. യാതൊരു അടിസ്ഥാനസൗകര്യവുമില്ലാത്ത സ്ഥലത്താണ് നിലവിൽ പെട്ടിയും പറയും മോട്ടോറും സ്ഥാപിച്ചിരിക്കുന്നത് .

25 ഏക്കറോളം കൃഷി ചെയ്യുന്ന ടി പാടശേഖരം നിലവിൽ ബണ്ട് പൊട്ടി വെള്ളം കയറുന്ന അവസ്ഥയിലാണ്. ബണ്ടിന് ഉയരമില്ലാത്തതിനാൽ സമീപത്തുള്ള കനാലിൽ നിന്ന് വെള്ളം കയറി കൃഷി നശിക്കുന്ന അവസ്ഥയാണുള്ളത്. മോട്ടോർ ഷെഡ് സ്ഥാപിച്ചിട്ടില്ല. ജീർണ്ണിച്ച് ഇടിഞ്ഞ് വീഴാറായ ഷെഡിലാണ് മോട്ടോർ സ്ഥാപിച്ചിരിക്കുന്നത്. അടിസ്ഥാനസൗകര്യവികസനത്തിന് പ്രോജക്ടിൽ തുക വകകൊള്ളിച്ചിട്ട് ആയത് നിർവ്വഹിക്കാതിരിന്നതുമൂലമാണ് ടി അപാകതകളുണ്ടായിട്ടുള്ളത്. അടിയന്തിരമായി തുടർ പ്രവർത്തനങ്ങൾ നടത്തി പാടശേഖരം സംരക്ഷിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8-2 വിവിധ പാടശേഖരസമിതികൾക്ക് പെട്ടി,പറ,മോട്ടോർ-കരാറിലേർപ്പെട്ടില്ല

അസി.എക്സി.എഞ്ചിനീയർ,കൃഷി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി തൻവർഷം പെട്ടി,പറ,മോട്ടോർ എന്നിവ വാങ്ങി വിവിധ പാടശേഖരസമിതികൾക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ചെലവ് | വാങ്ങിയത് | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | 647/17,പൂവംകിഴക്ക് പാടശേഖരത്തിന് പെട്ടി,പറ,മോട്ടോർ | 407000(വികസനഫണ്ട്) | 20 HP പെട്ടി,പറ,മോട്ടോർ | 2/16-17 31.3.17 |
| 2 | 659/17,മുണ്ടാർ 7 പാടശേഖരത്തിന് പെട്ടി,പറ | 314500(വികസനഫണ്ട്) | 30 HP പെട്ടി,പറ | 6/16-17 31.3.17 |
| 3 | 633/17,ഉള്ളാട്ടുകര പാടശേഖരത്തിന് പെട്ടി,പറ,മോട്ടോർ | 408500(വികസനഫണ്ട്) | 20 HP പെട്ടി,പറ,മോട്ടോർ | 4/16-17 31.3.17 |
| 4 | 637/17,പുതുപ്പള്ളി എരണം പാടശേഖരത്തിന് പെട്ടി,പറ,മോട്ടോർ | 400000(വികസനഫണ്ട്) 6000(തനത് ഫണ്ട്) | 20 HP പെട്ടി,പറ,മോട്ടോർ | 7/16-17 31.3.17 |
| 5 | 648/17,പറയനടി പാടശേഖരത്തിന് പെട്ടി,പറ,മോട്ടോർ | 309500(വികസനഫണ്ട്) | 10 HP പെട്ടി,പറ,മോട്ടോർ | 8/16-17 31.3.17 |

പെട്ടി, പറ, മോട്ടോർ എന്നിവ വാങ്ങി വിവിധ പാടശേഖരസമിതികൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഫയലുകളിൽ പാടശേഖരസമിതികളുടെ ഇവ കൈപ്പറ്റിയതിന്റെ രേഖകളില്ല. യന്ത്രങ്ങളുടെ പരിപാലനം, നടത്തിപ്പ്, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച് പാടശേഖരസമിതികളുമായി കരാറിലേർപ്പെട്ടിട്ടില്ല. കരാറിലേർപ്പെടേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. യന്ത്രങ്ങളുടെ പരിപാലനം സംബന്ധിച്ച് തുടർമോണിട്ടറിംഗ് ഉണ്ടാവേണ്ടതാണ്.

## 3-8-3 മൂലേക്കരി പാടശേഖരത്തിന് ലൈൻവലിക്കലും ട്രാൻസ്ഫോമർ സ്ഥാപിക്കലും- പ്രോജക്ട് ആരംഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ-1065/17

ചെലവ്-550000(വികസനഫണ്ട്)

ഡിഡി നമ്പർ 954559/18.5.17

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി നിർവ്വഹിച്ച തലയാഴം പഞ്ചായത്തിൽ ഏഴാം വാർഡിൽ മൂലേക്കരി പാടശേഖരത്തിനി ത്രീഫേസ് ലൈൻ വലിക്കുകയും ട്രാൻസ്ഫോമർ സ്ഥാപിക്കുകയുമായിരുന്നു ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, തലയാഴം 6,21,850 രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ 5,50,000 രൂപ മാത്രമാണ് തൻവർഷം പിൻവലിച്ച് കെ.എസ്.ഇ.ബി ക്ക് നൽകിയത്. ആയതിനാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആയതിനാൽ 5,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബാക്കി തുകകൂടി വകകൊള്ളിച്ച് പ്രോജക്ട് പൂർത്തിയാക്കിയശേഷം വിനിയോഗവിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8-4 കരാറുകാരന് എസ്റ്റിമേറ്റ് തുകയിലും അധികമായി തുക നൽകിയത്

പ്രോജക്ട് നം-317/2017,സ്റ്റേറ്റ് സീഡ് ഫാം കോഴയ്ക്ക് ഷെയ്ഡ് ഹൗസ് നിർമ്മാണം

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ

കരാറുകാരൻ- ശ്രീ.ജോർജ് ജോൺ, വടക്കേവീട്ടിൽ

അളവ് പുസ്തകം-15/15-16,16/15-16

കോഴ സ്റ്റേറ്റ് സീഡ് ഫാമിന് ഷെയ്ഡ് ഹൗസ് നിർമ്മിക്കുന്നതിനായി 3,19,517 രൂപയുടെ എസ്റ്റിമേറ്റിൽ പ്രോജക്ട് തയ്യാറാക്കി. എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.ജോർജ് ജോൺ വടക്കേവീട്ടിൽ എന്ന കരാറുകാരനെ നിർവ്വഹണം ഏൽപ്പിച്ചു. പ്രോജക്ടിന്റെ അളവുപുസ്തകം പരിശോധിച്ചതിൽ പ്രവർത്തിയുടെ ആകെ വേലമൂല്യം 3,16,925 രൂപയാണ്. എന്നാൽ അളവ് പുസ്തകത്തിൽ 3,23,718 രൂപ രേഖപ്പെടുത്തി കരാറുകാരന് ബിൽ തുക നൽകുകയാണ് ചെയ്തത്. ഇത്തരത്തിൽ 6,793 രൂപ കരാറുകാരന് അധികം നൽകി. അപാകത ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തുക 18.11.2017 ൽ ജില്ലാപഞ്ചായത്തിൽ (രസീത് നം. 117010100247)അടവാക്കിയിട്ടുണ്ട്.

## 3-9-1 ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഹയർ സെക്കന്ററി സ്കൂളുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

ജില്ലാപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 27 ഹയർസെക്കന്ററി സ്കൂളുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 2016-17 വർഷം 18949721 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലഴിച്ച തുക ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടോ, ധനവിനിയോഗം തൃപ്തികരമായിരുന്നോ, യഥാർത്ഥത്തിൽ ചെയ്ത പ്രവർത്തികൾക്കാണോ തുക നല്കിയിട്ടുള്ളത് എന്നിവ ഉറപ്പുവരുത്തുന്നതിനായി താഴെ പറയുന്ന പ്രവൃത്തികൾ പ്രാദേശികമായി പരിശോധിക്കുകയും ചെയ്തു. പരിശോധന നടത്തിയ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്കൂളിന്റെ പേര് | ആകെ ചെലവ് |
|---|---|
| പുതുപ്പള്ളി വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ | ചെലവില്ല |
| പായിപ്പാട് ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണി | 9,18,315/- |
| വെച്ചൂർ ദേവീ വിലാസം ഗവ.എച്ച്.എസ്.എസ് | 25,00,501/- |

| | |
|---|---|
| തൃക്കൊടിത്താനം ഗവ.ഹയർ സെക്കന്ററി സ്കൂൾ | 20,86,722/- |
| കപ്പാട് ജി.എച്ച്.എസ്.എസ് | 12,35,689/- |
| വിഴിക്കത്തോട് ആർ.വി. ജി,എച്ച്.എസ്.എസ് | 4,62,574/- |
| വാഴൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ | 4,38,501/- |

- പ്രവൃത്തികളുടെ നിർവ്വഹണ സമയത്ത് കൃത്യമായ സൂപ്പർവിഷൻ നടക്കാത്തതുമൂലം കരാറിൽ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായ മെറ്റീരിയൽസ് പ്രവൃത്തിക്ക് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.
- ഓഡിറ്റ് വർഷം ഏറ്റവും കൂടുതൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തി ജി.ഐ ഷീറ്റ് ഉപയോഗിച്ചുള്ള റൂഫ് നിർമ്മാണവും. പി.വി.സി സീലിംഗ് നിർമ്മാണവുമായിരുന്നു.അടുത്ത കാലത്തുമാത്രം പ്രചാരം ലഭിച്ച ഈ പ്രവൃത്തികളുടെ ഈടു നില്പ് സംബന്ധിച്ച വ്യക്തത വരുത്തിയിട്ടില്ല.
  പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

## 3-9-2 പുതുപ്പള്ളി വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ അറ്റകുറ്റപ്പണികൾ - അപാകതകൾ

2016-17 ൽ ആസൂത്രണം ചെയ്ത് 2017-18 ൽ നിർവ്വഹണം നടത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തി ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരം ചുവടെ ചേർക്കുന്നു. പരിശോധനാസമയത്ത് പൂർത്തിയായിട്ടുള്ളത് ഇനം 5 പ്രകാരമുള്ള ഭിത്തി പെയിന്റിംഗും, അലുമിനിയം ഷീറ്റുപയോഗിച്ചുള്ള മേൽക്കൂര നിർമ്മാണത്തിനുള്ള എം.എസ് ആംഗിൾ ട്രസ് വർക്കുമാണ്.ഇതിൽ ഭിത്തി പെയിന്റിംഗിന് എഗ്രിമെന്റ് പ്രകാരം എമൽഷൻ പെയിന്റാണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ പൂർത്തിയായ പെയിന്റിംഗിന് ഉപയോഗിച്ചിട്ടുള്ളത് എമൽഷൻ പെയിന്റാണ് എന്ന് ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

റൂഫ് നിർമ്മാണത്തിനുള്ള ട്രസ് വർക്കിന് ഡി.എസ്.ആർ 10-1 പ്രകാരമുള്ള എം.എസ് ആംഗിൾ ആണ് നിർദ്ദേശിച്ചിട്ടുള്ളത് എങ്കിലും എക്സ്ട്രാ ഇനം -1ആയി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ 1824 കി.ഗ്രാം ജി.ഐ പൈപ്പ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പരിശോധനയിൽ എം.എസ് ആംഗിൾ ഉപയോഗിച്ചാണ് ട്രസ് വർക്ക് ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. എം.എസ് ആംഗിൾ ഏതളവിലുള്ളതാണ് ഉപയോഗിക്കേണ്ടത് എന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും നിർദ്ദേശം നല്കിയിട്ടില്ല. കരാറുകാരൻ സ്വന്തം താല്പര്യ പ്രകാരം ഡിസൈൻ ചെയ്ത ട്രസ് വർക്കാണ് നിലവിൽ ചെയ്യുന്നത് എന്ന് കാണുന്നു. ഇത് മരാമത്ത് പ്രവൃത്തി ചട്ടങ്ങളുടെ ലംഘനമാണ്. ഓഡിറ്റ് സൈറ്റ് നേരിൽ പരിശോധിച്ചതിൽ പ്രവൃത്തി നിർവ്വഹണം ഗുണനിലവാരം പുലർത്തുന്നതാണെന്ന് ഉറപ്പിക്കുന്നതിന് കഴിഞ്ഞിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.



## 3-9-3 വെച്ചൂർ ദേവീ വിലാസം ഗവ.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ - പ്രവൃത്തി ഗുണനിലവാരം പുലർത്തിയില്ല, ജില്ലാ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം

| | |
|---|---|
| പ്രോജക്ട് നം. | 670/17 |
| പ്രോജക്ട് | വെച്ചൂർ ദേവീ വിലാസം ഗവ.എച്ച്.എസ്.എസ് മെയിന്റനൻസ് |

| | |
|---|---|
| അടങ്കൽ, ഫണ്ടിനം | 4000000/- |
| കരാറുകാരൻ | സേവ്യർ സി.എം |
| അളവുപുസ്തകം നമ്പർ | 61/16-17 |
| കരാർ നമ്പർ | 207/EE/LSGD/16-17 Dt. 9.2.2017 |
| കൺവീനർക്ക് നല്കിയ തുക | 2500501/-<br>(824570/- ചെക്ക് നം 282345/26.4.17)<br>(700645/-സി.ബി നം 249/16-17 തീ 30.3.17)<br>(975286/-17-18 ൽ നല്കിയത്) |

2016-17 വർഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത പ്രവൃത്തിയാണ് വെച്ചൂർ ഗ്രാമ പഞ്ചായത്തിലുള്ള ദേവീവിലാസം ഹൈസ്കൂളിന്റെ പുനരുദ്ധാരണം, നിലവിലുണ്ടായിരുന്നതും നാശോന്മുഖവുമായിരുന്ന ഇരു നില കെട്ടിടത്തിന്റെ മുകൾ നിലയുടെ തകർന്ന കോൺക്രീറ്റ് റൂഫ് സ്ലാബ് പൊളിച്ചു നീക്കുകയും സ്റ്റീൽ പൈപ്പ് ഉപയോഗിച്ച് ട്രസ് വർക്ക് നടത്തി ജി.ഐ ഷീറ്റ് മേല്ക്കൂര സ്ഥാപിക്കുകയും ഇതിനടിയിലായി ഇ-ബോർഡ് സീലിംഗ് ചെയ്യുകയും ആയിരുന്നു പ്രധാന പ്രവൃത്തികൾ. 8.11.2017 ൽ ഓഡിറ്റ് ടീം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രവൃത്തി ഭൗതിക പരിശോധന നടത്തി.

പൊളിച്ച് മാറ്റിയ സാധനങ്ങൾ നീക്കം ചെയ്തില്ല.

പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തത് 219.918 ഘ.മീ കോൺക്രീറ്റ് സ്ലാബുകൾ പൊളിച്ച് നീക്കം ചെയ്യുകയായിരുന്നു. എഗ്രിമെന്റ് അനുസരിച്ച് ഇപ്രകാരം പൊളിച്ച് നീക്കുന്ന കോൺക്രീറ്റിലെ സ്റ്റീൽ കമ്പികൾ അടുക്കി സൂക്ഷിക്കുകയും ഉപയോഗിക്കാൻ കഴിയാത്ത വസ്തുക്കൾ എഞ്ചിനീയർ നിർദ്ദേശിക്കുന്നതും 50 മീറ്ററിനുള്ളിലുള്ളതുമായ സ്ഥലത്ത് നിക്ഷേപിക്കുകയും ചെയ്യേണ്ടത് കരാറുകാരനായിരുന്നു. ഈ ആവശ്യത്തിന് 1 ഘ.മീ ന് 1432/- രൂപ നിരക്കിൽ 222685.98 രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ കെട്ടിട മാലിന്യങ്ങൾ കെട്ടിടത്തിന് ചുറ്റും നീക്കം ചെയ്യാതെയും വിദ്യാർത്ഥികളുടെ സഞ്ചാരത്തിന് തടസ്സം സൃഷ്ടിച്ചും കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. കോൺക്രീറ്റിലുണ്ടായിരുന്ന സ്റ്റീൽകമ്പികൾ കൃത്യമായി അടുക്കി സൂക്ഷിക്കാതെ അപകടകരമാം വിധം സ്കൂൾ മുറ്റത്ത് വിവിധ ഇടങ്ങളിലായി കൂട്ടിയിട്ട നിലയിലുമാണ് കാണാൻ കഴിഞ്ഞത്. അപകടാവസ്ഥ അദ്ധ്യാപകർ പരിശോധനാ സമയത്ത് ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. തുക നല്കിയിട്ടും കരാറുകാരനെക്കൊണ്ട് ഇവ യഥാസമയം നീക്കം ചെയ്യിക്കാതിരുന്നത് എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയാണ്.

കോൺക്രീറ്റിലുണ്ടായിരുന്ന സ്റ്റീൽ കമ്പികൾ 57,954/- രൂപ(സർവ്വേ റിപ്പോർട്ട് പ്രകാരം വാല്യുവേഷൻ എടുത്തത്) ലേലം നടത്തി ജില്ലാ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതായിരുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചില്ല. സുരക്ഷിതമല്ലാതെ ഇട്ടിട്ടുള്ള സ്റ്റീൽ കമ്പികൾ മോഷണം പോകുന്നതായും പരിശോധനാ സമയത്ത് കരാറുകാരനും സ്കൂൾ അദ്ധ്യാപകരും അറിയിച്ചു. യഥാസമയം മൂല്യ നിർണ്ണയം നടത്തി ലേല നടപടികൾ സ്വീകരിക്കാതിരുന്നത് ജില്ലാ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയാണ്.

ട്രസ് വർക്കിന് കരാറിൽ പറഞ്ഞിരുന്നതിൽ നിന്നും വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ചു.

പ്രവൃത്തിയുടെ ഇനം 3 ആയി ചെയ്തിട്ടുള്ളത് 8569.62 കി.ഗ്രാം സ്റ്റീൽ പൈപ്പ് ഉപയോഗിച്ചുള്ള ട്രസ് വർക്ക് ആണ്. എസ്റ്റിമേറ്റ്, എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പ്രസ്തുത പൈപ്പുകൾ 2.6 മി.മീ കനം ഉള്ളവ ആയിരിക്കണം. എന്നാൽ സ്റ്റാന്റേർഡ് അളവുകൾ പാലിക്കാത്ത പൈപ്പുകൾ ഉപയോഗിച്ചാണ് പ്രവൃത്തി നിർവ്വഹിച്ചത് എന്ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. (ഉപയോഗിച്ച പൈപ്പിന്റെ കനം ഓവർസിയർ സാക്ഷ്യപ്പെടുത്തി ഓഡിറ്റിൽ നല്കിയിട്ടുണ്ട്). ഈ പ്രവൃത്തിക്ക് എസ്റ്റിമേറ്റിൽ 150/-രൂപ കി.ഗ്രാമിന് വകയിരുത്തിയിരുന്നെങ്കിലും 113/-രൂപ നിരക്കിലാണ് കരാർ എടുത്തിരുന്നത്. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്ന പൈപ്പിന്റെ തൂക്കവും യഥാർത്ഥ കനം പ്രകാരം കണക്കാക്കിയാലുള്ള തൂക്കവും ചുവടെ ചേർക്കുന്നു.

| | അളവുപുസ്തകം പ്രകാരം ചെയ്തത് |
|---|---|

| | | | | |
|---|---|---|---|---|
| 1 | 96*48*4 | 212.6മീ@8.22കി.ഗ്രാം/മീ | 1747.57കി.ഗ്രാം | പേജ് 15 |
| 2 | 80*40*2.6 | 660മീ@4.55കി.ഗ്രാം/മീ | 3003.00കി.ഗ്രാം | പേജ്16 |
| 3 | 60*40*2.6 | 50.82@3.73കി.ഗ്രാം/മീ | 189.55 കി.ഗ്രാം | പേജ്16 |
| 4 | 50*25*2.6 | 562.84@2.71കി.ഗ്രാം/മീ | 1525.30 കി.ഗ്രാം | പേജ്18 |
| 5 | 25*25*2.6 | 1105.60@1.69കി.ഗ്രാം/മീ | 1868.46 കി.ഗ്രാം | പേജ്20 |
| | | | 8333.88 | |

| | ഭൗതിക പരിശോധനയിൽ കണ്ടതു പ്രകാരമുള്ള അളവ് (പൈപ്പിന്റെ ഉൾക്കം എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നല്കിയതനുസരിച്ചുള്ളത്) | | | |
|---|---|---|---|---|
| 1 | 96*48*2 | 212.6മീ@4.52/മീ | 960.95കി.ഗ്രാം | പേജ് 15 |
| 2 | 80*40*1.4 | 660മീ@2.64/മീ | 1742.40കി.ഗ്രാം | പേജ്16 |
| 3 | 60*40*2.6 | 50.82@3.73/മീ | 189.55 കി.ഗ്രാം | പേജ്16 |
| 4 | 50*25*1.4 | 562.84@1.65/മീ | 893.22 കി.ഗ്രാം | പേജ്18 |
| 5 | 25*25*1.2 | 1105.60@0.94/മീ | 1039.26 കി.ഗ്രാം | പേജ്20 |
| | | | 4825.38 | |

ഗുണ നിലവാരം കുറഞ്ഞ മെറ്റീരിയൽ ഉപയോഗിച്ചതുമൂലം കരാറുകാരന് അധികമായി നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ തുക 8333.88 കി.ഗ്രാമിൻ@113/കി.ഗ്രാം | 941728.44 |
| നല്കാവുന്ന തുക 4825.38കി.ഗ്രാമിന് @113/കി.ഗ്രാം | 545267.94 |
| അധികം നല്കിയത് | 396460.5 |

പ്രവൃത്തിയുടെ മേൽനോട്ടം വഹിച്ച ഓവർസിയർ അളവുരേഖപ്പെടുത്തിയ എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ ജാഗ്രതക്കുറവ് ജില്ലാപഞ്ചായത്തിന് ധനനഷ്ടം വരുന്നതിന് ഇടയായി എന്നും, പ്രവൃത്തിക്ക് അവശ്യം വേണ്ട ഗുണനിലവാരം പാലിക്കപ്പെട്ടില്ല എന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ 12-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് എസ്റ്റിമേറ്റിൽ കനം കൂടിയ പൈപ്പ് ആണ് നല്കിയിരുന്നതെന്നും ഈ ഇനം ആവശ്യമില്ലാത്തതിനാൽ കുറഞ്ഞ പൈപ്പ് ഉപയോഗിച്ചു എന്നും എന്നാൽ അളവുപുസ്തകത്തിൽ തെറ്റായി രേഖപ്പെടുത്തി അധികതുക നല്കുകയായിരുന്നു എന്നും മറുപടി നല്കി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ച കൃത്യമായ നഷ്ടം 4,00,868/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ജില്ലാപഞ്ചായത്ത് ഫണ്ടിൽ അടച്ച് രസീതും പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്.

ഇ-ബോർഡ് സീലിംഗ് -അനാവശ്യ ഇനം രേഖപ്പെടുത്തി 32841.00 രൂപ നഷ്ടപ്പെടുത്തി

പ്രവൃത്തിയുടെ ഇനം 9 ആയി ചെയ്തത് ജി.ഐ. റൂഫ് ഉള്ള കെട്ടിടത്തിന് ഇ-ബോർഡ് സീലിംഗ് നിർമ്മാണമായിരുന്നു. ഇ-ബോർഡ് സീലിംഗിന് 488.532 രൂപ/ച.മീ നിരക്കും, അലുമിനിയം ഫ്രയിം നിർമ്മിക്കുന്നതിന് ഡി.എസ്.ആർ 21.5 പ്രകാരം 515.2706 രൂപ/കി.ഗ്രാം നിരക്കും, കൂടാതെ ജി.ഐ ലവൽ അഡ്ജസ്റ്റിംഗ് ഹാങ്ങറിന് ഡി.എസ്.ആർ 21.6 പ്രകാരം 117.7097രൂപ/എണ്ണം നിരക്കും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും അളവുപുസ്തകത്തിൽ രേഖപ്പെടുത്തി തുക നല്കിയിട്ടുള്ളതും. സീലിംഗ് നിർമ്മാണത്തിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഇനം-9<br>ഇ-ബോർഡ് സീലിംഗ് | 556.86ച.മീ@488.532രൂപ/ ച.മീ | 272043.92 |
| ഇനം-8<br>അലുമിനിയം ഫ്രെയിം | 141.66കി.@515.2706രൂപ/കി.ഗ്രാം | 72993.23 |

| | | |
|---|---|---|
| ഇനം-7<br>ലവൽഅഡ്ജസ്റ്റിംഗ് ഹാങ്ങർ | 279 എണ്ണം@117.7097രൂപ/എണ്ണം | 32841.00 |
| ആകെ | | 377878.15 |

ഇനം 7 ആയി ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് കോൺക്രീറ്റ് മേൽക്കൂരയിൽ സീലിംഗ് ഉറപ്പിക്കുന്നതിനുള്ള ഇനങ്ങളാണ് (expandable dash fastener, ceiling cleats etc., ഡി.എസ്.ആർ 21-6). ഓഡിറ്റ് നടത്തിയ പരിശോധനയിൽ പ്രസ്തുത കെട്ടിടത്തിന് ആസ്ബസ്റ്റോസ് റൂഫ് ആണ് എന്ന് ബോധ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡി.എസ്.ആർ 21.6 പ്രകാരം കോൺക്രീറ്റ് മേൽക്കൂരയിൽ സീലിംഗ് ഉറപ്പിക്കുന്നതിനുള്ള ഇനങ്ങൾക്ക് നല്കിയ തുക അംഗീകരിക്കാൻ കഴിയില്ല. നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം<br>(MB NO. 61/16-17 Page-85-90) | എണ്ണം | നിരക്ക് എണ്ണത്തിന് | ആകെ |
|---|---|---|---|
| Providing and fixing 6mm dia GI level adjusting hangers fixed to roof slab by means of ceiling cleats etc complete (DSR 21.6) | 279 | 117.7097/no | 32841.00 |

ജി.ഐ.റൂഫിൽ സീലിംഗ് ഉറപ്പിക്കുന്നതിന്, കോൺക്രീറ്റ് മേൽക്കൂരയിൽ സീലിംഗ് ഉറപ്പിക്കുന്നതിനുള്ള നിരക്ക് നല്കിയത് അളവ് രേഖപ്പെടുത്തുകയും ചെക്ക്മെഷർ ചെയ്യുകയും ചെയ്ത എഞ്ചിനീയർമാരുടെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവൃത്തി പുനപരിശോധന നടത്തേണ്ടതും സാമ്പത്തിക നഷ്ടം വന്നിട്ടുണ്ടെങ്കിൽ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-9-4 തുക്കൊടിത്താനം ഗവ.ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 246/17 |
| പ്രോജക്ട് | തുക്കൊടിത്താനം ഗവ.ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം |
| അടങ്കൽ, ഫണ്ടിനം | 2500000/- (പൊതുവിഭാഗം വികസനഫണ്ട്) |
| കൺവീനർ | രാജിമോൾ ഇ.കെ |
| അളവുപുസ്തകം നമ്പർ | 283/15-16, 278/15-16 |
| കരാർ നമ്പർ | 178/EE/LSGD/15-16 Dt. 30-1-2016 |
| കൺവീനർക്ക് നല്കിയ തുക | 1954524/-(PUNB 2982002900000035 നമ്പർ അക്കൗണ്ടിൽ നല്കി) |
| പ്രോജക്ടിന്റെ ആകെ ചെലവ് | 2086722 (ബിൽ നം.251/16-17 തീയതി 30.3.17) |
| ആകെ ചെലവ് | 2086722/- |

ഈ പ്രവൃത്തിയുടെ ഇനം 1 ആയി ചെയ്തിട്ടുള്ളത് കോളം ഫൂട്ടിംഗിന് 104.76 ക്യു.മീ മണ്ണ് എടുത്തു മാറ്റലായിരുന്നു. ഈ മണ്ണ് തറ നിറക്കുന്നതിന് ഉപയോഗിച്ചതായി ഓവർസിയർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടുണ്ട്. എന്നാൽ എക്സ്ട്രാ ഇനം 1 ആയി 96 ക്യു.മീ മണ്ണ് നിറക്കുന്നതിന് 561.63 രൂപ നിരക്കിൽ 53,916/- രൂപ ചെലവഴിച്ചിട്ടുണ്ട്. അളവു പുസ്തകം പരിശോധിച്ചതിൽ അളവുരേഖപ്പെടുത്തിയതിൽ ഉണ്ടായ അപാകതമൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുള്ളതായി കാണുന്നു. അളവുപുസ്തകം പേജ് 31 പ്രകാരം 205 ക്യു.മീ മണ്ണ് നിറക്കലിൽ 37.37ക്യു.മീറ്റർ കുറവു ചെയ്തിട്ടുണ്ട്. ഇതിൽ ഇനം 1 പ്രകാരം ഉള്ള 104.7ക്യു.മീ.മണ്ണ് തെറ്റായി10.47 ക്യു.മീ ആണ് കുറച്ചിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | അളവുപുസ്തപ്രകാരം | തെറ്റ് തിരുത്തിയുള്ളത് |
|---|---|---|
| മണ്ണ് നിറക്കൽ | 205 ക്യ.മീ (പേജ് 31) | 205 ക്യ.മീ (പേജ് 31) |
| കുറക്കുക | | |
| പേജ് 3 പ്രകാരമുള്ള മണ്ണ് പണി | 10.47 ക്യ.മീ | 104.7ക്യ.മീ |
| പേജ് 11 പ്രകാരമുള്ള കോൺക്രീറ്റ് | 14.85ക്യ.മീ | 14.85ക്യ.മീ |
| പേജ് 11 പ്രകാരമുള്ള കോൺക്രീറ്റ് | 10.95ക്യ.മീ | 10.95ക്യ.മീ |
| കോളം ഫൂട്ടിംഗ് | 0.8ക്യ.മീ | 0.8ക്യ.മീ |
| കോളം ഫൂട്ടിംഗ് | 0.3ക്യ.മീ | 0.3ക്യ.മീ |
| ആകെ കുറക്കേണ്ടത് | 37.37ക്യ.മീ | 131.6ക്യ.മീ |
| ബാക്കി | 167.63 | 73.40 |
| കൺസോളിഡേഷൻ കുറവ് 20% | 33.53 | 14.68 |
| ബാക്കി | 134.10 | 58.72 |
| തുക | എസ്റ്റിമേറ്റ് അളവായ 96ക്യ.മീറ്ററിൽ നിജപ്പെടുത്തി 561.63/ക്യ.മീ നിരക്കിൽ 53916.48 രൂപ നല്കി | 58.72 ക്യൂ.മീറ്ററിന് 561.63/ക്യൂ.മീ നിക്കിൽ 32979/- നല്കാവുന്നതാണ്. |

അധികം നല്കിയത് 53916-32979=20937/-രൂപ. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അധികം നല്കിയ 20,937/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9-5 കപ്പാട് ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ

| | |
|---|---|
| പ്രോജക്ട് നം. | 685/17 |
| പ്രോജക്ട് | കപ്പാട് ജി.എച്ച്.എസ്.എസ് മെയിന്റനൻസ് |
| അടങ്കൽ,ഫണ്ടിനം | 1500000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)- |
| കരാറുകാരൻ | സാജൻ ജോസ് |
| അളവുപുസ്തകം നമ്പർ | 75/16-17 തീ 4.10.16 |
| കരാർ നമ്പർ | 250/EE/LSGD/16-17 Dt. 23.02.2017 |
| ചെലവ് | 1066320 (ബിൽ നം.292/16-17 തീയതി 30.3.17) |
| കൺവീനർക്ക് നല്കിയ തുക | 1002341/-+233348/- =1235689/- |

പ്രവൃത്തിയുടെ ഇനം 26 ആയി ചെയ്തിട്ടുള്ളത് 118.8 ച.മീ പി.വി.സി സീലിംഗും 27 ആയി ചെയ്തിട്ടുള്ളത് സീലിംഗിന് ആവശ്യമായ അലുമിനിയം ഫ്രെയിം വർക്കും ആണ്(98.976കി.ഗ്രാം). ഇവക്ക് യഥാക്രമം 83,754/- രൂപയും (@705/-) 41569.92/-രൂപയും(@420/കി.ഗ്രാം) കരാറുകാരന് നല്കിയിട്ടുണ്ട്. ഇതിൽ അലുമിനിയം ഫ്രെയിം വർക്കിന് നിരക്ക് നിർണ്ണയിച്ചത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2014, 21.1.1.1 നോടൊപ്പം 1.4667 കോസ്റ്റ് ഇൻഡക്സ് നല്കിയാണ്. നിലവിൽ പി.വി.സി സീലിംഗ് ഡി.എസ്.ആറിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇതിനാവശ്യമായ അലുമിനിയം ഫ്രെയിം വർക്കിന് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി തുക നല്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ അലുമിനിയം ജനൽ, കതക് തുടങ്ങിയവക്ക് തയ്യാറാക്കിയ ഡാറ്റാ പ്രകാരം കരാറുകാരന് 41569.92 രൂപ നല്കിയതിന് വിശദീകരണം

ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 41569.92 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. യഥാർത്ഥ നിരക്ക് നിർണ്ണയിച്ച് നല്കിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9-6 വിഴിക്കത്തോട് ആർ.വി. ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണികൾ

| | |
|---|---|
| പ്രോജക്ട് നം. | 789/15-16 (874/16-17) |
| പ്രോജക്ട് | വിഴിക്കത്തോട് ആർ.വി. ജി.എച്ച്.എസ്.എസ് മെയിന്റനൻസ് |
| അടങ്കൽ,ഫണ്ടിനം | 500000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)- |
| കരാറുകാരൻ | പി.ജി.ബിജുമോൻ |
| അളവുപുസ്തകം നമ്പർ | 334/15-16 തീ 29-10-15 |
| കരാർ നമ്പർ | 118/EE/LSGD/15-16 Dt. 11-11-2015 |
| കരാറുകാരന് നല്കിയ തുക | 462574/- |
| ആകെ ചെലവ് | 492100 (ബിൽ നം – 132/16-17 തീയതി 16.3.17) |

പ്രവൃത്തിയുടെ ഇനം 4 ആയി ചെയ്തിട്ടുള്ളത് 132.72ച.മീ പി.വി.സി സീലിംഗും 5 ആയി ചെയ്തിട്ടുള്ളത് സീലിംഗിന് ആവശ്യമായ അലുമിനിയം ഫ്രയിം വർക്കും ആണ്(160.318കി.ഗ്രാം). ഇവക്ക് യഥാക്രമം 79034.76/- രൂപയും (@595.5/-) 88199.45/-രൂപയും(@550/കി.ഗ്രാം) കരാറുകാരന് നല്കിയിട്ടുണ്ട്. ഇതിൽ അലുമിനിയം ഫ്രയിം വർക്കിന് നിരക്ക് നിർണ്ണയിച്ചത് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2014, 21.5 നോടൊപ്പം 1.4667 കോസ്റ്റ് ഇൻഡക്സ് നല്കിയാണ്.നിലവിൽ പി.വി.സി സീലിംഗ് ഡി.എസ്.ആറിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ഇതിനാവശ്യമായ അലുമിനിയം ഫ്രയിം വർക്കിന് ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി തുക നല്കുകയായിരുന്നു വേണ്ടിയിരുന്നത്. എന്നാൽ ഇ-ബോർഡ് സീലിംഗിന് ആവശ്യമുള്ളതും 450 സെ.മീ കോളം തിരിച്ച് അലുമിനിയം ഫ്രയിം ഉപയോഗിക്കുന്നതും ഭിത്തിയിലുറപ്പിക്കുന്നതിനാവശ്യമായ റോൾ പ്ലഗ്, മുതലായവ ഉൾപ്പെടുന്നതും പൗഡർ കോട്ടിംഗിന് വകയിരുത്തിയതുമായ നിരക്ക് കരാറുകാരന് നല്കിയത്.

എക്സ്ട്രാ ഇനം ഇ1 ആയി ചെയ്തിട്ടുള്ളത് 567.54 കി.ഗ്രാം ജി.ഐ പൈപ്പ് ഉപയോഗിച്ച് നിലവിലുള്ളതും തടിയിൽ തീർത്തതുമായ മേല്ക്കൂരയിലെ ബലക്ഷയം നേരിടുന്ന പട്ടികകൾക്ക് സമീപം ജി.ഐ പൈപ്പ് ഉപയോഗിച്ച് പട്ടിക സ്ഥാപിക്കുകയാണ് .ഇതിന് നല്കിയിട്ടുള്ള നിരക്ക് ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2014 ലെ 10.16.2 പ്രകാരമുള്ള സ്റ്റീൽ വർക്കിന് അനുവദനീയമായ(ബിൽറ്റ് അപ് സെക്ഷൻ)നിരക്കാണ്. നിലവിൽ ചെയ്തിട്ടുള്ള പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് ജില്ലാ തലത്തിൽ ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി നിശ്ചയിച്ചിട്ടുണ്ട്(ODBLDG-2-47). ഡാറ്റാ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Steel Work for purlin /singles sections with GI hollow rectangular sectionetc. Including cutting hoisting fixing in position and applying a priming coat of approved steel primer including welding and bolted with washer etc. Details for 39.06 kg | |
| Materials | |
| GI holloe section i/c 5% wastage41.013@ 67 | 2747.87 |
| Applying priming coat 1.312@27 | 35.42 |
| Weldig charges | 58 |
| LABOUR | |
| Black smith 0.3@435 | 130.5 |
| Bandhani0.15@ 363 | 54.45 |

| | |
|---|---|
| Belder1.1@329 | 361.9 |
| Sundries | 28.73 |
| Total | 3416.87 |
| Water charge1% | 33.81 |
| Total | 3450.69 |
| CPOH 15% | 512.29 |
| Cost for39.06 kg | 3962.98 |
| Cost indux Except MR | 359.98 |
| Total | 4322.96 |
| Rate/kg | 110.7 |

ജില്ലാതലത്തിൽ അംഗീകരിച്ച് സിംഗിൾ സെക്ഷന് നല്കിയിട്ടുള്ള നിരക്ക് നല്കാതെ ബിൽറ്റ് അപ് സെക്ഷന്റെ നിരക്ക് നല്കിയതിലൂടെ കരാറുകാരൻ അധികം നല്കിയ തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ തുക567.54 കി.ഗ്രാ @145/കി.ഗ്രാം | 82316/- |
| നല്കാവുന്ന നിരക്ക് 567.54കി.ഗ്രാം@ 110.7/കി.ഗ്രാം | 62827/- |
| കരാറുകാരന് അധികം നല്കിയത് | 19489/- |

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഇനം 5ന് ചെലവഴിച്ച 88199.45 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി യഥാർത്ഥ നിരക്ക് നിർണ്ണയിച്ച് വില വ്യത്യാസം ക്രമീകരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. എക്സ്ട്രാ ഇനം ഇ1 ന് അധികമായി ചെലവഴിച്ച 19489/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവു രേഖപ്പെടുത്തുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക്മെഷർ ചെയ്ത അസിറ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-10-1 ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത കുടിവെള്ള പദ്ധതികളുടെ അവലോകനം

കോട്ടയം ജില്ലാപഞ്ചായത്ത് 2014-15 വർഷം മുതൽ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി ധാരാളം കുടിവെള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ഇവയിൽ ചിലത് പൂർണ്ണമായും ജില്ലാ പഞ്ചായത്ത് പദ്ധതിയും ചിലത് സംയുക്ത പദ്ധതികളും ആണ്. 2016-17 വാർഷിക ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ ഓഡിറ്റ് വർഷം ഈ ഇനത്തിൽ 24 പദ്ധതികൾക്കായി 1,64,34,893/-ചെലവഴിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

- 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ്(1)ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലെ ജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനാണ് ജില്ലാപഞ്ചായത്തുകൾക്ക് അധികാരമുള്ളതെങ്കിലും ഗ്രാമപഞ്ചായത്തിലെ ഏതെങ്കിലും വാർഡിലെ നാമമാത്രമായ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് കൂടുതലായും നടപ്പാക്കിയിരിക്കുന്നത്.
- വിശദമായ പ്രോജക്ട് റിപ്പോർട്ട് ഇല്ലാത്തതിനാലും, ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുമായി ഏകോപനമില്ലാത്തതിനാലും തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പദ്ധതിയുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും ജില്ലാ പഞ്ചായത്തിന് കഴിയാതെ വരുന്നു.
- മുൻവർഷങ്ങളിൽ പദ്ധതിക്കു വേണ്ടി ചെലവായ തുക, ചെയ്തു തീർത്ത ജോലിയുടെ വിവരം,ചെയ്തു തീർക്കാൻ അവശേഷിക്കുന്ന ജോലികൾ എന്നിവ സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിന്നും വിവരം

ലഭ്യമാകുന്നില്ല.

- കുടിവെള്ള പദ്ധതികളുടെ മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമല്ല. ബഹുവർഷ പ്രൊജക്ടുകളായി നടപ്പാക്കുന്ന പദ്ധതികളുടെ പൂർത്തീകരണം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച് തുടർ നിരീക്ഷണങ്ങൾ നടത്തുന്നതായി കാണുന്നില്ല.
- പ്രൊജക്ട് സംരക്ഷണകമ്മിറ്റികൾ രൂപീകരിച്ച് കുടിവെള്ളപദ്ധതി കളുടെ തുടർ നടത്തിപ്പ് ചുമതല കൈമാറിയതായി കാണുന്നില്ല.
- മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി സംയോജിച്ച് നടത്തുന്ന പ്രൊജക്ടുകളിൽ, ഐക്യരൂപമില്ലാത്തതിനാൽ ഓരോ ത.സ്വ.ഭ. സ്ഥാപനവും ചെയ്ത പ്രവൃത്തി സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.
- കുടിവെള്ള പദ്ധതികൾക്ക് ഒന്നും തന്നെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളോ ,പദ്ധതി നിർവ്വഹണ സമയക്രമമോ തയ്യാറാക്കിയിട്ടില്ല.
- ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന സംയുക്ത പദ്ധതികളിൽ പോലും വിതരണ ലൈൻ സ്ഥാപിക്കുക പോലുള്ള ഭാഗിക പ്രവൃത്തികൾ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു ചെയ്യുന്നു.
- കുടിവെള്ള പദ്ധതികൾ തുടങ്ങുന്നതിന് വ്യക്തികൾ പഞ്ചായത്തിന് വിട്ടു നല്കിയിട്ടുള്ള വസ്തു, അനുബന്ധകെട്ടിടങ്ങൾ, കിണർ, മോട്ടോർ മുതലായവ ആസ്തിരജിസ്റ്ററിൽ ചേർക്കുന്നില്ല.

വിശദപരിശോധനക്കായി തെരഞ്ഞെടുത്ത കുടിവെള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

| പ്രോ.നം | കുടിവെള്ള പദ്ധതിയുടെ പേര് | ചെലവ് |
|---|---|---|
| 754/17 | കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ എറികാട് കുടിവെള്ളപദ്ധതി | 615606/- |
| 282/17 | മുണ്ടക്കയം പഞ്ചായത്തിലെ വേങ്ങക്കുന്ന് കുടിവെള്ള പദ്ധതി | 2567908/- |
| 281/17 | എരുമേലി പഞ്ചായത്തിലെ പാക്കാനം കുടിവെള്ള പദ്ധതി | 2189966/- |
| 875/17 | കിടങ്ങൂർ പഞ്ചായത്തിലെ പെരിങ്ങോട്ടി കുടിവെള്ള പദ്ധതി | 946962/- |
| 848/17 | മാഞ്ഞൂർ നമ്പ്യാകുളം കുടിവെള്ള പദ്ധതി | 457198/- |
| 910/17 | മുണ്ടക്കയം ഗ്രാമപഞ്ചായത്ത് സ്രാമ്പിക്കോളനി കുടിവെള്ളപദ്ധതി | 999569/- |
| 310/17 | കാട്ടാമല കുടിവെള്ള പദ്ധതി | 192852/- |

ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികളുടെ ഫലപ്രാപ്തി, പദ്ധതി നടത്തിപ്പിലെ സാമ്പത്തിക ഇടപാടുകൾ, കാര്യക്ഷമത എന്നിവ വിലയിരുത്തുകയായിരുന്നു ഓഡിറ്റ് ലക്ഷ്യം. പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിലും പദ്ധതി പ്രദേശം നേരിൽ പരിശോധിച്ചതിലും ശ്രദ്ധയിൽപ്പെട്ട വിവരം തുടർ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

## 3-10-2 കിടങ്ങൂർ പഞ്ചായത്തിലെ പെരിങ്ങോട്ടി കുടിവെള്ള പദ്ധതി

| | |
|---|---|
| പ്രോജക്ട് നം. | 875/17 |
| പ്രോജക്ട് | പെരിങ്ങോട്ടി കുടിവെള്ള പദ്ധതി-സാൻഡ്ഫിൽറ്റർ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ടിനം | 10,00,000/- |
| കരാറുകാരൻ | റ്റി.ഡി.ചന്ദ്രശേഖരൻ |
| അളവുപുസ്തകം നമ്പർ | 179/15-16 |

| | |
|---|---|
| കരാർ നമ്പർ | 197/EE/LSGD/15-16 Dt. 2.2.2016 |
| കൺവീനർക്ക് നല്കിയ തുക | 880153/-(ചെക്ക് നം.282332 തീ7.3.17) |

നിലവിൽ പ്രവർത്തിക്കുന്ന പെരിങ്ങോട്ടി കുടിവെള്ള പദ്ധതിക്ക് അധികമായി 25000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, 20 ക്യുബിക് മീറ്റർ/മണിക്കൂർ കപ്പാസിറ്റിയുള്ള പ്രഷർ സാൻഡ്ഫിൽറ്റർ എന്നിവ സ്ഥാപിക്കുകയായിരുന്നു പ്രോജക്ട് ലക്ഷ്യം. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം വാട്ടർടാങ്കും,ക്വട്ടേഷൻ വിളിച്ച് ലഭിച്ച കുറഞ്ഞ തുക പ്രഷർ സാൻഡ്ഫിൽറ്ററിനും ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ വിളിക്കുകയും ശ്രീ.ചന്ദ്രശേഖരൻ കുറഞ്ഞ തുക രേഖപ്പെടുത്തി കരാറെടുക്കുകയും ചെയ്തു.

പ്രഷർ സാൻഡ്ഫിൽറ്റർ സാങ്കേതിക പഠനം നടത്തിയില്ല. (ഓഡിറ്റ് എൻക്വയറി നം.17എ/14.11.2017)

കുടിവെള്ള പദ്ധതികൾക്ക് അനുയോജ്യമായ വിവിധ ഫിൽട്ടറേഷൻ രീതികൾ ഉണ്ടെന്നിരിക്കെ വിശദമായ പഠനം നടത്തുകയോ സാങ്കേതിക വിദഗ്ധരിൽ നിന്നും ഉപദേശം സ്വീകരിക്കുകയോ ചെയ്യാതെയാണ് പ്രഷർ സാൻഡ്ഫിൽറ്റർ തെരഞ്ഞെടുത്തിട്ടുള്ളത്. സ്രോതസ്സിലെ വെള്ളം ലാബ് പരിശോധന നടത്തിയതിന്റെ റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സാധാരണഗതിയിൽ ഉപരിതല ജലം വിതരണത്തിന് ഉപയോഗിക്കുമ്പോഴാണ് പ്രഷർ സാൻഡ്ഫിൽറ്റർ ഉപയോഗിക്കേണ്ടി വരുന്നത്.



എന്നാൽ ഈ പദ്ധതിക്കുള്ള ജല സ്രോതസ് കിണറാണെന്നിരിക്കെ പ്രഷർ സാൻഡ്ഫിൽറ്റർ തെരഞ്ഞെടുത്തതിന്റെ കാരണം, ആവശ്യകത എന്നിവ വ്യക്തമല്ല. വിശദമായ പഠനത്തിന് ശേഷം എഞ്ചിനീയറിംഗ് വിഭാഗം ഡിസൈൻ ചെയ്ത് നല്കുന്ന ഫിൽറ്റർ ക്വട്ടേഷൻ ക്ഷണിച്ച് നിർമ്മിക്കുന്നതിന് പകരം സാധനം വാങ്ങുന്ന സ്ഥാപനത്തെ തന്നെ ഡിസൈനിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഏല്പിച്ചതിലൂടെ ആവശ്യകത അനുസരിച്ചാണ് ഫിൽറ്റർ ഡിസൈൻ ചെയ്തത് എന്ന് ഉറപ്പു വരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

ഫിൽറ്റർ മീഡിയയിൽ ഉപയോഗിച്ച സാധനങ്ങൾ ആവശ്യത്തിലധികം വാങ്ങിച്ചു

സാൻഡ്ഫിൽറ്റർ സ്ഥാപിച്ച ഫ്ലോമാക്സ് വാട്ടർ കളമശ്ശേരി എന്ന സ്ഥാപനം നല്കിയിട്ടുള്ള ബില്ല് പ്രകാരം 3,77,225/- രൂപ ഈ ആവശ്യത്തിനായി ഉപയോഗിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| MSEP 1200mm Dia preassure vessel | 127380 |
| Anthracite 600 kg@150/kg | 90000 |
| Filler media sand - 3500kg@25/kg | 87500 |
| Erection | 30000 |
| Transportation | 15000 |
| Taxes | 27345 |
| Total | 377225 |

സാൻഡ്ഫിൽറ്റർ ക്വട്ടേഷനോടൊപ്പം ലഭ്യമാക്കിയിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരം ഫിൽറ്റർ മീഡിയ 1200മി.മി*900മി.മീ ആണ്. ഇതിൽ ഉൾക്കൊള്ളിക്കാവുന്ന ഫിൽറ്ററിംഗിനുള്ള സാധനങ്ങളുടെ അളവ് 1ക്യു.മീറ്റർ ആണ്.(3.14x0.60x0.60x0.90=1.01 ക്യു.മീ). എന്നാൽ ഏജൻസി ലഭ്യമാക്കിയിട്ടുള്ള ബില്ല് പ്രകാരം ഫിൽറ്റർ മീഡിയയിൽ ഉപയോഗിക്കാൻ വാങ്ങിയിട്ടുള്ള ഫിൽറ്റർ സാന്റ്, ആന്ത്രസൈറ്റ് എന്നിവ

ആവശ്യത്തിൽ അധികം അളവ് കാണിച്ച് തുക കൈപ്പറ്റിയിട്ടുള്ളതായി കാണുന്നു.

| ഇനം | വാങ്ങിയത്(കി.ഗ്രാം) | |
|---|---|---|
| ആന്ത്രസൈറ്റ് | 660 | 0.5 ക്യു.മീ |
| ഫിൽറ്റർസാന്റ് | 3500 | 2.2 ക്യു.മീ |

1 ക്യു.മീ മാത്രം വരുന്ന ഫിൽറ്റർ മീഡിയയിൽ ഉപയോഗിക്കുന്നതിന് 2.7 ക്യുബിക് മീറ്റർ സാധനങ്ങൾ ഉപയോഗിച്ചു എന്ന സ്വകാര്യ കമ്പനിയുടെ അവകാശം ഓഡിറ്റിൽ ബോധ്യപ്പെട്ടില്ല.മേൽ സൂചിപ്പിച്ച അപാകതകളിൽ വിശദീകരണം നല്കുന്നതിനൊപ്പം ഫിൽറ്റർ മീഡിയയിൽ യഥാർത്ഥത്തിൽ ഉപയോഗിച്ച സാധനങ്ങളുടെ അളവ് സാക്ഷ്യപ്പെടുത്തി നൽകേണ്ടതുമാണ് എന്ന് അറിയിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി നല്കിയിട്ടില്ല. ആയതിനാൽ ആവശ്യത്തിലധികമായി ഉപയോഗിച്ച സാധനങ്ങളുടെ വില കണക്കാക്കി കമ്പനിയിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഫിൽറ്റർ യൂണിറ്റിന് ചെലവഴിച്ച 3,77,225/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-10-3 കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ എറികാട് കുടിവെള്ളപദ്ധതി (പ്രോജക്ട് നം.754/17)

കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള കിണറ്റിലെ വെള്ളം എറികാട് പ്രദേശത്തെ 40 ഓളം വരുന്ന കുടുംബങ്ങൾക്ക് ലഭ്യമാക്കുക എന്നുള്ളതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന് പമ്പ് ഹൗസ്, മോട്ടോർ, ടാങ്ക്, പ്ലാറ്റ് ഫോം, വൈദ്യുത കണക്ഷൻ തുടങ്ങിയവ എല്ലാം ആവശ്യമാണെന്നിരിക്കെ 6,15,606/-രൂപ ചെലവ് ചെയ്ത് 50 മി.മീ ജി.ഐ പൈപ്പ് ഉപയോഗിച്ച് 700 മീറ്റർ വിതരണലൈനും 65 മി.മീ ജി.ഐ പൈപ്പ് ഉപയോഗിച്ച് 540 മീറ്റർ പമ്പിംഗ് ലൈനും സ്ഥാപിച്ചിട്ടുണ്ട്. കുടിവെള്ളപദ്ധതിയുടെ അവസാനഘട്ടത്തിൽ ചെയ്യേണ്ട പൈപ്പ് ലൈൻ സ്ഥാപിക്കൽ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും തീരുന്നതിന് മുൻപ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തത് അംഗീകരിക്കാവുന്നതല്ല. സ്ഥാപിച്ച പൈപ്പ് ലൈൻ വിവിധ സ്ഥലങ്ങളിൽ കണക്ഷൻ വിട്ട നിലയിലും വീടുകളിലേക്കുള്ള പ്രവേശന വഴിയിൽ തടസ്സം വരുന്ന നിലയിലും സ്ഥാപിച്ചിട്ടുള്ളത് പ്രാദേശിക പരിശോധനയിൽ കണ്ടു. ഇത് നിർവ്വഹണത്തിന് മേൽനോട്ടം



വഹിച്ച ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ജില്ലാപഞ്ചായത്ത് എറ്റെടുത്ത പ്ലാറ്റ് ഫോം നിർമ്മാണം ടാങ്ക് വാങ്ങൽ എന്നിവ മറ്റാരോ നിലവിൽ ചെയ്തിട്ടുള്ളതായി കാണുന്നു.(ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളുടെ പദ്ധതികൾ ഉള്ളതായി അറിവില്ല) മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിന് ചെലവഴിച്ച 6,15,606/-രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി ഫലപ്രദമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്. (ബിൽ നം. തീയതി CB-229/16-17 തീയതി 30.3.17)

## 3-10-4 പൂർത്തിയാക്കാത്ത കുടിവെള്ളപദ്ധതിക്ക് ഒന്നിലേറെ ടാങ്കുകൾ നിർമ്മിച്ചിരിക്കുന്നു

എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡിൽ നമ്പ്യാകുളം കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പദ്ധതിയിലൂടെ ടാങ്ക് നിർമ്മാണത്തിന് (പ്രോജക്ട് നമ്പർ 848/17) വികസനഫണ്ടിൽ നിന്നും 4,57,198/-രൂപ (ബിൽ നമ്പർ 190/16-17,28.3.17)ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റിൽ പ്രസ്തുത ടാങ്കിന്റെ ആവശ്യകത സംബന്ധിച്ച വിവരം വ്യക്തമാക്കിയിട്ടില്ല. എസ്റ്റിമേറ്റിൽ നമ്പ്യാകുളം കുടിവെള്ള പദ്ധതിക്കു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ടാങ്ക് നിർമ്മാണം പൂർത്തിയായി വരികയാണെന്നും, ഒരു ടാങ്ക് കൂടി വേണമെന്ന ജില്ലാപഞ്ചായത്ത് മെമ്പറുടെ ആവശ്യപ്രകാരം എസ്റ്റിമേറ്റ് തയ്യാറാ ക്കുന്നുവെന്നും വ്യക്തമാക്കിയിരിക്കുന്നു.ടാങ്കിന്റെ ആവശ്യകത,ഗുണഭോക്താക്കളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ, കിണറ്റിലെ ജലലഭ്യത തുടങ്ങിയ വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല.നമ്പ്യാകുളം

കുടിവെള്ളപദ്ധതിക്ക് കിണർകുഴിക്കുന്നതിനു വേണ്ടി 2012-13 വർഷം 4,49,165/-രൂപ വിനിയോഗിച്ചിട്ടുണ്ട്. എന്നാൽപമ്പ്, പമ്പിംഗ് മെയിൻ, വിതരണ ലൈൻ, വൈദ്യുതി കണക്ഷൻ എന്നിവപൂർത്തിയാക്കിയിട്ടില്ലെന്ന് 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റിൽ നടത്തിയ ഭൗതികപരിശോധനയിൽ കുടിവെള്ള പദ്ധതി നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. പൂർത്തിയാക്കാത്ത കുടിവെള്ള പദ്ധതിക്കുവേണ്ടി രണ്ടു ടാങ്കുകൾ നിർമ്മിക്കുകയും, പ്രസ്തുത ടാങ്കുകൾ നിലവിൽ ഉപയോഗശൂന്യമായ അവസ്ഥയിൽ തുടരുന്ന സ്ഥിതിയും സംജാതമായിരിക്കുകയാണ്. കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് നിലവിലുള്ള ടാങ്കിന്റെ ശേഷി തികയാതെ വരുന്ന സാഹചര്യത്തിൽ മാത്രം പുതിയ ടാങ്ക് നിർമ്മാണം ആസൂത്രണം ചെയ്തു നടപ്പാക്കണമെന്നിരിക്കെ പദ്ധതി തുക ക്രമവിരുദ്ധമായി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. തൻവർഷം ചെലവഴിച്ച 4,57,198/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10-5 കാവുംകണ്ടം കാട്ടാമല കുടിവെള്ള പദ്ധതി - അപാകതകൾ

പ്രോജക്ട് നം. 310/17

അടങ്കൽ- 970120 രൂപ.

ചെലവ്- 7,75,120 രൂപ {(15-16) ഡി.ഡി.നം.881756/15.216 പ്രകാരം 7,20,862 രൂപ കരാറുകാരന് നൽകി}+ 192852 രൂപ {( 16-17), ബിൽ നം. 111/ 16-17/ 10.2.17}

നിർവ്വഹണോദ്യോഗസ്ഥൻ- എക്സിക്യൂട്ടീവ് എൻജിനീയർ

ഉാലം ബ്ലോക്ക് പഞ്ചായത്തിന്റെയും കടനാട് ഗ്രാമ പഞ്ചായത്തിന്റെയും മുൻ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി കുളം പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ടാങ്ക്, പമ്പ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ എടുത്തിട്ടുണ്ട്. കാവുംകണ്ടം ടൗൺ വരെ വിതരണ പൈപ്പുകളും സ്ഥാപിച്ചിരുന്നു. ബാക്കി ആവശ്യമുള്ള വിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനാണ് ടി പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എം ബുക്ക് നം. 45/16-17 പേജ് 1മുതൽ 5 വരെ അളവുകൾ രേഖപ്പെടുത്തി. പേജ് 6 മുതൽ 9 വരെ ബിൽ തയ്യാറാക്കിയിട്ടുണ്ട്. ചെയ്ത പ്രവൃത്തികൾ താഴെ ചേർക്കുന്നു.

| HDPE പൈപ്പ് | സ്ഥാപിച്ച അളവ് |
|---|---|
| 75 mm | 600 m |
| 63mm | 1099.9 m |
| 50 mm | 1354 m |
| 25 mm | 1363 m |

പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനായി പ്രഷർ ടെസ്റ്റ് നടത്തിയപ്പോൾ പമ്പിംഗ് മെയിനും വിതരണ ലൈനും പൊട്ടിപ്പോയിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ കാണപ്പെട്ടു. ആയതിനാൽ പദ്ധതി നാളിതുവരെ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. ടാങ്ക്,പമ്പിംഗ് മെയിൻ/ വിതരണ ലൈൻ മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിന് വിശദമായ പഠനം നടത്താതെയാണ് പ്രോജക്ട് ആസൂത്രണം ചെയ്തത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഉാലം ബ്ലോക്ക് പഞ്ചായത്തിന്റെ 15-16 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4, 16-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-4ലും പദ്ധതി നിർവ്വഹണത്തിലെ അപാകത സംബന്ധിച്ചും ലക്ഷ്യം കൈവരിക്കാത്തത് സംബന്ധിച്ചും പരാമർശിച്ചിട്ടുണ്ട്. 12-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(പി)4/16/എൽ.എസ്.ജി.ഡി./11.1.16 ഖണ്ഡിക 2-6-15-XIII-IX പ്രകാരം ജലനിധി പദ്ധതി നടപ്പിലാക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ വേറെ കുടിവെള്ള വിതരണ പരിപാടികൾ ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കാവുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കടനാട് ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. കൂടാതെ ടി മാർഗ്ഗരേഖ ഖണ്ഡിക XIII-VIII പ്രകാരമുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതപത്രവും വാങ്ങിയതായിക്കാണുന്നില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കുന്നതിന് എൻക്വയറി (നം. 41) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നത്

വരെ 9,67,972 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10-6 പൈങ്ങണ മുണ്ടമറ്റം കുടിവെള്ള പദ്ധതി- അപാകതകൾ

പ്രോജക്ട് നം. 910/ 17

അടങ്കൽ- 1000000 രൂപ

ചെലവ്- 631138 രൂപ. (ബിൽ നം. 252/ 16-17/ 30.3.17 )
നിർവ്വഹണോദ്യോഗസ്ഥൻ- എക്സിക്യൂട്ടീവ് എൻജിനീയർ.

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കുഴൽ കിണറിൽ നിന്നും 15 HP മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് 10000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിൽ എത്തിച്ച് വിതരണം ചെയ്യുന്നതിനുള്ളതാണ് പദ്ധതി. പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ടാങ്ക് തറ, 100000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, വിതരണ ലൈൻ, എന്നിവ സ്ഥാപിക്കുന്നതിനും ഇലക്ട്രിഫിക്കേഷൻ നടത്തുക എന്നിവയാണ് എസ്റ്റിമേറ്റിലെ ഇനങ്ങൾ. എം ബുക്ക് നം. 498/15-16, 499/15-16, 500/15-16 എന്നീ അളവു പുസ്തകങ്ങളിൽ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ടാങ്ക് തറ, 100000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, വിതരണ ലൈൻ, എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനായി 2,53,000 രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ആയത് ചെയ്തതിന് ഫയലിൽ രേഖകളില്ല.

2) ബ്ലോക്ക് പഞ്ചായത്തിൽ നിന്നും കുഴൽ കിണർ നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തിയത് സംബന്ധിച്ചും 15 HP മോട്ടോർ സ്ഥാപിച്ചത് സംബന്ധിച്ചും ഫയലിൽ വിവരം ലഭ്യമല്ല.

3) ഗുണഭോക്തൃസമിതിയുടെ വരവ് ചെലവ് കണക്കുകൾ പാസ്സാക്കിയിട്ടില്ല.

4) പ്രവൃത്തിയുടെ നിർവ്വഹണത്തിനായി സാധനങ്ങൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) പ്രവൃത്തിയുടെ പൂർത്തീകരണവിവരം ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/10.11.17)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ 631138 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കേണ്ടതും കുടിവെള്ള പദ്ധതിയുടെ തൃപ്തികരമായ പ്രവർത്തനം ഉറപ്പാക്കേണ്ടതുമാണ്.

## 3-10-7 മുണ്ടക്കയം വേങ്ങക്കുന്ന് കുടിവെള്ള പദ്ധതി - പദ്ധതി

പ്രോജക്ട് നം. 282/17
മുണ്ടക്കയം ഗ്രാമ പഞ്ചായത്തിലെ വേങ്ങക്കുന്ന് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ജില്ലാപഞ്ചായത്ത് പൂർണ്ണമായും ഏറ്റെടുത്തത്തിട്ടുള്ള പദ്ധതിയാണ് ഇത്. നിലവിൽ 25.67 ലക്ഷം മുടക്കിയ പദ്ധതിക്ക് വൈദ്യുത കണക്ഷൻ, മോട്ടോർ വാങ്ങൽ, ഇലക്ട്രിഫിക്കേഷൻ എന്നിവ നടന്നിട്ടില്ല. പമ്പിംഗ് ലൈൻ വിതരണ ലൈൻ എന്നിവ എച്ച്.ഡി പൈപ്പ് ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. തുടർ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കി പദ്ധതി ഫലപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10-8 എരുമേലി പഞ്ചായത്തിലെ പാക്കാനം കുടിവെള്ള പദ്ധതി

എരുമേലി ഗ്രാമപഞ്ചായത്തിലെ പാക്കാനം ട്രൈബൽ മേഖലയിൽ വികസനഫണ്ട് പൊതുവിഭാഗം 21.98 ലക്ഷം രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുള്ള പദ്ധതി പൂർണ്ണമായും ജില്ലാപഞ്ചായത്ത് മുതൽമുടക്കിലുള്ളതാണ്. നിലവിൽ 100 ഓളം കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. നിലവിലുള്ള കുടിവെള്ള

സ്രോതസ്സായ കിണർ വലയിട്ട് മൂടി സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11-1 കൺവീനർക്ക് അധിക തുക നൽകി

വാഴൂർ ഗവ.ഹൈസ്കൂൾ മെയിന്റനൻസ് രണ്ടാം ഘട്ടപദ്ധതി നടപ്പാക്കിയപ്പോൾ(പ്രൊജ.നമ്പർ650/15-16) സീലിങ് ആവശ്യത്തിലേക്കായി ഐറ്റം നമ്പർ 26 പ്രകാരം 65 കി.ഗ്രാം അലൂമിനിയം പൈപ്പ് വാങ്ങിയതിന് 574.10/കി.ഗ്രാം നിരക്കിൽ 37,316.50 രൂപ ചെലവഴിച്ചിട്ടുണ്ട്(ബിൽ നമ്പർ. 285/16-17,29-3-17,357020/-) എന്നാൽ കൺവീനർ ലഭ്യമാക്കിയ ബില്ല് പ്രകാരം 47 കി.ഗ്രാം പൈപ്പ് മാത്രമാണ് വാങ്ങിയിരിക്കുന്നത്. കുറഞ്ഞ അളവിൽ പൈപ്പ് വാങ്ങിയതിന് ശേഷം കൂടിയ അളവിൽ ഉപയോഗം നടത്തിയെന്ന് സാക്ഷ്യപ്പെടുത്തി കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു. അധികമായി ചെലവഴിച്ച 10,333.8 രൂപ (37316.5-26982.7) ഓഡിറ്റിൽ നിരാകരിക്കുന്നു.(എൻക്വയറി നം.9 തീയതി 9.11.17)

## 3-11-2 ഗുണഭോക്തൃസമിതി പ്രവൃത്തികൾ - അധിക നികുതി

തൻവർഷം ഗുണഭോക്തൃസമിതി നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ ഡാറ്റയിൽ 7.5 % ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയിരുന്നു. നികുതിവിഹിതം നൽകുമ്പോളുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയത്. എന്നാൽ പ്രസ്തുത വേലകളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ വേലമൂല്യത്തോടൊപ്പം വീണ്ടും 5% വാറ്റും 1% നിർമ്മാണതൊഴിലാളിവിഹിതവും കൂട്ടിയശേഷം കിട്ടിയതുകയിൽ നിന്നും നികുതിവിഹിതങ്ങൾ കുറവുചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ 6% തുക കൺവീനർമാർക്ക് അധികം നൽകിയിരിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | കൺവീനർ | അളവ് പുസ്തകം | ആകെ വേലമൂല്യം | 5% വാറ്റ് | 1% നിർമ്മാണ തൊഴിലാളി വിഹിതം | ബിൽ നമ്പർ/ തീയതി |
|---|---|---|---|---|---|---|---|
| 1 | 408/17,മുണ്ടക്കയം ഡിവിഷനിൽ മുണ്ടക്കയം പഞ്ചായത്തിൽ ഇഞ്ചിയാനി മുറികല്ലുചിറ റോഡ് കോൺക്രീറ്റിങ്ങ് | ശ്രീ.ജോജി ചാക്കോ | 496/15-16 | 257280 | 12864 | 2573 | CB No.222/16-17/ 30.03.17 |
| 2 | 742/17 മണർകാട് റീജിയണൽ പൗൾട്രിഫാമിൽ ഇൻകുബേറ്റർ മെയിന്റനൻസ് | ശ്രീ.ബി. വിജയകുമാർ | 88/16-17 | 169570 | 8479 | 1696 | C.B. No. 266/16-17 /30/3/17 |
| | ആകെ | | | | 21343 | 4269 | 25612 |

വേലമൂല്യത്തോടൊപ്പം നികുതിവിഹിതങ്ങൾ വീണ്ടും കൂട്ടിയതുമൂലം ജില്ലാ പഞ്ചായത്തിന് 25,612 രൂപ അധികച്ചെലവുണ്ടായി. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-11-3 പായിപ്പാട് ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണി-67,131/- രൂപ

## കൺവീനർക്ക് അധികം നല്കി

| | |
|---|---|
| പ്രോജക്ട് നം | 926/17 |
| പ്രോജക്ട് | പായിപ്പാട് ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണി |
| അടങ്കൽ,ഫണ്ടിനം | 10,00,000/- |
| കൺവീനർ | സുധ കെ. (പ്രിൻസിപ്പാൾ ) |
| അളവുപുസ്തകം നമ്പർ | 13/14-15,378/13-14 |
| കരാർ നമ്പർ | 287/EE/LSGD/14-15 Dt. 30-03-2015 |
| കൺവീനർക്ക് നല്കിയ തുക | 734652/-(ഡി.ഡി.നം.96770/18.4.16)<br>183663/-(16-3-17 ലെ 133/16-17 ബിൽ പ്രകാരം പിൻ വലിച്ച198656/-രൂപയിൽ നിന്ന് നല്കി)<br>ആകെ 918315/- |

പായിപ്പാട് ജി.എച്ച്.എസ്.എസ് അറ്റകുറ്റപ്പണി എന്ന പ്രവൃത്തി 2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രിൻസിപ്പാൾ ശ്രീമതി സുധ.കെ കൺവീനർ ആയി പി.റ്റി.എ ഏറ്റെടുക്കുകയും ചെലവിനത്തിൽ 9,93,279/- രൂപ രണ്ട് ബില്ലുകളായി മാറി 9,18,316/- രൂപ കൺവീനർ കൈപ്പറ്റുകയും ബാക്കി തുക 74,963/- രൂപ നികുതി, തൊഴിലാളി ക്ഷേമനിധി ഇനങ്ങളിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. കൺവീനർ ഹാജരാക്കിയിട്ടുള്ള ചെലവുകൾക്ക് ആധാരമായ രേഖകൾ പ്രകാരം ചെലവ് 8,68,555/- രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | കരിങ്കല്ല്, മണൽ, പാറമണൽ, മക്ക്, മെറ്റൽ, സോളിഡ് ബ്ലോക്ക് | 82400/- |
| 2 | സീലിംഗ് വർക്ക് (പുറം കരാർ) | 82455/- |
| 3 | ടൈൽ വർക്ക്(പുറം കരാർ) | 358700/- |
| 4 | മേല്ക്കൂര പുനരുദ്ധാരണം എല്ലാ ചെലവും ഉൾപ്പെടെ | 219000/- |
| 5 | സിമന്റ് (2ബില്ല്) | 70000/- |
| 6 | മസ്റ്റർ റോൾ പ്രകാരം | 56000/- |
| | ആകെ | 868555/- |

സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ സമിതിയുടെ യഥാർത്ഥ ചെലവോ , എഞ്ചിനീയർ രേഖപ്പെടുത്തിയ എസ്റ്റിമേറ്റ് നിരക്ക് പ്രകാരമുള്ള തുകയോ ഏതാണ് കുറവ് അതാണ് കൺവീനർക്ക് നല്കാവുന്നത്. ഇതു പ്രകാരം അനുവദനീയമായ തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| കൺവീനറുടെ ആകെ ചെലവ് | 868555/- |
| വാറ്റ് 5% (+) | 43428/-(റൗണ്ട് ചെയ്തത്) |
| തൊഴിലാളി ക്ഷേമനിധി 1%(+) | 8685/- |
| ആകെ | 920668/- |
| വാറ്റ് 5% (-) | 43428/- |
| തൊഴിലാളി ക്ഷേമനിധി 1%(-) | 8685/- |
| ഐ.റ്റി 2%(-) | 17370/- |
| കൺവീനർക്ക് നല്കാവുന്നത് | 851185/- |

ഈ പ്രവൃത്തിക്ക് രണ്ട് ബില്ലുകൾ പ്രകാരം ആകെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| വേലമൂല്യം | 937056/- |
| വാറ്റ് 5% (+) | 46853/- |
| തൊഴിലാളി ക്ഷേമനിധി 1%(+) | 9370/- |
| ആകെ | 993279/- |
| വാറ്റ് 5% (-) | 46853/- |
| തൊഴിലാളി ക്ഷേമനിധി 1%(-) | 9370/- |
| ഐ.റ്റി 2%(-) | 18740/- |
| കൺവീനർക്ക് നല്കിയത് | 918316/- |

മേൽ പറഞ്ഞതിൽ നിന്നും കൺവീനർക്ക് 67,131/- രൂപ (918316-851185=67131/-)അധികം നല്കിയിട്ടുള്ളതായി കാണുന്നു.അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് മറുപടി നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തിന് ഉണ്ടായ നഷ്ടം 67,131/- രൂപ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-11-4 വാഴൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ കളിസ്ഥലം നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 897/17 |
| പ്രോജക്ട് | വാഴൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ കളിസ്ഥലം നിർമ്മാണം |
| അടങ്കൽ, ഫണ്ടിനം | 499750/- |
| കൺവീനർ | രാജിമോൾ ഇ.കെ. |
| അളവുപുസ്തകം നമ്പർ | 128/15-16 |
| കരാർ നമ്പർ | 33/EE/LSGD/15-16 Dt. 8.9.2015 |
| കൺവീനർക്ക് നല്കിയ തുക | 438501/-(SBT 67335241166 നമ്പർ അക്കൗണ്ടിൽ നല്കി) |

ഈ പ്രവൃത്തിയുടെ അളവുപുസ്തകം പേജ് 3, ഇനം ഒന്ന് 28.69 ഘനമീറ്റർ മണ്ണ് എടുത്ത് മാറ്റുന്ന വേലയാണ്. എടുത്തുമാറ്റിയ മണ്ണ് ഈ പ്രവൃത്തിയുടെ തന്നെ ഇനം 6 ആയി ചെയ്തിട്ടുള്ള മണ്ണ് നിറക്കൽ പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടുള്ളതായി ആളവു പുസ്തകത്തിൽ എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിയുടെ ഇനം 6 ആയി ചെയ്തിട്ടുള്ളത് 231.50 ഘനമീറ്റർ മണ്ണ് നിറക്കൽ ആണ്. ടേപ്പ് അളവിലെ വ്യത്യാസം 10% കുറച്ച് 208.35 ഘനമീറ്റർ പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കായ 207 ഘനമീറ്ററിൽ പരിമിതപ്പെടുത്തി 370.43/ഘനമീറ്റർ നിരക്കിൽ 76,679/- രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. വിശദമായ പരിശോധനയിൽ ഇനം 1 ആയി എടുത്തുമാറ്റി ഇനം 6 ന് ഉപയോഗിച്ച 28.69 ഘനമീറ്റർ മണ്ണ്, ഡി എസ് ആർ സ്പെസിഫിക്കേഷൻ-2009 1.27.1.2 പ്രകാരം ചെറിയ ഉപകരണസഹായത്തോടെ ഉറപ്പിക്കുമ്പോൾ കുറയ്ക്കേണ്ട(വോയിഡ്സ്)10%എന്നിവ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഫില്ലിംഗിന് ഉപയോഗിച്ച മണ്ണിന്റെ യഥാർത്ഥ അളവിനല്ല കരാറുകാരന് തുക നല്കിയിട്ടുള്ളത് എന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അളവു പുസ്തക പ്രകാരമുള്ള മണ്ണ് നിരക്കൽ | 231.15 ഘനമീറ്റർ |
| ടേപ്പ് അളവിലെ വ്യത്യാസം 10% | 23.11 ഘനമീറ്റർ |
| ഡി എസ് ആർ സ്പെസിഫിക്കേഷൻ -2009 1.27.1.2 പ്രകാരം കുറക്കേണ്ടത്10% | 23.11 ഘനമീറ്റർ |
| ഇനം 1 പ്രകാരം നീക്കിയ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചത് | 28.69 ഘനമീറ്റർ |
| ആകെ കുറക്കേണ്ടത് | 74.91 ഘനമീറ്റർ |

| | |
|---|---|
| ബക്കി അളവ് | 156.59 ഘനമീറ്റർ |

159.69 ഘനമീറ്റർ മണ്ണ് നിറക്കലിന് നല്കാവുന്ന തുക 156.59*370.43=58005.63 രൂപ ഈ ഇനത്തിൽ നല്കിയ അധിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നല്കിയ തുക | 76679 |
| നല്കാവുന്ന തുക | 58005.63 |
| അധികം നല്കിയത് | 18673.37 |

അധിക തുക നല്കിയതിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന് (നം.15)മറുപടി നല്കിയിട്ടില്ല. അധികം നല്കിയ തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-12-1 റോഡ് റീ ടാറിങ്ങ് -ടാക് കോട്ടിംഗിന് അധിക നിരക്ക് നൽകി

പ്രോജക്റ്റ് നം-234/17

പ്രോജക്റ്റ് - വെള്ളൂർ ഡിവിഷൻ കുവപ്പള്ളി കോട്ടക്കുന്നേൽ റോഡ് റീടാറിങ്ങ്

നിർവ്വഹണ ഉദ്യോഗസ്ഥൻ-എക്സിക്യൂട്ടീവ് എൻജിനിയർ, എൽ.എസ്.ജി.ഡി.

കരാറുകാരൻ-കൃഷ്ണകുമാർ ജി.

അളവ് പുസ്തകം-205/15-16

ചെലവ്-956750/-ബിൽ നം- CB 214/6-17 തീയതി-30.3.17

2015-16 വർഷം എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രോജക്റ്റിന്റെ ഒന്നാം ഇനം Providing and applying tack coat using hot straight run bitumen of grade VG 30 including-------- on bituminous surface 0.5 kg/cm2 എന്നതാണ്. ഈ ഇനത്തിന് 66.5/m2 എന്ന നിരക്ക് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി. എന്നാൽ പ്രസ്തുത ഇനത്തിന് 2015-16 വർഷം അനുവദിക്കാവുന്ന നിരക്ക് 48.6 ച.മീ ആണ്(CI 46.67%, specification 16. 30.2). കരാറുകാരൻ മുഖേന നിർവ്വഹിച്ച ടി പ്രവർത്തിയുടെ അളവ് പുസ്തകം പേജ് 20-23പ്രകാരം ടി ഇനം 1299 ച.മീ. നിർവ്വഹിച്ചിട്ടുണ്ട്. 1299 ച.മീ. ന് 66.5 ച.മീ. നിരക്കിൽ 86,383.5 രൂപ നൽകിയിട്ടുണ്ട് . അധിക നിരക്ക് നൽകിയത് മൂലം 23,252 രൂപ {(66.5-48.6)x1299}കരാറുകാരന് അധികം നൽകി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ നൽകിയ അന്വേക്ഷണക്കുറിപ്പിന് (നം.5)മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്

## 3-12-2 എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി-അധിക നിരക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ-എക്സി എൻജിനിയർ, എൽ.എസ്.ജി.ഡി.

താഴെപറയുന്ന പ്രോജക്റ്റുകളുടെ എസ്റ്റിമേറ്റിന്റെ ഒന്നാം ഇനം Providing and applying tack coat using hot straight run bitumen of grade VG 10 including heating the bitumen.... on bituminous surface 0.5 kg/cm2 ആണ്. പ്രസ്തുത വേലകളുടെ അളവുപുസ്തകം പരിശോധിച്ചതിൽ VG 30 grade ബിറ്റുമിൻ ഉപയോഗിച്ചാണ് ടാക് കോട്ട് എന്ന ഇനം നിർവ്വഹിച്ചത്. എന്നാൽ അതിന് VG 10 ന്റെ നിരക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. VG 30 grade ബിറ്റുമിൻ ഉപയോഗിച്ച് നിർവ്വഹിച്ച ഇനത്തിന് VG 10 grade ന്റെ നിരക്ക് അനുവദിച്ചത് മൂലം 8,400 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് | കരാറുകരൻ | അളവുപുസ്തകം | Tack coat ചെയ്ത അളവ് | അനുവദിക്കാവുന്ന നിരക്ക് 46.8/m2 | അനുവദിച്ച നിരക്ക് 56.83/m2 | അധികം നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|---|---|
| 815/17 കാട്ടാമ്പാക്ക് പൂവ്വത്തുരുത്ത് ഗവ. LPSറോഡ് റീടാറിങ്ങും കോൺക്രീറ്റിങ്ങും | P.P.ഫിലിപ്പ് | 566/15-16 | 348 | 17570.6 | 19776.84 | 2206.24 | CB 178/16-17 തീയതി 28.03.17 |
| 813/17 കുറിച്ചി ഡിവിഷനിൽ പുളിമൂട് കവല കല്ലുങ്കൽ കടവ് റോഡ് പൂർത്തിയാകരണം | " | 565/16-17 | 617.53m2 | 28900.4 | 35094.22 | 6193.82 | CB 177/16-17 തീയതി 28.03.17 |
| ആകെ | | | | | | 8400 | |

എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയതിനും അധിക നിരക്ക് നൽകിയതിനും വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.27)മറുപടി നൽകിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-12-3 റോഡ് ടാറിംഗ് പ്രവൃത്തികൾ ബാരൽ വില ഈടാക്കിയില്ല

ജില്ലാ പഞ്ചായത്തിൽ 2016-17 വർഷം എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് RS1/s 65ഗ്രേഡ് ബിറ്റുമിൻ ആണ്. DSR /MORDസ്പെസിഫിക്കേഷൻ പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ആയതിനാൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (238 +14.5% VAT) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ ജില്ലാപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ ടാറിംഗ് വേലകളുടെ ബില്ലിൽനിന്നും മേൽപ്പറഞ്ഞപ്രകാരം ബാരൽ തിരികെ വാങ്ങുകയോ ബാരൽവില ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര് | കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരലിന്റെ എണ്ണം | കുറവ് ചെയ്യേണ്ട തുക | ബിൽ നം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 371/17കടുത്തുരുത്തി ഡിവിഷനിൽ കല്ലറ പഞ്ചായത്തിൽ തച്ചേരി മുട്ടം തറേത്താഴം റോഡ് റീ ടാറിംഗ് | ബിജു പീറ്റർ | RS1-371.57kg<br>S65-3941.76kg | 2<br>26 | 546<br>7098 | 259/<br>30.3.17 |
| 2 | 912/17,കാഞ്ഞിരപ്പള്ളി പഞ്ചായത്തിലെ കരുംകണ്ണി വലിയേടത്തു റോഡ് റിടാറിങ്ങ് | S.ഉണ്ണികൃഷ്ണൻ | VG30-4944kg | 30 | 8190 | 82/<br>24.1.17 |
| 3 | 556/17, പൊൻകുന്നം ഡിവിഷനിൽ വാഴൂർ പഞ്ചായത്ത് 15വാർഡിൽ കപ്പകാട് 15 ാം മൈൽ റോഡ് പുനരുദ്ധാരണം | ജോർജ്ജ് തോമസ് | RS1-205.1kg<br>S65-2302.01kg | 2<br>15 | 546<br>4095 | 268/<br>30.3.17 |
| 4 | 843/17,തൃക്കൊടിത്താനം ഗ്രാ.പ .കൊടിനാടടം കുന്ന്-കൈലാത്തുപടി റോഡ് പുനരുദ്ധാരണം | സി.എബ്രഹാം | VG30-5669.63kg | 37 | 10101 | 95/<br>31.3.17 |
| 5 | 269/17 ,ചിറക്കടവ് ഗ്രാ.പ.പലയകുന്നേൽ -ചിത്രാഞ്ജലി (മുളങ്കുന്നത്തുപടി ) റോഡ് പുനരുദ്ധാരണം | ദിൽകുഷ് വി.റ്റി. | VG30-4348.81 | 28 | 7644 | *104/<br>31.1.17* |
| 6 | 389/17 ,പാമ്പാടി ഡിവിഷനിൽ കൂരോപ്പട പഞ്ചായത്തിൽ വട്ടുകളം-ഇളങ്കാവ് റോഡ് റീ ടാറിംഗ് | സാബു സെബാസ്റ്റ്യൻ | RS1-536.89kg<br>S65-2275.44kg | 3<br>15 | 819<br>4095 | 156/<br>24.3.17 |

ബാരൽ വില കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതിനാൽ ജില്ലാപഞ്ചായത്ത് കരാറുകാർക്ക് 43,134 രൂപ അധികം നൽകുവാൻ ഇടയായിട്ടുണ്ട്. ഇപ്രകാരം ബാരൽ വില ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23)മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ അധികം നൽകിയ തുക 43,134 /-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുക കരാറുകാരനിൽ നിന്ന് ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ടതാണ്.

## 3-13 സേവനനികുതി കേന്ദ്രസർക്കാരിലേക്ക് അടവാക്കിയിട്ടില്ല

ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറിയുടെ 25.11.2016 ലെ ഇൻഡ്&പി.ഡബ്ലിയു.ബി2/187/16 കത്ത് ആധാരമാക്കി 2016-17 ൽ ഏറ്റെടുത്ത വിവിധ മരാമത്ത് പ്രവൃത്തികൾക്ക് സേവന നികുതി ഉൾപ്പെടെയുള്ള തുക കരാറുകാർക്ക് നല്കിയിട്ടുണ്ട്. കോട്ടയം ബിൽഡിംഗ്സ് ഡിവിഷനിൽ നിന്നും സേവനനികുതി സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ട് നല്കിയ മേൽ കത്തിലെ നിർദ്ദേശാനുസരണം എല്ലാ കരാറുകാർക്കും സേവനനികുതി രജിസ്ട്രേഷൻ നിർബന്ധമാണെന്നും, സേവന നികുതി അടച്ച രസീത് കരാറുകാരനിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സെക്യൂരിറ്റി നിക്ഷേപം മടക്കി നല്കുന്നതിന് മുൻപ് സേവന നികുതി അടച്ച രസീത് കണ്ട് ബോധ്യപ്പെടേണ്ടതാണെന്നും ഓരോ മാസവും

കരാറുകാർക്ക് നല്കിയ ബില്ലുകളുടെ വിവരങ്ങൾ സേവനനികുതി അക്കൗണ്ട് നമ്പർ ഉൾപ്പെടെ സേവന നികുതി വിഭാഗത്തിന് അയച്ചു കൊടുക്കേണ്ടതുമാണെന്നും അറിയിച്ചിട്ടുണ്ട്.

2016-17 ലെ ഫയലുകൾ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികൾക്ക് സേവന നികുതി വകയിരുത്തി കരാറുകാർക്ക് നല്കിയെങ്കിലും ഈ തുക കേന്ദ്രസർക്കാരിൽ അടവാക്കി രസീത് ഹാജരാക്കിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.മാത്രമല്ല വിവിധ കരാറുകാർക്ക് സേവനനികുതി ഇനത്തിൽ നല്കിയ തുകയുടെ കണക്ക് അടവു വിവരം പരിശോധിക്കാൻ ഉതകും വിധം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.ഇപ്രകാരം നല്കിയ തുകകൾ അടവാക്കാതെ കരാറുകാർ കൈവശം സൂക്ഷിച്ചിരിക്കുകയാണ്. ഓഡിറ്റിൽ പരിശോധിച്ച ഫയലുകളിൽ നിന്നും ഇത്തരത്തിൽ നികുതി അടവാക്കാതെ കരാറുകാർ അനധികൃതമായി കൈവശം സൂക്ഷിച്ചിരിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു. (വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിക്കേണ്ടത് തുക നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്.)

| ക്രമ നം. | പ്രോജക്ട്/പ്രോജക്ട് നം. | കരാറുകാരൻ | സേവനനികുതി ഇനത്തിൽ നല്കിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | കാണക്കാരി.എച്ച്.എസ്.എസ് മെയിന്റനൻസ് 719/17 | സി.യു മത്തായി | 93015/- | |
| 2 | കാഞ്ഞിരപ്പള്ളി, എറികാട് കുടിവെള്ള പദ്ധതി 875/17 | കെ.എം ജോർജ്കുട്ടി | 34846/- | |
| 3 | കാണക്കാരി പഞ്ചായത്ത് എസ്.റ്റി കോളനി അടിസ്ഥാനസൗകര്യ വികസനം 703/17 | ജോസഫ് വർഗ്ഗീസ് | 59785/- | |
| 4 | ഉഴവൂർ കുട്ടക്കൽ കോളനി സമഗ്രവികസനം | സാജുതോമസ് | 101217/- | |
| 5 | വെള്ളൂർ പി.റ്റി.എം എച്ച്.എസ്.എസ്, പാമ്പാടി 711/17 | | 31887/- | (ബിൽ നം.264/16-17 തീയതി 30.3.17) |
| 6 | തോട്ടക്കാട് ഗവ.എച്ച്.എസ് മെയിന്റനൻസ് 679/17 | | 38067/- | |
| | | | 358817/- | |

സേവനനികുതി ഇനത്തിൽ അടവാക്കുന്നതിനുള്ള തുക കരാറുകാർക്ക് നല്കിയത് കേന്ദ്രസർക്കാരിലേക്ക് അടവാക്കി എന്ന് ഉറപ്പു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥനായ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയാണ്. തുകയുടെ അടവ് വിവരം ഉറപ്പാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ പ്രസ്തുത ഇനത്തിലുള്ള 3,58,817/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-14** <u>മെച്ചപ്പെട്ട വിദ്യാഭ്യാസ പദ്ധതി എന്ന പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ</u>

പ്രോജക്ട് നം.SO575/17

അടങ്കൽ -800,000(വികസന ഫണ്ട്)

ചെലവ് -758,611

ബിൽ നം.2/BE/16-17 -192252രൂപ തീ.25.3.17

ബിൽ നം.1/BE/16-17 -566359 രൂപ തീ.18.2.17

ഉയർന്ന മാർക്കോടുകൂടി നാലാം ക്ലാസ്സ് പാസ്സാകുന്ന സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വകാര്യ ബോർഡിംഗ് സ്കൂളിൽ 5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ വിദ്യാഭ്യാസത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കാനുദ്ദേശിച്ചുള്ളതാണ് ഈ പ്രോജക്ട്. മുത്തോലി സെന്റ് ആന്റണീസ് ഹൈസ്കൂളിലും, രാമപുരം എസ്.എച്ച്.ജി.എച്ച്.എസിലുമാണ് ഈ പ്രോജക്ടിലുൾപ്പെടുത്തി വിദ്യാർത്ഥികൾക്ക് പഠനസൗകര്യമൊരുക്കിയത്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മുത്തോലി സെന്റ് ആന്റണീസ്, രാമപുരം എസ്.എച്ച്.ജി.എച്ച്.എസ് എന്നീ രണ്ടു ബോർഡിംഗ് സ്കൂളുകളെ മാത്രം തെരഞ്ഞെടുക്കാനുള്ള സാഹചര്യം വ്യക്തമല്ല.

2) ജില്ലയിലെ ഏതാനും ചില ബ്ലോക്കുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമാണ് ഈ പ്രോജക്ടിലുൾപ്പെടുത്തി പഠനത്തിന് സഹായം ലഭിച്ചത്. ജില്ലയിലെ എല്ലാ പ്രദേശങ്ങളിൽ നിന്നുമുള്ള അർഹരായ കുട്ടികൾക്ക് ഈ പ്രോജക്ടിനെക്കുറിച്ച് അറിയുവാനവസരമുണ്ടായോ എന്നുറപ്പാക്കിയിട്ടില്ല.

3)കുട്ടികളെ തെരഞ്ഞെടുക്കുവാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമല്ല.

4)രണ്ട് ബോർഡിംഗ് സ്കൂളുകളുമായി കരാറിലേർപ്പെട്ടില്ല. ബോർഡിംഗ് ചാർജ്, ഫീസ്, മറ്റിനം ചെലവുകൾ ഇവയിൽ ഏതെല്ലാം നൽകണമെന്ന് കരാറിൽ വ്യവസ്ഥചെയ്യുന്ന നിർദ്ദേശങ്ങൾ പ്രേജക്ടിലുൾപ്പെടുത്തിയിട്ടില്ല.

5)സംസ്ഥാനാവിഷ്കൃത പദ്ധതിഫണ്ട് ഉൾപ്പെടെയുള്ള ഇതരഫണ്ടുകൾ ഇതേ ആവശ്യത്തിനായി ലഭ്യമായിട്ടുണ്ടോ എന്നു വ്യക്തമല്ല.

6)മറ്റ് സ്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾക്ക് ഈ പ്രോജക്ടിലുൾപ്പെടുത്തി വിദ്യാഭ്യാസാനുകൂല്യം നൽകിയിട്ടില്ല.

7)ധനസഹായം ലഭിച്ച കുട്ടികളുടെ പഠനനിലവാരം യഥാസമയം വിലയിരുത്തിയതിന്റെ രേഖകളില്ല.

സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യങ്ങൾ ഒരുക്കി അവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുവാൻ ആസൂത്രണം ചെയ്യുന്ന പ്രോജക്ടുകൾ ചില കേന്ദ്രങ്ങളിലെ സ്കൂളുകളിൽ മാത്രമായി ഒതുക്കിയതുമൂലം സാമൂഹ്യനീതി ഉറപ്പാക്കുവാനായി എന്നു കരുതുവാനാവില്ല. മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(17)ന് മറുപടി ഹാജരാക്കിയിട്ടില്ല. ജില്ലാപഞ്ചായത്ത് ഒറ്റയൂണിറ്റായി കണക്കാക്കി അതിന്റെ പരിധിയിൽ വസിക്കുന്ന അർഹരായ പട്ടികജാതി വിഭാഗക്കാർക്ക് പരമാവധി സ്കൂളുകളിൽ റസിഡൻഷ്യൽ സൗകര്യം ഏർപ്പെടുത്തുവാൻ പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്. ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും, വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 3-15 കടുത്തുരുത്തി- മാന്നാർ മാന്താംകുന്ന് പട്ടികജാതി തൊഴിൽ പരിശീലന കേന്ദ്രനിർമ്മാണം- അപാകതകൾ

പ്രോജക്ട് നം. 935/17

അടങ്കൽ- 1500000

ചെലവ് - 1283498 (15-16) + 216502 (16-17) ( ബിൽ നം. 274/16-17/ 30.3.17 )

നിർവ്വഹണോദ്യോഗസ്ഥൻ- എക്സിക്യൂട്ടീവ് എൻജിനീയർ.

കടുത്തുരുത്തി വില്ലേജിൽ സർവ്വേ നം. 38/20 A3 ൽ ഉൾപ്പെട്ട 5 സെന്റ് സ്ഥലം കടുത്തുരുത്തി ഗ്രാമ പഞ്ചായത്തിന് സറണ്ടർ ചെയ്ത് ലഭിച്ചിട്ടുള്ളതാണ്. ടി സ്ഥലത്ത് 22mx4m അളവിലുള്ള വാർക്ക കെട്ടിടം നിർമ്മിക്കുന്നതിനും 35m നീളത്തിൽ ചുറ്റുമതിൽ നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട്.

20.11.17 ൽ സ്ഥലപരിശോധന നടത്തിയതിൽ പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

എസ്റ്റിമേറ്റിലെ ഇനം 20 ആയി സെപ്റ്റിക് ടാങ്ക് സ്ഥാപിക്കുന്നതിനായി 16,000 രൂപ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. (എം ബുക്ക് നം. 3/15-16 പേജ് 9). സെപ്റ്റിക് ടാങ്ക് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്ലംബിംഗ് ജോലികൾ പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കിയിട്ടില്ല.

2) എം ബുക്ക് പേജ് 13 ൽ എസ്റ്റിമേറ്റിലെ 29-ാം ഇനമായി 1HP മോട്ടോർ സ്ഥാപിക്കുന്നതിന് 15,855 രൂപ മൂല്യം കണക്കാക്കി. എന്നാൽ മോട്ടോർ സ്ഥാപിച്ചിട്ടില്ല.

3) തൊഴിൽ പരിശീലന കേന്ദ്രത്തിന് ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

4) സറണ്ടർ ചെയ്ത് ലഭിച്ച സ്ഥലം പഞ്ചായത്തിന്റെ പേരിൽ പോക്കു വരവ് ചെയ്തതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.

5) സാധനങ്ങൾ വാങ്ങിയതിന്റെ കാഷ് ബിൽ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6) തൊഴിൽപരിശീലനകേന്ദ്രം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1HP മോട്ടോർ സ്ഥാപിക്കുന്നതിന് ചെലവഴിച്ച 15,855 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ 2016-17 ൽ ചെലവഴിച്ച 2,16,502 രൂപയിൽ നിരാകരിച്ച 15,855 രൂപ കഴിച്ച് 2,00,647 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തൊഴിൽപരിശീലനകേന്ദ്രത്തിൽ പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 പദ്ധതി ആസൂത്രണത്തിലെ അപാകത

പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ നിർവ്വഹണരീതി(കരാർ/ഗുണഭോക്തൃസമിതി/നേരിട്ട്) നിശ്ചയിക്കേണ്ടതും ഗുണഭോക്തൃസമിതി മുഖേനെയുള്ള നിർവ്വഹണ രീതിക്ക് മുൻഗണന നൽകേണ്ടതാണെന്നും 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ വ്യക്തമാക്കുന്നു. എൽ.എസ് ജി. ഡി എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള 12 പ്രവൃത്തികളുടെ നിർവ്വഹണ രീതി ഗുണഭോക്തൃസമിതി എന്നത് മാറ്റി ടെണ്ടർ ആക്കി പുതുക്കാൻ 11.1. 16 ലെ DB ജനറൽ/15 നമ്പർ കത്ത് പരിഗണിച്ച് ജില്ലാപഞ്ചായത്ത് 7.1.2016 ലെ ജില്ലാപഞ്ചായത്ത് അടിയന്തിര കമ്മറ്റിയുടെ I(1)സി നമ്പരായി തീരുമാനിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.തീയതികൾ പൊരുത്തപ്പെടുന്നില്ല-എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണ രീതി മാറ്റണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയത് 11.1.16 ആണ്. എന്നാൽ നിർവ്വഹണ രീതി മാറ്റാൻ ജില്ലാ പഞ്ചായത്ത് തീരുമാനം എടുത്തിരിക്കുന്നത് 7.1.16ലാണ്.

2. നിർവ്വഹണ രീതിയിൽ മാറ്റം വരുത്താനുള്ള സാഹചര്യം വ്യക്തമല്ല

3. 2014-15 വർഷം SOR 2012 ന്റെ അടിസ്ഥാനത്തിൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം കിട്ടിയ പ്രോജക്ടുകൾ യഥാസമയം കരാർ വെയ്ക്കാതിരുന്നതിലാൽ അധികനിരക്ക് നൽകേണ്ടി വരികയും പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടാകുകയും ചെയ്തു. 31.03.2015 വരെ SOR 2012 ന്റെ നിരക്കും 31.07.15 വരെ DSR CI 40.95% നിലവിലിരിക്കെ 1/2016 ശേഷം തുടർനടപടികൾ സ്വീകരിച്ചതിനാൽ. കോസ്റ്റ് ഇൻഡെക്സ് 46.67% ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നു. ആയതിനാൽ 20% ത്തിലധികം ഓരോ പ്രോജക്ടിലും അധികചെലവ് വന്നു.

ഇപ്രകാരം ഭേദഗതി വരുത്തിയ 12 പ്രോജക്ടുകളിൽ 11 ാം ക്രമനമ്പരുള്ള 15-16 ലെ 180ാം നമ്പർ പ്രോജക്ടാണ് അയർക്കുന്നം ഡിവിഷനിൽ അയർക്കുന്നം പഞ്ചായത്തിൽ കുമാരിക്ഷേമകേന്ദ്രം നിർമ്മാണം. 10 ലക്ഷം രൂപ അടങ്കൽ തുക(ജനറൽ പ്ലാൻ) ഉള്ള പ്രസ്തുത പ്രോജക്ട് 2014-15 വർഷത്തെ 918/15 നമ്പർ പ്രോജക്ടിന്റെ സ്പിൽ ഓവറാണ്. 2014-15 ൽ SOR 2012 ന്റെ അടിസ്ഥാനത്തിൽ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയ ഈ പ്രോജക്ട് ഭേദഗതി വരുത്തിയപ്പോൾ 35 ഇനങ്ങൾ ഉൾപ്പെടുത്തി 4095

കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി അയർക്കുന്നം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറും പള്ളം ബ്ലോക്ക് അസി. എക്സി. എഞ്ചിനിയറും സാക്ഷ്യപ്പെടുത്തി തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് ഫയലിൽ ഉണ്ട്. എന്നാൽ ഈ എസ്റ്റിമേറ്റിലെ ഇനം 27,31,32,33,34 എന്നിവ പൂർണ്ണമായും ഒഴിവാക്കി ശേഷിക്കുന്ന ഇനങ്ങൾ പൂർണ്ണമായും ഒഴിവാക്കി ശേഷിക്കുന്ന ഇനങ്ങൾ 46.67 പോയിന്റ്സ് അടിസ്ഥാനത്തിൽ തിരുത്തി 10 ലക്ഷം രൂപയിൽ കൂടുതലാകാതെ എസ്റ്റിമേറ്റ് തയ്യാറാക്കി. ഈ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി രേഖയായി ഫയലിൽ ചേർത്തിട്ടുള്ളത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തലത്തിൽ സാക്ഷ്യപ്പെടുത്താത്ത 5.2.16 തീയതിയിലുള്ള നമ്പർ ചേർക്കാത്ത അപൂർണ്ണമായ കടലാസ് കഷ്ണം മാത്രമാണ്.

4. 2014-15 വർഷം അംഗീകാരം കിട്ടിയ പ്രോജക്ടിൽ ഉൾപ്പെട്ട അതിരമ്പുഴ ഡിവിഷനിൽ അതിരമ്പുഴ പഞ്ചാത്തിൽ വാർഡ് 3 ൽ കുമാരിക്ഷേമകേന്ദ്രം നിർമ്മാണം എന്ന പ്രോജക്ട് കരാർ വെച്ചെങ്കിലും പണി തുടങ്ങിയില്ല എന്ന കാരണത്താൽ നിർവ്വഹണരീതി മാറ്റി. കരാർ ലംഘനത്തിന് കരാറുകാരനെതിരെ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

5.കരാറിൽ ഏർപ്പെട്ടില്ല /പണി ആരംഭിച്ചില്ല എന്ന കാരണത്താൽ നിർവ്വഹണരീതി മാറ്റുകയും യഥാസമയം തുടർനടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്തതിനാൽ 12 പ്രോജക്ടുകളിലൂടെ ലാഭിക്കാമായിരുന്ന 20 ലക്ഷത്തോളം രൂപ ജില്ലാ പഞ്ചായത്തിന് നഷ്ടമായി. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ജില്ലാപഞ്ചായത്ത് കമ്മറ്റി വിഷയം ഗൗരവമായി പരിശോധിക്കേണ്ടതാണ്.

## 3-17 പാമ്പാടി ഡിവിഷനിൽ കാർഷിക വിപണനകേന്ദ്രനിർമ്മാണം- അപാകതകൾ

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2014-15 വാർഷിക പദ്ധതിയിൽ ആരംഭിച്ചതാണ് ടി പദ്ധതി. പ്രവൃത്തി നിർവ്വഹണത്തിനായി കരാറുകാരൻ ശ്രീ.ഷാജി ജോസഫ് ഇലവത്തിലുമായി 19.6.14 ൽ കരാർ ചമച്ചു (കരാർ നം.1/EE/LSGD/14-15/ 19.6.14). ടി പ്രവൃത്തിക്കായി 2014-15, 15-16, 16-17 വർഷങ്ങളിൽ താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പ്രോജക്ട് നം. | ചെലവ് | ഫണ്ടിനം |
|---|---|---|---|
| 2014-15 | 26/15 | 14,76,173 | പ്ലാൻ ഫണ്ട് |
| 2015-16 | 344/16 | 51,95,529 | നബാർഡ് RIDF വിഹിതം |
| 2016-17 | 962/17 | 34,07,000 | ” |
| | ആകെ | 1,00,78,702 | |

നാലാമത് പാർട്ട് ബിൽ നൽകുന്നതിനായി 36,34,930 രൂപയുടെ റിക്വിസിഷൻ 25.11.16 ലും 12.1.17 ലും എക്സിക്യൂട്ടിവ് എൻജിനീയർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയെങ്കിലും തുക നൽകിയതായി കാണുന്നില്ല.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) കരാർ പ്രകാരം പൂർത്തീകരണ കാലവധി 18.6.15 ആണെങ്കിലും ഓഡിറ്റു തീയതി (13.11.17) വരെ പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നില്ല.

2) കെട്ടിടം പണിയേണ്ട സ്ഥലം വിട്ടുകിട്ടാൻ താമസം വന്നതിനാലും അതിർത്തി തർക്കം പരിഹരിക്കാൻ താമസം വന്നതിനാലും കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ 30.9.2016 വരെ പൂർത്തീകരണകാലാവധി പിഴ കൂടാതെ ദീർഘിപ്പിച്ചു നൽകുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായി കാണുന്നു (തീയതി രേഖപ്പെടുത്തിട്ടില്ല).

പിഴ കൂടാതെ 30.9.16 വരെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ് എന്ന് AE യും AEE യും ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും കാലാവധി ദീർഘിപ്പിച്ച് EE അനുവദിച്ചതായി കാണുന്നില്ല.

3) കരാർ കാലാവധി കഴിയുന്നതിന് മുൻപായി സപ്ലിമെന്ററി കരാർ ചമച്ചിട്ടില്ല.

4) പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയില്ലെങ്കിലും കരാർ തീയതിയ്ക്ക് ശേഷം നല്കിയ പാർട്ട് ബില്ലുകളിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

5) കെട്ടിടം പണിയുന്നതിന് മുൻപായി പാമ്പാടി ഗ്രാമ പഞ്ചായത്തിൽ നിന്നും കെട്ടിടനിർമ്മാണ പെർമിറ്റ് എടുത്തതായി കാണുന്നില്ല.

6) കെട്ടിടത്തിന്റെ പ്ലാൻ, സ്കെച്ച്, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിക്കുന്ന രേഖകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും കാർഷിക വിപണനകേന്ദ്രം നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃത പിഴപ്പലിശ കൂടി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-18** കുമാരിക്ഷേമകേന്ദ്രം നിർമ്മാണം - നിലവിലുണ്ടായിരുന്ന അങ്കണവാടി കെട്ടിടം പൊളിച്ചു മാറ്റിയതിന്റെ വിവരങ്ങൾ ഇല്ല

1.കാഞ്ഞിരപ്പള്ളി ഗ്രാ.പ-വാർഡ് നം.9 ൽ കുമാരിക്ഷേമകേന്ദ്രം നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 118/17 |
| പ്രോജക്ട് | കാഞ്ഞിരപ്പള്ളി ഗ്രാ.പ-വാർഡ് നം.9 ൽ കുമാരിക്ഷേമകേന്ദ്രം നിർമ്മാണം |
| അടങ്കൽ, ഫണ്ടിനം | 100000 (വികസന ഫണ്ട് ജനറൽ) |
| കരാറുകാരൻ | ലിബിൻ ബേബി |
| അളവു പുസ്തകം നം | 341/15-16 |
| കരാർ നം | 209/EE/LSGD/14-15 Dt.4.3.15 |
| സൈറ്റ് ഹാൻഡ് ഓവർചെയ്ത തീയതി | 25.10.15 |
| കരാറുകാരന് നല്കിയ തുക | 639875 (096947/18.4.16)<br>112920/( ബിൽ നം 115 / 8.3.17) |

14-15 വർഷം ആരംഭിച്ച പ്രസ്തുത പ്രവൃത്തിക്കായി 4.3.15ൽ കരാറിലേറിപ്പെട്ടിരുന്നു. ടി കെട്ടിട നിർമ്മാണത്തിനായി നീക്കി വെച്ചസ്ഥലത്ത് ഒരു അംഗനവാടി കെട്ടിടം പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണെന്നും അംഗണവാടി മറ്റൊരു കെട്ടിടത്തിലേക്ക് മാറുന്ന പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നതിനാൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യാനുള്ള കാലതാമസം ഇളവു ചെയ്തു തരണമെന്നും കാഞ്ഞിരപ്പള്ളി എ.ഇ.,1.10.15 ൽ ഇ.ഇ യോട് അപേക്ഷിച്ചതായി കാണുന്നു.ആയതിനാൽ 4.3.15ൽ കരാറിലേറിപ്പെട്ടിരുന്ന പ്രവൃത്തിക്കു വേണ്ടി സൈറ്റ് ഹാൻഡ് ഓവർ ചെയ്തു നല്കിയത് 25.10.15 ൽ മാത്രമാണ്. അംഗണവാടി കെട്ടിടം പൊളിച്ചു മാറ്റുന്നതിന്റെ പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത കെട്ടിടം സംബന്ധിച്ചുള്ള വിവരങ്ങൾ, ആയത് പൊളിച്ചതിന്റെ വിവരങ്ങൾ, ഉപയോഗപ്രദമായ നിർമ്മാണസാമഗ്രികൾ ഇനം തിരിച്ച് മൂല്യം നിർണ്ണയിച്ചതിന്റെ വിവരങ്ങൾ, അവ ലേലം ചെയ്ത് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടിയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച് യാതൊരു വിവരങ്ങളുമില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.34) മറുപടി ലഭ്യമാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2.പാമ്പാടി ഗ്രാമ പഞ്ചായത്തിൽ വാർഡ് 15 ൽ പറക്കാവ് കുമാരിക്ഷേമ കേന്ദ്രം നിർമ്മാണം

| | |
|---|---|
| പ്രോജക്ട് നം. | 74 /17 |
| അടങ്കൽ, ഫണ്ടിനം | 1000000 (വികസന ഫണ്ട് ജനറൽ) |
| കരാറുകാരൻ | മനോജ് തോമസ് |
| കരാർ നം | 8/EE/LSGD/15-16 Dt 11.8.15 |
| സൈറ്റ് ഹാൻഡ് ഓവർചെയ്ത തീയതി | 8.9.15 |
| കരാറുകാരന് നല്കിയ തുക | 670326 ( ബിൽ നം. / 8.3.17) |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പാമ്പാടി ദയറയുടെ ഉടമസ്ഥതയിലുള്ള കുളത്തിന്റെ നിർമ്മാണ സമയത്ത് നിലവിലുള്ള അങ്കണവാടി കെട്ടിടത്തിന് തകരാർ സംഭവിച്ചു എന്നും ആയതിന് പരിഹാരമായി പുതിയ കെട്ടിടം പണിയുമ്പോൾ പൈൽ ഫൗണ്ടേഷൻ നടത്തി പഞ്ചായത്തിനെ സഹായിക്കാമെന്നും സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ പൈൽ നിർമ്മാണം ഒഴിവാക്കി ബാക്കിയുള്ള പ്രവൃത്തികളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് എന്നു വ്യക്തമാക്കിയിട്ടുണ്ട്. ടി ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിലവിലുണ്ടായിരുന്ന അങ്കണവാടി പൊളിച്ചതിന്റെ വിവരങ്ങൾ, ഉപയോഗപ്രദമായ നിർമ്മാണസാമഗ്രികൾ ഇനം തിരിച്ച് മൂല്യം നിർണ്ണയിച്ചതിന്റെ വിവരങ്ങൾ, ആയവ ലേലം ചെയ്ത് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടിയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച് യാതൊരു വിവരങ്ങളും ഇല്ല.

2.പ്രവൃത്തി നിർവ്വഹണ സമയത്ത് പൈൽ ഫൗണ്ടേഷൻ പാമ്പാടി ദയറ മാനേജ്മെന്റ് നടത്തിയതായാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ പൈലിങ്ങ് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പൈലിങ്ങിനു ചെലവായ തുക മാനേജ്മെന്റിൽ നിന്നും പഞ്ചായത്ത് സ്വീകരിക്കേണ്ടതിനു പകരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് യാതൊരു വിധ അനുമതിയുമില്ലാതെ ഒരു സ്വകാര്യ മാനേജ്മെന്റ് നേരിട്ട് പ്രവൃത്തികൾ ഏറ്റെടുത്തത് ക്രമവിരുദ്ധമാണ്.

ആസ്തി സംരക്ഷിക്കാൻബാധ്യതയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനം ആസ്തിയുടെ നഷ്ടവും അതിന്മേലുള്ള നിയമ വിരുദ്ധമായ കടന്നു കയറ്റവും ശ്രദ്ധിയ്ക്കുന്നില്ല എന്നത് ഗൗരവമായി ഓഡിറ്റ് വീക്ഷിക്കുന്നു.

## 3-19 മാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ നീന്തൽ കുളം പൂർത്തീകരണം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം - SO312/17(ബഹുവർഷ പ്രോജക്ട്)

അടങ്കൽ - 1000000/-(വികസന ഫണ്ട് (ജനറൽ))

ചെലവ് -890471/-

എം ബുക്ക് നം.- 582/15-16

ബിൽ നം/തുക -119/16-17/08.03.17

നിർവ്വഹണഉദ്യോഗസ്ഥൻ -എക്സിക്യൂട്ടീവ് എഞ്ചിനിയർ

കോട്ടയം ജില്ലാ പഞ്ചായത്തിലെ കുറവിലങ്ങാട് ഡിവിഷനിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ 'പഴഞ്ചിറക്കുളം' നീന്തൽ കുളമാക്കി മാറ്റുന്നതിന്റ ഭാഗമായി രണ്ട് വശങ്ങൾ സൈഡ് കെട്ടിയിട്ടുള്ള കുളത്തിന്റെ അവശേഷിക്കുന്ന രണ്ട് വശങ്ങൾ സൈഡ് കെട്ടുന്നതിനും നാല് സൈഡിലും സോളിഡ് ബ്ലോക്ക് ഉപയോഗിച്ച് കെട്ടി തിരിക്കുന്നതിനും കുളത്തിന്റെ പടിഞ്ഞാറ് വശം കോൺക്രീറ്റ് ചെയ്ത് ലെവൽ ചെയ്യുന്നതിനും കുളത്തിലേക്കുള്ള അപ്രോച്ച് റോഡ് 40 മീറ്റർ കോൺക്രീറ്റ് ചെയ്യുന്നതിനുമായിരുന്നു എസ്റ്റിമേറ്റ് റിപ്പോർട്ട്

പ്രകാരം പദ്ധതി വിഭാവനം ചെയ്തിരുന്നത്. എന്നാൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി സ്ഥലപരിശോധന നടത്തിയതിൽ പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും പദ്ധതി നീന്തൽ കുളമെന്ന ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. നിലവിൽ കുളം പോള നിറഞ്ഞും ചെളി അടിഞ്ഞും പ്രയോജനപ്രദമല്ലാതെ കിടക്കുന്നതായി കാണുന്നു.



പ്രസ്തുത കുളം പ്രദേശവാസികൾ ഉപയോഗിക്കുന്നതാണെന്ന് ഉറപ്പുവരുത്തുകയോ നീന്തൽകുളമായി പ്രയോജനപ്പെടുത്തുവാൻ സാധിക്കുമോയെന്ന് സാദ്ധ്യതാ പഠനം പോലും നടത്തുകയോ ചെയ്യാതെയാണ് മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കുന്നു. 9 ലക്ഷത്തോളം രൂപ ജില്ലാപഞ്ചായത്ത് ചെലവഴിച്ചിട്ടും നീന്തൽ കുളമെന്ന പദ്ധതിലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല. പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കാത്ത ഒരു നിർമ്മിതിക്കുവേണ്ടിയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും പണം ചെലവഴിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ പ്രസ്തുത കുളം മികച്ചൊരു ജലസ്രോതസ്സാക്കി സംരക്ഷിക്കുകയും കുടിവെള്ള പദ്ധതി പോലെ ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതിയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 3-20 മിനിപാർക്ക് നിർമ്മാണം -പൊതുപണത്തിന്റെ പാഴ്ച്ചെലവ്

പ്രോജക്ട് നം - SO726/16, SO226/17 (ബഹുവർഷ പ്രോജക്ട്)

അടങ്കൽ - 2500000/-(വികസന ഫണ്ട് (ജനറൽ))

ചെലവ് -2179019/-

എം ബുക്ക് നം.- 355/15-16,357/15-16

നിർവ്വഹണഉദ്യോഗസ്ഥൻ -എക്സിക്യൂട്ടീവ് എഞ്ചിനിയർ

ഏറ്റുമാനൂർ നഗരസഭ 21-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചിറക്കുളത്തിന്റെ മോടികൂട്ടി മിനി പാർക്കാക്കി മാറ്റുന്നതിന്റെ ഭാഗമായി കുളത്തിന് ചുറ്റും R.C.C ഉപയോഗിച്ച് Artificial പാറക്കെട്ടുകൾ നിർമ്മിച്ച് ഭംഗിയാക്കുക എന്നുള്ളതായിരുന്നു പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. പ്രസ്തുത പദ്ധതിക്കായി ഈ പ്രവൃത്തിയുടെ അളവുപുസ്തക പ്രകാരം 11 ഇനങ്ങളിലായി 2179019 രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി സ്ഥലപരിശോധന നടത്തിയതിൽ കുളത്തിന്റെ ഒരു വശത്ത് ഫെറോസിമന്റ് ഉപയോഗിച്ചുള്ള കൽക്കെട്ടുകളും മറ്റ് വശങ്ങളിൽ മോടികൂട്ടുന്നതിനുള്ള അഴികളും എല്ലാ വശങ്ങളിലും കോൺക്രീറ്റ് സ്ലാബുകളുമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടു. ഏറ്റുമാനൂർ നഗരസഭ ബസ് സ്റ്റാന്റിന് സമീപമായി തിരക്കുള്ള ഭാഗത്താണ് കുളം സ്ഥിതി ചെയ്യുന്നത്. പ്രസ്തുത സ്ഥലത്ത് ഒരു മിനി പാർക്ക് നിർമ്മാണത്തിന് ആവശ്യത്തിനുള്ള സ്ഥല സൗകര്യമില്ല. നല്ലൊരു ജലസ്രോതസായ പ്രസ്തുത കുളം മുൻവർഷങ്ങളിൽ തറനിരപ്പുവരെ രണ്ട് ലെവലായി കൽകെട്ടി സംരക്ഷിച്ചിരുന്നു. അതിന് മുകളിലേക്ക് ഭിത്തി നിർമ്മിച്ച് കുളം സംരക്ഷിക്കുന്നതിന് പകരം അശാസ്ത്രീയമായി പാറക്കെട്ടുകൾ നിർമ്മിച്ച്



വികൃതമാക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രസ്തുത സ്ഥലം നിലവിൽ സാമൂഹ്യവിരുദ്ധരുടെ സങ്കേതമാക്കി മാറ്റിയിരിക്കുന്നു. വ്യക്തമായ



ആസൂത്രണമില്ലാതെ തിരക്ക് പിടിച്ച തെരുവോരത്തിന് അനുയോജ്യമല്ലാത്ത മിനി പാർക്കിന് വേണ്ടി പണം ചെലവഴിച്ചത് മൂലം പൊതുപണത്തിന്റെ പാഴ്ചെലവാണ് ഉണ്ടായിരിക്കുന്നത്. കുളത്തിന്റെ തറനിരപ്പ് വരെയുള്ള കെട്ടിന്റെ മുകളിലേക്ക് ഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് 6 ലക്ഷത്തോളം രൂപ മാത്രം ചെലവാകുമായിരുന്ന സ്ഥാനത്ത് (അസിസ്റ്റന്റ് എഞ്ചിനിയർ വിശദീകരിച്ച കണക്ക്) 22 ലക്ഷത്തോളം രൂപ ചെലവാക്കി അനാവശ്യമായ നിർമ്മാണ പ്രവൃത്തികൾ നടത്തിയത് പൊതുപണത്തിന്റെ ധൂർത്തായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-21 സ്വകാര്യ ഭൂമിക്ക് പൊതുപണമുപയോഗിച്ച് സംരക്ഷണഭിത്തി

പ്രോജ.നം.983/17 - കട്ടുത്തുരുത്തി പഞ്ചായത്തിലെ ആപ്പാഞ്ചിറ - കീഴൂർ തോട് സംരക്ഷണഭിത്തി.

2014-15 ൽ പ്രോജക്ട് നം.941/15 ആയി ആരംഭിച്ച്, 2015-16 ൽ പ്രോജക്ട് നം.187/16 ആയി തുടർന്ന് മേൽ സൂചിത പ്രോജക്ടായി 2016-17 ൽ അന്തിമ ബിൽ നല്കിയതാണ് ആപ്പാഞ്ചിറ -കീഴൂർ തോട് സംരക്ഷണഭിത്തി നിർമ്മാണം. വികസന ഫണ്ടിൽനിന്ന് 10 ലക്ഷം രൂപ അടങ്കലിൽ ഗുണഭോക്തൃസമിതി മുഖേന നിർവഹണം നടത്തുന്നതിനാണ് പ്രോജക്ട് തയാറാക്കിയത്. ശ്രീ.കെ.എസ്.ജോ, കുറ്റനാൽ ചെയർമാനും, ശ്രീ.ബിജു രാജഗിരി, മാന്നാർ കൺവീനറുമായ ഗുണഭോക്തൃസമിതി 16-12-2014 ൽ എക്സി.എൻജിനീയറുമായി കരാറിലേർപ്പെട്ടു. അതേ ദിവസം തന്നെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുകയും ചെയ്തതായി ഫയലിൽനിന്ന് വ്യക്തമാകുന്നു. പൂർത്തീകരണ കാലാവധി ആറുമാസം ആയിരുന്നു.

ഒന്നാം പാർട്ട് ബില്ലായി 159707/ രൂപയും (ഡി.ഡി നം.823039/10-4-15), രണ്ടാം പാർട്ട്ബില്ലായി 451635/രൂപയും (ഡി.ഡി നം.084397/6-4-16) അവസാനബില്ലായി 2016-17 ൽ 235806/രൂപയുമുൾപ്പെടെ (ബിൽനം.275/16-17) ആകെ 847148/ രൂപ ചെലവഴിച്ചു.

പ്രവൃത്തിയുടെ എസ്റ്റിമേറ്റ്, എം.ബുക്ക് നം.298/12-13 എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന പ്രവൃത്തികളാണ് ഭാഗമായി ചെയ്തിട്ടുള്ളത്.

സംരക്ഷണഭിത്തിനിർമാണത്തിനായി അടിത്തറ ഉറപ്പിക്കാൻ 143 മീറ്റർ നീളത്തിലും 1.6 മീ വീതിയിലും 0.6 മീ.ആഴത്തിലും മണ്ണ് ഇളക്കിമാറ്റൽ =69 m3

288 മീ നീളത്തിൽ തെങ്ങിൻ തടി ഉപയോഗിച്ച് പൈല് സ്ഥാപിക്കൽ.

143 മീ നീളം,1.6 മീ വീതി,0.3 മീ താഴ്ചയിൽ അടിത്തറയും, അതിന് മുകളിൽ 2.8 മീറ്റർ ഉയരത്തിലും, ശരാശരി 0.95 മീ വീതിയിലും ഭിത്തി കെട്ടൽ. ആകെ 439.75m3 (ഡി.ആർ കെട്ടൽ).

143 മീ നീളത്തിലും 0.45 മീ വീതിയിലും 0.05 മീ കനത്തിലും 20 mm മെററലുപയോഗിച്ച് കോൺക്രീറ്റിംഗ്.ആകെ 3.3 m3.

143 മീ നീളം, 0.3 മീ വീതി, 0.6 മീ കനത്തിൽ മണ്ണിട്ട് നിറയ്ക്കൽ .ആകെ =26m3.

ആപ്പാഞ്ചിറ-കീഴൂർ തോടിന് സംരക്ഷണഭിത്തിയെന്ന പ്രോജക്ടിന്റെ മറവിൽ സ്വകാര്യവസ്തുവിന് സംരക്ഷണഭിത്തി നിർമിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ കാണപ്പെട്ടു. ജില്ലാപഞ്ചായത്ത് സംരക്ഷണഭിത്തി നിർമിച്ചതിന്റെ എതിർവശത്ത് സംരക്ഷണഭിത്തി നിർമിച്ചത് തോടിനോട് ചേർന്ന സ്ഥലത്തിന്റെ ഉടമയാണ്. ഈ ഭിത്തിയുടെ ഉയരം ജില്ലാപഞ്ചായത്ത് നിർമിച്ച ഭിത്തിയുടെ ഏകദേശം പകുതിമാത്രമാണുള്ളത്. അതായത് ആഭാഗത്തെ സ്ഥലനിരപ്പ് വരെ മാത്രം.

എന്നാൽ ജില്ലാപഞ്ചായത്ത് സംരക്ഷണഭിത്തി നിർമ്മിച്ചതാവട്ടെ ശരാശരി 3 മീറ്റർ ഉയരത്തിലും. തോടിന് സംരക്ഷണഭിത്തിയെന്ന ലക്ഷ്യമാണ് പ്രോജക്ടിലൂടെ ഉദ്ദേശിച്ചതെങ്കിൽ തോടിനോട്ചേർന്ന ഭൂനിരപ്പുവരെ കെട്ട് മതിയാകുമായിരുന്നു. കൂടാതെ 26 ക്യൂബിക് മീറ്റർ മണ്ണ് നിറയ്ക്കലും ആവശ്യമാവില്ലായിരുന്നു. ഭൂനിരപ്പിലും ഉയരത്തിലേക്ക് ഭിത്തികെട്ടി സ്ഥലത്ത് മണ്ണിട്ട് നികത്തുന്നതിന് ഭൂവുടമയ്ക്ക് സഹായം ചെയ്ത് കൊടുത്തതായാണ്

സ്ഥലപരിശോധനയിൽ വ്യക്തമായത്. പ്രോജക്റ്റ് പ്രകാരം മണ്ണ് ഫില്ലിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. ഈസ്ഥലത്ത് മീൻവളർത്തുന്ന കുളം, പന്നിഫാം എന്നിവ സ്ഥാപിച്ച് വസ്തു ഉടമ ഗേറ്റ് പിടിപ്പിച്ചിട്ടുള്ളതായും കാണപ്പെട്ടു. മാത്രമല്ല തോട്ടിലേക്ക് ഇറക്കി സംരക്ഷണഭിത്തി നിർമിച്ച് റവന്യൂഭൂമി കൈയേറിയിട്ടുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതുമുണ്ട്. ഇപ്രകാരം തോടിന് സംരക്ഷണഭിത്തി നിർമിച്ചതിലൂടെ ഭൂവുടമയ്ക്കല്ലാതെ പൊതുസമൂഹത്തിന് കാര്യമായ പ്രയോജനം സിദ്ധിച്ചിട്ടുമില്ല. ഇപ്രകാരം പ്രോജക്റ്റ് നടപ്പാക്കാനുണ്ടായ സാഹചര്യം, പ്രോജക്റ്റ് നിർദേശം എന്നിവ സംബന്ധിച്ച വിവരവും ഫയലിൽനിന്ന് ലഭ്യമല്ല. ഇക്കാരണങ്ങളാൽ സ്വകാര്യവ്യക്തിയുടെ വസ്തുസംരക്ഷണത്തിനായി പൊതുപണം വിനിയോഗിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു.



ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം മറ്റ് അപാകതകളും കാണപ്പെട്ടു.

കരാർ പ്രകാരം പ്രവൃത്തികൾക്കായി സ്ഥലം കൈമാറിയ 16-12-14 മുതൽ 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നു. യഥാർഥത്തിൽ പൂർത്തീകരിച്ചതാവട്ടെ 21-3-17 ലും. അവസാന ബിൽമാറുന്നതിന് മുൻപുള്ള പരിശോധനയിലാണ് പൂർത്തീകരണകാലാവധി നീട്ടുകയോ, അനുബന്ധ കരാർ വയ്ക്കുകയോ ചെയ്യാതെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നതായി ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുന്നത്. ഈ സാഹചര്യത്തിൽ തീയതി വയ്ക്കാത്ത കത്ത് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 31-3-2017 വരെയാക്കണമെന്ന് കൺവീനർ അപേക്ഷ നല്കുകയും 28-3-17 തീയതിയിൽ സപ്ലിമെന്ററി കരാർ വയ്ക്കുകയും ചെയ്തു. അതായത് യഥാർഥത്തിൽ പൂർത്തീകരിച്ചതായി ബില്ലിൽ പറയുന്ന 21-3-17 ന് ശേഷം. ഇപ്രകാരം തികച്ചും നിരുത്തരവാദപരമായാണ് പ്രോജക്റ്റുകൾ രൂപീകരിച്ച് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഭരണസമിതി തലത്തിലോ, ഉദ്യോഗസ്ഥ തലത്തിലോ ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല. പൊതുനന്മയ്ക്ക് എത്രമാത്രം പ്രയോജനപ്പെടുന്നുവെന്ന വിശകലനം നടത്താതെ പണം ചെലവഴിക്കുക എന്ന ഒറ്റ ലക്ഷ്യം മാത്രം മുൻനിർത്തി പൊതുപണത്തിന്റെ ധൂർത്തായി പ്രോജക്റ്റ് രൂപീകരണ നിർവഹണ പ്രക്രിയകൾ മാറിയിരിക്കുന്നു എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഈ പ്രോജക്റ്റ്. ഈ സാഹചര്യത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 8,47,148/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-22 കെട്ടിടം നവീകരണം-പൊളിച്ചെടുത്ത സാമഗ്രികൾ ലേലം ചെയ്തില്ല.

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഗവ.വി.എച്ച് എസ് വിഴിക്കത്തോട് കെട്ടിടനവീകരണം പദ്ധതി നടത്തിയപ്പോൾ ഒന്നാമത്തെ ഇനമായി പഴയ മേൽക്കൂര പൊളിച്ച് മാറ്റുന്ന പ്രവൃത്തിക്കായി 264 ച.മീറ്റർ അളവിന് 43.27/ ച.മീറ്റർ നിരക്കിൽ 11423.28 രൂപ ചെലവഴിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സാമഗ്രികൾ 20-2-2017-ൽ ഹെഡ്മിസ്ട്രസ് കൈപ്പറ്റിയിട്ടുണ്ട്.

| ഇനം | നിരക്ക് | മൂല്യം |
|---|---|---|
| 10അടി ആസ്ബറ്റോസ് ഷീറ്റ് 46എണ്ണം | 100/- | 4600/- |
| 4അടി ആസ്ബറ്റോസ് ഷീറ്റ് 20എണ്ണം | 40/- | 800/- |
| എം.എസ്.പൈപ്പ് 990kg | 12/- | 11880/- |
| ആകെ | | 17280/- |

എന്നാൽ ഓഡിറ്റ് വേളയിൽ നടത്തിയ ഭൗതിക പരിശോധനയിൽ പ്രസ്തുത സാമഗ്രികൾ നാളിതുവരെയായും ലേലം ചെയ്തിട്ടില്ലെന്ന് വ്യക്തമായി. സാമഗ്രികൾ സുരക്ഷിതമായി വയ്ക്കാത്തതിനാൽ ആയവ നാശോന്മുഖമായ അവസ്ഥയിലാണ്. പൊളിച്ചെടുത്ത കെട്ടിട നിർമ്മാണ വസ്തുക്കൾ ലേലം ചെയ്ത് പഞ്ചായത്തിലേക്ക് മുതൽക്കൂട്ടാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല--ചെലവ് തടസ്സപ്പെടുത്തുന്നു

2016-17 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നം. | പ്രോജക്ടിന്റെ നം./ പേര് | ചെലവ് | (വൗച്ചർ നം./ ഡി.ഡി നം. /തീയതി) | ഡി.ഡി ആർക്ക് കൊടുത്തു | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | എസ്.ഒ.992/ 16-17 (സാമൂഹ്യസുരക്ഷാ മിഷന് സഹായം നൽകൽ) | വികസനഫണ്ട് 2500000 | 45/16-17 തീയതി. 15.2.2017 | സാമൂഹ്യ സുരക്ഷാമിഷൻ ഡയറക്ടർ | സെക്രട്ടറി |
| 2 | എസ്.ഒ.1010/ 16-17 (കോട്ടയം ജില്ല സമ്പൂർണ്ണ വൈദ്യുതീകരണം -പട്ടിക വർഗ്ഗം) | വികസനഫണ്ട് 734020 | 87/16-17 തീയതി. 3.3.17 | കെ.എസ്.ഇ.ബി | സെക്രട്ടറി |
| 3 | എസ്.ഒ.999/ 16-17(കോട്ടയം ജില്ല സമ്പൂർണ്ണ വൈദ്യുതീകരണം) | വികസനഫണ്ട് 5332845 | 63/16-17 തീയതി. 27.3.17 | കെ.എസ്.ഇ.ബി | സെക്രട്ടറി |
| 4 | എസ്.ഒ.994/ 16-17(തലയാഴം ഡിവിഷനിൽ (നീണ്ടൂർപഞ്ചായത്ത്) പട്ടർമഠം കുടിവെള്ള പദ്ധതിയ്ക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ) | വികസനഫണ്ട് 300000 | 67/16-17 തീയതി. 31.3.17 | വാട്ടർ അതോറിട്ടി | സെക്രട്ടറി |
| 5 | എസ്.ഒ.1000/ 16-17(കുറിച്ചി ഡിവിഷനിൽ സചിവോത്തമപുരം എസ്.സി.കോളനി -കുടിവെള്ള പദ്ധതി) | വികസനഫണ്ട് 1000000 | 71/16-17 തീയതി. 3.3.17 | ഭൂജലവകുപ്പ് | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| 6 | എസ്.ഒ.800/ 16-17(ഗവ.ടെക്നിക്കൽ ഹൈസ്കൂൾ, പാലാ -കമ്പ്യൂട്ടർലാബ് വയറിംഗ്) | വികസനഫണ്ട് 70000 | 81/16-17 തീയതി. 31.3.17 | പി ഡബ്ലിസു.ഡി. (ഇലക്ട്രിക്കൽ വിംഗ്) | സെക്രട്ടറി |
| 7 | നം.1001/ 16-17കോട്ടയം ജില്ലയിലെ വിവിധ ഡിവിഷനുകളിൽ കുഴൽ കിണർ നിർമ്മാണം | വികസനഫണ്ട്- 397853- | 66/16-17 തീയതി. 27-3-17 | ഗ്രൗണ്ട് വാട്ടർ ഡിപ്പാ. കോട്ടയം | സെക്രട്ടരി |
| 8 | നം.629/ 16-17. കോട്ടയം ജില്ലാപഞ്ചായത്തിലെ വിവിധ ഡിവിഷനു കളിൽ സ്ട്രീറ്റ്ലൈൻ വലിയ്ക്കൽ | വികസനഫണ്ട്- 8943033- | 65/16-17 തീയതി 27-3-17 (1500000) . നം.76/ 16-17/ 31-3-17. (7443033) | എക്സി.എഞ്ചി. KWA, കടുത്തുരുത്തി & എക്സി.എഞ്ചി. പിഎച്ച് ഡിവി. തിരുവല്ല, കോട്ടയം | സെക്രട്ടറി |
| 9 | നം.627/ 16-17.കോട്ടയം ജില്ലാപഞ്ചായത്തിലെ വിവിധ ഡിവിഷനു കളിൽ സ്ട്രീറ്റ് ലൈൻ വലിയ്ക്കൽ | വികസനഫണ്ട്- 8058148- | നം.73/16-17 തീയതി. 31-3-17 | എക്സി.എഞ്ചി. KSEB വിവിധ ഡിവിഷനുകൾ | സെക്രട്ടറി |
| 10 | നം.1011/ 16-17. കോട്ടയം ജില്ല സമ്പൂർണ്ണ വൈദ്യുതീകരണം (പട്ടികജാതി വിഭാഗം) | 1448171- | നം.68/16-17. തീയതി. 31-3-17 | എക്സി.എഞ്ചി. KSEB പൊൻകുന്നം, പാലാ ഡിവിഷനു കൾ | സെക്രട്ടറി |
| 11 | നം 811/16-17. കുമരകം ഡിവിഷനിൽ തൊണ്ടമ്പ്രാൽ-ചെങ്ങളം കുന്നംപുറം റോഡ് നിർമ്മാണ ത്തിന് ജില്ലാപഞ്ചാ. വിഹിതം കൈമാറുന്നത് | 900160- | നം 62/16-17. തീയതി. 27-3-17 | തിരുവാർപ്പ് ഗ്രാമ പഞ്ചായത്ത് | സെക്രട്ടറി |
| 12 | നം993/16-17. കടുത്തുരുത്തി ഡിവിഷനിൽ | 2000000- | നം. 53/16-17. തീയതി | എക്സി.എഞ്ചി. പിഎച്ച് ഡിവിഷൻ, | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | മുളക്കുളം പഞ്ചായത്തിൽ 9,10,12 വാർഡുകളിൽ കുടിവെള്ള പദ്ധതികൾക്ക് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | | 17-3-17 | കടുത്തുരുത്തി | |
| 13 | നം.995/ 16-17. അതിരമ്പുഴ ഡിവിഷനിൽ നീണ്ടൂർ പഞ്ചായത്തിൽ 11,13 വാർഡുകളിൽ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1000000- | നം. 78/16-17 തീയതി 30-3-17 | എക്സി.എഞ്ചി. പിഎച്ച് ഡിവിഷൻ, കോട്ടയം | സെക്രട്ടറി |
| 14 | 796/16-17 കടുത്തുരുത്തി ഡിവിഷനിൽ അകത്താന്തറ ചേന്തുരുത്ത് പാലം നിർമ്മാണത്തിലേയ്ക്കായി ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിയ്ക്കൽ | 124460- | നം 83/16-17 തീയതി 31-3-17 | എക്സി.എഞ്ചി. KSEB വൈയ്ക്കം ഡിവിഷൻ | സെക്രട്ടറി |
| 15 | നം998/16-17. കടുത്തുരുത്തി ഡിവിഷനിൽ കടുത്തുരുത്തി പഞ്ചായത്തിൽ കപിക്കാട് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1000000 | നം 52/16-17 തീയതി 15-3-17 | എക്സി.എഞ്ചി. പിഎച്ച് ഡിവിഷൻ, കടുത്തുരുത്തി | സെക്രട്ടറി |
| 16 | 872/17-സ്വാമി കുടിവെള്ള പദ്ധതി | 999569 | നം.97/16-17, 20.01.17 | ഭൂജലവകുപ്പ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 34808259 | | | |

മേല്പറഞ്ഞ പദ്ധതികൾ പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരേയ്ക്കും 34808259 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-24 മാതൃകാപദ്ധതി-കീമോതെറാപ്പി യൂണിറ്റ് - പാലിയേറ്റീവ്

## പരിചരണമേഖലയിലെ മാതൃകാപദ്ധതി

| | |
|---|---|
| പ്രോജക്ട് നമ്പർ | 803/16-17 |
| പ്രോജക്ട് | കീമോതെറാപ്പി യൂണിറ്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സൂപ്രണ്ട്, ജനറൽ ആശുപത്രി, കോട്ടയം |
| അടങ്കൽ | 9,87,475/- |
| ചെലവ് | 98025 -(ബിൽനമ്പർ-2/16-17/23-2-17 |
| | 8,89450 -(ബിൽനമ്പർ- 5/16-17/24-3-17/ ) |
| | 9,87,475/ |

ക്യാൻസർരോഗം ഭയാനകമായ രീതിയിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ സാഹചര്യത്തിൽ ജനറൽ ആശുപത്രിയിലെ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്നതും ജില്ലാപഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിയിൽപ്പെടുത്തി സ്ഥാപിക്കപ്പെട്ടതുമായ കീമോതെറാപ്പി യൂണിറ്റിന്റെ പ്രവർത്തനം വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ക്യാൻസർ കോശങ്ങളെ നശിപ്പിക്കുന്നതിനുള്ള കീമോതെറാപ്പി/ടാർജറ്റഡ് തെറാപ്പി എന്നീയിനങ്ങളിൽപ്പെടുന്ന മരുന്നുകളെ രോഗികൾക്ക് ഐ.വി.രൂപത്തിൽ നൽകുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന യൂണിറ്റാണ് കീമോതെറാപ്പി യൂണിറ്റ്. കീമോതെറാപ്പി മരുന്ന് കൃത്യമായ അളവിലും അണുവിമുക്തമായും പാർശ്വഫലങ്ങൾ ഇല്ലാത്ത രീതിയിലും, ഡ്രിപ്പ് കുപ്പികളിൽ ലയിപ്പിക്കുന്നതിനുള്ള സംവിധാനം, കീമോതെറാപ്പി മരുന്നുകൾ അതിന്റെ ഫലം നശിക്കാത്ത രീതിയിൽ ശീതീകരിച്ച് സുരക്ഷിതമായി വയ്ക്കുന്നതിനുള്ള സംവിധാനം, തെറാപ്പിയുടെ ഭാഗമായ മോണിറ്ററിംഗ് സംവിധാനം എന്നിവ പാലിയേറ്റീവ്കെയർ പദ്ധതിയുടെ ഭാഗമായി സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് മേൽപ്രോജക്ട്. പ്രോജക്ടിന്റെ ഭാഗമായി M/S Schiller Healthcare India Pvt Ltd എന്ന സ്ഥാപനത്തിൽനിന്നും മോണിറ്ററിംഗിനുള്ള മൾട്ടി പാരാമീറ്റർ മോണിറ്റർ എന്ന ഉപകരണവും Echo Biotech Pvt Ltd എന്ന സ്ഥാപനത്തിൽനിന്നും സുരക്ഷിതത്വ സംവിധാനമായ സൈറ്റോ ടോക്സിക് ക്യാബിനറ്റ് എന്ന ഉപകരണവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങിയ ഇനത്തിൽ വികസനഫണ്ടിൽനിന്നും 9,87,475/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ഓഡിറ്റ് ടീം നടത്തിയ ഭൗതീകപരിശോധനയിൽ ഉപകരണങ്ങൾ സുരക്ഷിതമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി ബോദ്ധ്യപ്പെട്ടു. കൂടാതെ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ടി സംവിധാനങ്ങൾ നിശ്ചിതലക്ഷ്യത്തിനുവേണ്ടി ഫലപ്രദമായി പ്രവർത്തിപ്പിച്ചു വരുന്നതായും കാണാൻ കഴിഞ്ഞു.

രോഗവും തുടർചികിത്സയുംമൂലം മാനസികമായും സാമ്പത്തികമായും തകർന്ന് ദുരിതമനുഭവിക്കുന്ന നിർദ്ധനരായ ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയോടൊപ്പം സാന്ത്വനപരിചരണം കൂടി ഉറപ്പാക്കുന്ന കീമോതെറാപ്പി യൂണിറ്റ് പാലിയേറ്റീവ് പരിചരണപദ്ധതിയുടെ കീഴിലുള്ള മാതൃകാ പ്രോജക്ടായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-25 വാറ്റ് കോമ്പൗണ്ടിംഗ് -- സാക്ഷ്യപത്രം ഹാജരാക്കിയില്ല

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതിയിൽ കരാറുകാരൻ ശ്രീ. ജോമി മാത്യു പ്ലാത്തോട്ടത്തിൽ വഴി നടപ്പാക്കിയതാണ് താഴെ ചേർക്കുന്ന പ്രവൃത്തികൾ. ടി പ്രവൃത്തികളുടെ ബില്ലിൽ നിന്നും കോമ്പൗണ്ടിംഗ് നിരക്കിലാണ് ( 4% ) വാറ്റ് ഈടാക്കിയിട്ടുള്ളത്. എന്നാൽ 2016-17 വർഷം വാറ്റ് കോമ്പൗണ്ട് ചെയ്തതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം./ പേര് | വേലമൂല്യം | വാറ്റ് | ചെലവ് | ബിൽ നം/ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | കണക്കാക്കിയത് (4%) | | തീയതി |
| 296/17, തീക്കോയി ഗ്രാമ പഞ്ചായത്ത് കല്ലില്ലാക്കവല അടിവാരം എസ്.സി. കോളനി റോഡ് നിർമ്മാണം | 1123743 | 44950 | 1123743 | 90/16-17 /31.1.17 |
| 514/17, തലപ്പലം ഗ്രാമ പഞ്ചായത്ത് ഓലായം എസ്.സി. ലക്ഷംവീട് കോളനി സമഗ്രവികസനം | 738252 | 29530 | 738252 | 234/16-17 /30.317 |

ശ്രീ. ജോമി മാത്യ 2016-17 വർഷം വാറ്റ് കോമ്പൗണ്ട് ചെയ്തിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റൽ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നം. 296/17 ന്റെ വേലമൂല്യത്തിന്റെ 1% 11237 രൂപയും പ്രോജക്ട് നം. 514/17 ന്റെ വേലമൂല്യത്തിന്റെ 1% 7383 രൂപയും ശ്രീ. ജോമി മാത്യവിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

## 3-26 കരാർ ചമയ്ക്കാൻ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം.7 തീയതി.09.11.17)

എ) ജില്ലാ പഞ്ചായത്തിൽ 2016-17 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/2012/PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | കരാറി ലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടി യിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 907/17 വെള്ളൂർ ഗ്രാമ പഞ്ചായത്ത്- പൂവത്തുംചുവട് പുത്തൻമന റോഡിൽ ഐറിഷ് ഡ്രെയിൻ നിർമ്മാണം | ശ്രീ. ഷാജി ജോസഫ്, ഇലവത്തിൽ, മുട്ടുചിറ.പി.ഒ. | 25.9.15 | 11.11.15 | 798245 | 7982 |
| 2 | 163/17 ഉഴവൂർ ഗ്രാമ പഞ്ചായത്ത്- വനിത ഉൽപ്പന്ന വിപണനകേന്ദ്രം പൂർത്തീകരണം | ശ്രീ. പി.പി ചാക്കോ, പുളിയിലക്കാലായിൽ, മേവെള്ളൂർ. | 4.3.16 | 24.5.16 | 1157550 | 11576 |
| 3 | 903/17 മുരിക്കുംവയൽ ജി.എച്ച്.എസ്.എസ്. മെയിന്റനൻസ് | ശ്രീ. അനസ് ലത്തീഫ് | 16.1.16 | 2.2.16 | 496300 | 4963 |
| 4 | 957/17 വാഴൂർ പഞ്ചായത്ത് 17ാം മൈൽ കുടിവെള്ള പദ്ധതി പൂർത്തീകരണം | V.T. ദിൽക്കുഷ് | 18.2.15 | 29.2.16 | 2332501 | 23325 |

ക്രമനമ്പർ 4 ൽ പരാമർശിക്കുന്ന പ്രൊജക്ടിന് സെലക്ഷൻ നോട്ടീസ് നൽകിയ ശേഷം ഒരു വർഷം

കഴിഞ്ഞാണ് കരാർ ചമച്ചത്. പിഴത്തുക ബില്ലിൽ നിന്നും ക്രമീകരിച്ചിരിക്കുന്നു. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസവും പിഴയോട് കൂടിയ 10 ദിവസവും കഴിഞ്ഞിട്ടും കരാർ ഉടമ്പടി വെയ്ക്കാത്ത പക്ഷം ടെണ്ടർ റദ്ദാക്കി ഇ.എം. ഡി കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണമെന്ന് ജി.ഒ(പി)13/2012/PWD/1-2-2012 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

ബി)കരാർ ചമച്ച തീയതിയിൽ കൃത്രിമം

ജില്ലാ പഞ്ചായത്തിൽ 2016-17 വർഷം നടപ്പാക്കിയ പ്രോജക്ട് 852/17 കടപ്ളാമറ്റം ഗ്രാമപഞ്ചായത്തിലെ വയല VHSS ലാബ് പൂർത്തീകരണം എന്ന പ്രവൃത്തിക്ക് 11.1.16 തീയതിയിൽ കരാറുകാരന് (ശ്രീ.ബിജു പീറ്റർ, മുളവേലിപ്പുറത്ത്, ചീപ്പുങ്കൽ) സെലക്ഷൻ നോട്ടീസ് അയച്ചിട്ടുള്ളതാണ്. ആയത് പ്രകാരം കരാറിൽ ഏർപ്പെടാനുള്ള അവസാന തീയതി 25.1.16 ആണ്. പ്രസ്തുത തീയതിക്കകം കരാറിലേർപ്പെടാഞ്ഞതിനാൽ പ്രവർത്തി റീടെണ്ടർ ചെയ്യുന്നതാണെന്നറിയിച്ച് 10/02/2016 ൽ AB1/742/15 ജില്ലാ പഞ്ചായത്തിൽ നിന്നും കത്ത് നൽകി. ഇതിൽ നിന്നും 10/02/2016വരെ കരാറിലേർപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു. എന്നാൽ കരാറുകരൻ 30/01/16 ൽ കരാറിൽ ഏർപ്പെട്ടതായി ഫയലിൽ ചേർത്തിട്ടുള്ള കരാറിൽ കാണുന്നു. (190/EE /LSGD/15-16) തീയതികളിലുള്ള പൊരുത്തക്കേട് വിശദീകരിക്കപ്പെട്ടിട്ടില്ല

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കാൻ. എന്നാൽ മേൽ സംഗതിയിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല. PAC 488979 രൂപയുടെ 1% 4889 രൂപ പിഴ ഈടാക്കി കരാർ ചമയ്ക്കാത്തതിന് കാരണം അറിയിക്കേണ്ടതാണ്.

കൂടാതെ എസ്റ്റിമേറ്റിന്റെ ഒന്നാം ഇനമായി dismantle ചെയ്ത ഇനങ്ങളുടെ മൂല്യമായി 6252 രൂപ ഫൈനൽ ബില്ലിൽ കുറവുചെയ്തെങ്കിലും ആയതിന്റെ മൂല്യം നിർണ്ണയിച്ച് ആധികാരികമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ജില്ല പഞ്ചായത്തിന് 2016-17 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 282,500/- രൂപയും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 776,819/- രൂപയും ഉൾപ്പടെ ആകെ 1,059,359/- രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ വിനിയോഗത്തിന്റ വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | തുക(രൂപ) | ചെക്ക് നം./ തീയതി | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കിടങ്ങൂർ ഗ്രാ.പ. | 05.04.2016 | 82,500/- | 754206/ 29.03.2016 | എ.ബി.സി. പ്രോഗ്രാം | 0 | 82,500 |
| കിടങ്ങൂർ ഗ്രാ.പ. | 05.04.2016 | 50,000/- | 753950/ 22.03.2016 | | 0 | 50,000 |
| മറമൻതുരുത്ത് ഗ്രാ.പ. | 28.04.2016 | 150,000/- | 334667/ 02.04.2016 | | 0 | 150,000 |
| വാഴൂർ ബ്ലോ.പ. | 05.04.2016 | 276,819/- | 326560/ 16.03.2016 | | 0 | 276,819 |
| മാടപ്പള്ളി ബ്ലോ.പ. | 16.07.2016 | 500,000/- | 326605/ 01.07.2016 | | 0 | 500,000 |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ടിന്റെ വിനിമയം നടത്തുന്നതിനായി മാത്രം പ്രത്യേക ട്രഷറി അക്കൗണ്ട് ആരംഭിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ 23.01.2017-ലെ G.O.(P) No.7/2017/Fin നം. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രത്യേക ട്രഷറി അക്കൗണ്ട് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന തുക നിക്ഷേപിക്കുന്നതിന് ആരംഭിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ഫണ്ടിൽ നിലവിൽ സംയുക്ത പ്രോജക്ടിനായി ലഭിച്ച മുഴുവൻ തുകയും ടി ട്രഷറി അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കെ.എസ്.ഇ.ബി., ഭൂജലവകുപ്പ്, വാട്ടർ അതോറിറ്റി എന്നീ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | ജില്ലാ പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ-627/17 | 8,058,148/- | ഇല്ല | 8,058,148/- |
| | സമ്പൂർണ്ണ വൈദ്യുതീകരണം- എസ്.സി.പി. 1011/17 | 1,448,171/- | ഇല്ല | 1,448,171/- |
| | അകത്താന്തറ-ചേന്നുരുത്ത് പാലം നിർമ്മാണത്തിലേക്കായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-796/17 | 124,460/- | ഇല്ല | 124,460/- |
| | കോട്ടയം ജില്ല സമ്പൂർണ്ണ വൈദ്യുതീകരണം-999/17 | 5,332,845/- | ഇല്ല | 5,332,845/- |
| | ആകെ | 14,963,624/- | - | 14,963,624/- |
| ഭൂജലവകുപ്പ് | സചിവോത്തമപുരം പുത്തൻകോളനി വാർഡ്, കുറിച്ചി പഞ്ചായത്ത് കുഴൽ കിണർ നിർമ്മാണം-1000/17 | 1,000,000/- | ഇല്ല | 1,000,000/- |
| | വിവിധ ഡിവിഷനുകളിൽ കുഴൽക്കിണർ നിർമ്മാണം-1000/17 | 3,978,353/- | ഇല്ല | 3,978,353/- |
| | ആകെ | 4,978,353/- | - | 4,978,353/- |
| കേരള ജല അതോറിറ്റി | ജില്ലയിലെ വിവിധ ഡിവിഷനുകളിൽ പൈപ്പ്‌ലൈൻ ദീർഘിപ്പിക്കൽ-629/17 | 8,943,033/- | ഇല്ല | 8,943,033/- |
| | തേനാകരികുന്ന് കുടിവെള്ള പദ്ധതി അതിരമ്പുഴ ഡിവിഷൻ-995/17 | 1,000,000/- | ഇല്ല | 1,000,000/- |
| | പട്ടരുമഠം കുടിവെള്ള പദ്ധതി, തലയാഴം ഡിവിഷൻ-നീണ്ടൂർ ഗ്രാ.പ.-994/17 | 300,000/- | ഇല്ല | 300,000/- |
| | കടുത്തുരുത്തി ഡിവിഷനിൽ കടുത്തുരുത്തി പഞ്ചായത്തിൽ കപിക്കാട് കുടിവെള്ള പദ്ധതി-998/17 | 1,000,000/- | ഇല്ല | 1,000,000/- |
| | കടുത്തുരുത്തി ഡിവിഷനിൽ മുളക്കുളം പഞ്ചായത്തിൽ വാർഡ്-9,10,12 കുടിവെള്ള പദ്ധതി-998/17 | 2,000,000/- | ഇല്ല | 2,000,000/- |
| | ആകെ | 13,243,033/-(*) | - | 13,243,033/- |
| ആകെ നിക്ഷേപിച്ച തുക | | | | |

(*)ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി(RP-47) വ്യത്യാസമുണ്ട്. ആയത് വാർഷിക കണക്കിന്റെ അപാകതയായി ചേർത്തിട്ടുണ്ട്.

മേൽപറഞ്ഞ ഡെപ്പോസിറ്റ് പ്രവൃത്തികളുടെയും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകകളും വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ അവശേഷിക്കുന്നുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ജില്ല പഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരം വായ്പയിനത്തിൽ തുകയൊന്നും അടവാക്കാൻ അവശേഷിക്കുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

31.03.2017-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം 2016-17 വർഷത്തിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ 17,392/- രൂപ ജില്ല പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്. ജീവനക്കാരിൽ നിന്നുള്ള റിക്കവറി തുക 180400101-Recovery from Employees-Audit Recovery based on charge certificate എന്ന ശീർഷകത്തിലാണ്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2002-03 | 3-1 | 8,696/- | അഡ്വ. റജി സക്കറിയ | 11601400025/ 20.04.2016 |
| | | 8,696/- | ശ്രീ കെ. കെ. മാത്യൂ, ക്ലാർക്ക്, കുറിച്ചി ഗ്രാ.പ. | 11601400035/ 19.07.2016 |

ജില്ലാ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഓഡിറ്റ് റിക്കവറി രജിസ്റ്ററിലെ വിശദാംശമാണ് ചേർത്തിട്ടുള്ളത്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട്(വർഷം) | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 24 | 2003-04 | 5-3(1) | എസ്.സി. വിദ്യാർത്ഥികൾക്ക് ഡിക്ഷണറി വിതരണം ചെയ്തതിലെ ക്രമക്കേടുകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റിയുടെ പരിഗണയിൽ ഉണ്ട് |
| 1998-99 | 7 | 2003-04 | 5-3(3) | വില കൊടുത്ത ബിറ്റുമിൻ യഥാസമയം ഏറ്റു വാങ്ങാതിരുന്നതിനാൽ | |

| | | | | | |
|---|---|---|---|---|---|
| | | | | നഷ്ടം സംഭവിച്ചു | |
| 1998-99 | 8 | 2003-04 | 5-3(4) | സർക്കാർ അനുമതിയില്ലാതെ 30% ൽ അധികം ടെണ്ടർ എക്സസ് നൽകി | |
| 1998-99 | 3, 4, 5 | 2003-04 | 5-3(5) | സ്വാശ്രയ സംഘങ്ങൾക്ക് ധനസഹായം നൽകിയതിലെ അപാകതകൾ | |
| 1999-00, 2000-01 | 23-1 | 2003-04 | 5-3(6) | കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ അപാകതകൾ | |
| 1999-00 മുതൽ 2001-02 വരെയുള്ള ജനകീയാസൂത്രണ ഓഡിറ്റ് | 2(ജെ) | 2003-04 | 5-3(8) | പദ്ധതി വിഹിതം സമയബന്ധിതമായി ചെലവഴിച്ചില്ല | |
| | 4 | 2003-04 | 5-3(9) | ജില്ലാ പഞ്ചായത്ത് ഭവൻ കെട്ടിടനിർമ്മാണം സർക്കാർ നിർദ്ദേശങ്ങൾ ലംഘിക്കപ്പെട്ടു | |
| | 5 | 2003-04 | 5-3(10) | റബർ പാർക്ക് നിർമ്മാണം രൂപീകരണത്തിലെ അപാകതകൾ | |
| | 6 | 2003-04 | 5-3(11) | പട്ടികജാതി വനിതകൾക്ക് തയ്യൽ മെഷീൻ വിതരണം ക്രമക്കേടുകൾ | |
| | 7 | 2004-05 | 2-3 | യന്ത്രവത്കൃത ഡീഫൈബറിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല | |
| 2005-06 | 3-3 | 2007-08 | 3-38-1 | കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് നിർമ്മാണം | |
| 2005-06 | 3-6 | 2007-08 | 3-38-2 | പെൺകുട്ടികൾക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ | |
| 2005-06 | 3-9 | 2007-08 | 3-38-3 | കമ്പ്യൂട്ടർ പരിശീലന പരിപാടി ക്രമക്കേടുകൾ | |
| 2007-08 | പ്രോ.നം. 446/08 | 2009-10 | 2-8 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | |

| | | | | | |
|---|---|---|---|---|---|
| | 445/08<br>441/08<br>398/08<br>80/08<br>67/08<br>129/08<br>114/08<br>447/08<br>443/08<br>407/08<br>437/08<br>434/08<br>44/08<br>442/08 | | | | |
| 2008-09 | 3-21 | 2010-11 | 2-14 | നിക്ഷേപ വേലകൾ പൂർത്തീകരിക്കാത്തത് | |
| 2008-09 | 3-2 | 2010-11 | 5-4-6(1) | സ്വാകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു | |
| 2010-11 | 3-6(2) | 2012-13 | 4-4-2 | ഇടക്കുന്നം പഴമല പട്ടിക വർഗ്ഗ കോളനികളുടെ സമഗ്ര വികസനം ലക്ഷ്യം നേടിയില്ല | |
| 2014-15 | 5-1 | 2013-14 | | ത.സ്വ.ഭ.വ. സ്ഥാപനങ്ങളും വിദ്യാഭ്യാസം മേഖലയും – പ്രവർത്തനക്ഷമതാ റിപ്പോർട്ട് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 421,325,758/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 402,919,024/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,89,483 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,21,34,999.92 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് | സർചാർജ് | |
|---|---|---|---|
| 3-2 | | 179800 | ശിവന്യ എസ്.എൻ, ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 3-9-4 | | 6979 | സി.കെ.ജിജി, എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| | | 6979 | വിജയൻ ടി.ജി,അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| | | 6979 | അനിതാകുമാരി എം,അസിസ്റ്റന്റ് എഞ്ചീനീയർ |
| 3-9-6 | | 6497 | സി.കെ.ജിജി, എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| | | 6496 | അശോകൻ റ്റി.എം., അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| | | 6496 | ബെൻസിലാൽ, അസിസ്റ്റന്റ് എഞ്ചീനീയർ |
| 3-11-1 | | 10333.8 | സി.കെ.ജിജി, എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-11-2 | | 25612 | |
| 3-11-3 | | 67131 | |
| 3-11-4 | | 6225 | സി.കെ.ജിജി, എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| | | 6224 | മുരളി ആർ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| | | 6224 | ജയപ്രകാശ് പി.എൻ, അസിസ്റ്റന്റ് എഞ്ചീനീയർ |
| 3-12-1 | | 23252 | സി.കെ.ജിജി, എക്സിക്യൂട്ടീവ് എഞ്ചീനീയർ |
| 3-12-2 | | 8400 | |
| 3-15 | | 15855 | |
| ആകെ | | 389483 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 72971 | അശോക് ടി.എസ്, ഫിനാൻസ് ഓഫീസർ<br>(സെക്രട്ടറി ഇൻ-ചാർജ്ജ്) |
| | 137967 | സജ്ജമോൻ ആന്റണി, ഫിനാൻസ് ഓഫീസർ, |

| | | |
|---|---|---|
| | | (സെക്രട്ടറി ഇൻ-ചാർജ്ജ്) |
| | 120100 | ടി.ജെ.വർക്കി, സെക്രട്ടറി |
| 3-2 | 169068 | ശിവന്യ എസ്.എൻ, ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| 3-4 | 34150000 | അനികുമാരി, ഡെപ്യൂട്ടി ഡയറക്ടർ,ക്ഷീരവികസനം |
| 3-5(2) | 5000000 | കെ.സുധ, ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം |
| 3-6 | 3020318 | ഡോ.രതി ബി.ഉണ്ണിത്താൻ, ജില്ലാ മെഡിക്കൽ ഓഫീസർ, ഐ.എസ്.എം |
| 3-7 | 297000 | ഡോ.മായാ ജെയിംസ്, അസി.ഡയറക്ടർ,<br>റീജിയണൽ പൗൾട്രി ഫാം, മണർകാട് |
| 3-8-3 | 550000 | മുഹമ്മദ് ഷെറീഫ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൃഷി |
| 3-9-5 | 41569.92 | സി.കെ.ജിജി, എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-10-2 | 377225 | |
| 3-10-3 | 615606 | |
| 3-10-4 | 457198 | |
| 3-12-3 | 43134 | |
| 3-10-5 | 967972 | |
| 3-13 | 358817 | |
| 3-15 | 200647 | |
| 3-21 | 847148 | |
| 3-23 | 34808259 | |
| ആകെ | 82134999.92 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി ശിവന്യ എസ്.എൻ, ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോട്ടയം | ജില്ലാ സാമൂഹ്യനീതി ഓഫീസർ, കോട്ടയം | നവശ്രീ, പെരുമൺചിറ, കഴക്കൂട്ടം പി.ഒ. -695582 |
| സി.കെ.ജിജി, എക്സിക്യൂട്ടീവ് എഞ്ചീനീയർ, എൽ.എസ്.ജി.ഡി, ജില്ലാ പഞ്ചായത്ത്, കോട്ടയം | എക്സിക്യൂട്ടീവ് എഞ്ചീനീയർ, എൽ.എസ്.ജി.ഡി, ജില്ലാ പഞ്ചായത്ത്, കോട്ടയം | മിസ്റ്റാ, മഞ്ചള്ളൂർ, പത്തനാപുരം-689695 |
| മുരളി ആർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ | എക്സിക്യൂട്ടീവ് എഞ്ചീനീയർ, പാലക്കാട് നഗരസഭ | മഞ്ജു ഭവൻ, കറുമ്പക്കര പി.ഒ.-689695 |
| ജയപ്രകാശ് പി.എൻ അസിസ്റ്റന്റ് എഞ്ചീനീയർ | അസിസ്റ്റന്റ് എഞ്ചീനീയർ, എൽ.എസ്.ജി.ഡി, വാഴൂർ ഗ്രാമപഞ്ചായത്ത് | നന്ദനം, മംഗളം കോളേജിന് സമീപം, ഏറ്റുമാനൂർ-686631 |
| ബെൻസിലാൽ, അസിസ്റ്റന്റ് എഞ്ചീനീയർ | അസിസ്റ്റന്റ് എഞ്ചീനീയർ, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് | ലാഫ് വില്ല, മുള്ളുവിള പി.ഒ., നെയ്യാറ്റിൻകര |
| അശോകൻ റ്റി.എം, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ, എൽ.എസ്.ജി.ഡി. സെക്ഷൻ, കാഞ്ഞിരപ്പള്ളി | തൈക്കൂട്ടത്തിൽ, കലവൂർ പി.ഒ. |
| അനിതാകുമാരി എം, അസിസ്റ്റന്റ് എഞ്ചീനീയർ | അസി.എഞ്ചീനീയർ, പെരിങ്ങടവിള ഗ്രാമപഞ്ചായത്ത് | ചന്ദ്രാനിത, വെൺപകൽ പി.ഒ., നെയ്യാറ്റിൻകര |
| വിജയൻ റ്റി.ജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ, എൽ.എസ്.ജി.ഡി. സെക്ഷൻ, മാടപ്പള്ളി | തുമ്പേപ്പറമ്പ്, മാലം പി.ഒ., മണർകാട്-686019 |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.പി8/189/2012, 21.03.2012 |
| 1998-99 | എൽ.എഫ്.കെ.പി8/564/2010, 02.03.2011 |
| 1999-00, 2000-01, 2001-02 | കെഎസ്എ.കെടിഎം.പി.8-1163/15, 14.09.15 |
| 2002-03 | എൽ.എഫ്.കെ.പി.8-652/15, 15.09.15 |
| 2003-04 | എൽ.എഫ്.കെ.പി.1-1088/06, 20.03.07/16.04.07 |
| 2004-05 | എൽ.എഫ്.കെ.പി.1-616/08, 30.03.10 |
| 2005-06 | എൽ.എഫ്.കെ.പി.8-458/2011, 11.10.2011 |
| 2006-07 | എൽ.എഫ്.കെ.പി.1-234/2010, 14.05.2010 |
| 2008-09 | എൽ.എഫ്.കെ.പി.8-188/2012, 05.03.2012 |
| 2009-10 | എൽ.എഫ്.കെ.പി.8-1098/13, 02.04.2014 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി-8-1162/15, 03.10.2015 |

| | |
|---|---|
| 2011-12 | എൽ.എഫ്.കെ.പി.8-141/2015, 14.09.2015 |
| 2012-13 | എൽ.എഫ്.കെ.പി.8-210/14, 27.04.15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-18-442/2017, 19.04.17 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി18-443/17 തീയതി 26.04.2017 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി16-430/17 തീയതി 17.08.2017 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം 2016-17

നം.കെ.എസ്.എ.-കെ.ടി.എം.പി.16/1746/2017 തീയതി : 27.11.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

ഇ-മെയിൽ: **[doktm.ksad@kerala.gov.in](mailto:doktm.ksad@kerala.gov.in)**
ഫോൺ: **04812564886**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രിക ജില്ലാപഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന അഭിപ്രായം രേഖപെടുത്താൻ സാദ്ധ്യമല്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം